# കത്തോലിക്കാസഭ

The Monthly Newspaper in Malayalam from the Archdiocese of Trichur

സത്യം നിങ്ങളെ സ്വതന്ത്രരാക്കും

02 ഫെബ്രുവരി 2024

Established: 1977

പുസ്തകം 48 | ലക്കം 02
പേജ് 12 | വില: 4.25 |

www.catholicasabha.org
www.catholicasabha.org/e_paper
catholicasabha@gmail.com
fb.com/catholicasabhanews

RNI. No. 29451/1977
Registered - KL/TCR/274/2024-2026
Licence No. KL/CR/TCR/WPP-04/2024-26
Licensed to Post Without Prepayment
Date of Publication: 01.02.2024


# സ്നേഹോഷ്മളം ഹൃദയഭൂമിയിൽ

## മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ



*പുതിയ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലിന് തൃശൂർ അതിരൂപത നൽകിയ സ്വീകരണവേളയിൽ വിശ്വാസികളെ ആശീർവദിച്ചു കൊണ്ട് മാർ തട്ടിൽ ഡോളേഴ്സ് ബസിലിക്കയിലെ ബലിവേദിയിലേക്ക് വരുന്നു.*

**സ്വന്തം ലേഖകൻ**

തൃശൂർ: മേജർ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റ മാർ റാഫേൽ തട്ടിൽ പിതാവിന് സ്വന്തം ഹൃദയഭൂമിയായ തൃശൂരിൽ ലഭിച്ചത് ആവേശോജ്ജ്വല സ്വീകരണം. മാതൃരൂപതയും മാതൃഇടവകയും ചേർന്ന് തൃശൂർ ഡോളേഴ്സ് ബസിലിക്കയിലാണ് ജനുവരി 14 ഞായറാഴ്ച വൻസ്വീകരണമൊരുക്കിയത്. സിനഡുകഴിഞ്ഞ് പിറ്റേദിവസം തന്നെ മാർ തട്ടിൽ തൃശൂരിൽ എത്തിയപ്പോൾ അത്യാഹ്ലാദം അലതല്ലി. പിതാവിനെ നേരിൽക്കണ്ട് അഭിനന്ദനമറിയിക്കാൻ നിരവധി മെത്രാന്മാരും രാഷ്ട്രീയ, മത, സാംസ്കാരിക നേതാക്കന്മാരും വൻ ജനാവലിയും ബസിലിക്കയിലേക്ക് ഒഴുകിയെത്തി.

ഉച്ചകഴിഞ്ഞ് 3ന് മാർ തട്ടിലിനെ ഹൈറോഡിൽ പുഷ്പവൃഷ്ടിയോടെ സ്വീകരിച്ചു. മുത്തുക്കുടകളും ബാന്റുവാദ്യങ്ങളും സ്വീകരണത്തിനു മാറ്റുകൂട്ടി. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, മാർ പോളി കണ്ണൂക്കാടൻ, മാർ ബോസ്കോ പുത്തൂർ, മാർ ടോണി നീലങ്കാവിൽ തുടങ്ങിയവർ മേജർ ആർച്ച്ബിഷപ്പിനെ ബസിലിക്കയിലേക്ക് ആനയിച്ചു. തടിച്ചുകൂടിയ ആയിരങ്ങളുടെ ഹർഷാരവങ്ങളിൽ ബസിലിക്ക അങ്കണം മുഖരിതമായി. തുടർന്ന് മേജർ ആർച്ച്ബിഷപ്പിന്റെ മുഖ്യകാർമികത്വത്തിൽ സമൂഹ ബലി നടന്നു.

ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ച സ്വീകരണപൊതുയോഗം മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു. മന്ത്രിയും മേജർ ആർച്ച്ബിഷപ്പും കൂടി തിരിതെളിയിച്ചു. പുതിയ കാലഘട്ടത്തിനു ചേരുന്ന തരത്തിൽ സഭയെ നയിക്കാൻ കഴിവുള്ളയാളാണ് മാർ റാഫേൽ തട്ടിലെന്ന് മന്ത്രി രാജൻ പറഞ്ഞു. കാലം കാത്തുവച്ച വലിയ ഇടയനായ മാർ തട്ടിൽ മതനിരപേക്ഷമായ തൃശൂരിന്റെ അഭിമാനമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. മന്ത്രി ആർ. ബിന്ദു മുഖ്യാതിഥിയായിരുന്നു.

ചർച്ച് ഓഫ് ദ ഈസ്റ്റ് ആർച്ച് ബിഷപ് മാർ ഔഗിൻ കുര്യാക്കോസ്, മാർ ജേക്കബ് തൂങ്കുഴി, മാർ പോൾ ആലപ്പാട്ട്, മാർ പോളി കണ്ണൂക്കാടൻ, മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, മാർ ജോയ് ആലപ്പാട്ട്, മാർ ജോസ് കല്ലുവേലിൽ, ഡോ. പീറ്റർ അന്തോണിസാമി, മാർ ബോസ്കോ പുത്തൂർ, കുര്യാക്കോസ് മാർ ക്ലീമിസ്, മാർ ടോണി നീലങ്കാവിൽ, മാർ ആന്റണി ചിറയത്ത്, മാർ സ്റ്റീഫൻ ചിറപ്പണത്ത്, ഡോ. ഫ്രാങ്കോ മുളയ്ക്കൽ, ഡോ. അംബ്രോസ് പുത്തൻവീട്ടിൽ എന്നീ പിതാക്കന്മാർ സ്വീകരണ ചടങ്ങുകളിൽ സംബന്ധിച്ച് ആശംസകൾ നേർന്നു. ടി.എൻ. പ്രതാപൻ എംപി, മേയർ എം.കെ. വർഗീസ്, എംഎൽഎമാരായ പി. ബാലചന്ദ്രൻ, സനീഷ് കുമാർ ജോസഫ്, സ്വാമി നന്ദാത്മജാനന്ദ, ജനപ്രതിനിധികൾ വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ തുടങ്ങിയവർ പ്രസംഗിച്ചു.

മുഖ്യമന്ത്രിയുടെ ആശംസാസന്ദേശം ബസിലിക്ക റെക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തും ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതിയുടെ ആശംസ മാർ ബോസ്കോ പുത്തൂരും വായിച്ചു.

തട്ടിൽ പിതാവിനുള്ള അതിരൂപതയുടെ സ്നേഹോപഹാരം പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റജീന സമർപ്പിച്ചു. തങ്ങളുടെ ഇടവകാംഗം മേജർ ആർച്ച്ബിഷപ്പായതിൽ സന്തോഷിക്കുന്ന ബസിലിക്ക ഇടവക 10 ലക്ഷം രൂപ മാർ തട്ടിലിന് സമ്മാനമായി നൽകി. വികാരിജനറാൾ മോൺ. ജോസ് വല്ലൂരാൻ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. നാനാതുറകളിൽനിന്ന് നിരവധി പേർ പൊന്നാടയണിയിച്ചും പൂച്ചെണ്ടുകൾ നൽകിയും സ്നേഹാദരവുകളും ആശംസകളും അർപ്പിച്ചു.


**മാർ തട്ടിൽ സ്പെഷൽ**
**പേജ് 6, 7**


## ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്ന് സഭകൾ ഒന്നാകെ

തൃശൂർ: ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ പഠിക്കാൻ നിയുക്തമായിരുന്ന ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് പുറത്തുവിടണമെന്നും നടപ്പാക്കണമെന്നും സഭകൾക്കിടയിൽ ഒന്നാകെ ആവശ്യമുയർന്നു. കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ട് മാസങ്ങൾ പലതു കഴിഞ്ഞെങ്കിലും സർക്കാർ ഇതുവരെ അനങ്ങിയിട്ടില്ല. ഇലക്ഷൻ അടുത്തുവരുന്നതുകൊണ്ടാകാം റിപ്പോർട്ട് നടപ്പാക്കുമെന്ന് ന്യൂനപക്ഷ ക്ഷേമ വകുപ്പു മന്ത്രി മുമ്പ് പ്രസ്താവിച്ചു എന്നുമാത്രം.

തൃശൂർ അതിരൂപത പ്രതിനിധിസംഘം ഇക്കാര്യം ആവശ്യപ്പെട്ട് ന്യൂനപക്ഷ കമ്മീഷനു മുമ്പാകെ നിവേദനം നൽകിയിരുന്നു. കത്തോലിക്കാ കോൺഗ്രസ് കേരളത്തിലുടനീളം നടത്തിയ അതിജീവന യാത്രയിലെ പ്രധാന ആവശ്യവും ഇതായിരുന്നു. ജനുവരി 23-ന് ചങ്ങനാശേരിയിൽ ചേർന്ന എപ്പിസ്കോപ്പൽ സഭകളുടെ സമ്മേളനം ഇക്കാര്യം ശക്തമായി ആവശ്യപ്പെട്ടു. സമ്മേളനത്തിൽ സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ, ഓർത്തഡോക്സ്, യാക്കോബായ, സി.എസ്.ഐ., ക്നാനായ യാക്കോബായ സഭകളിൽ നിന്നുള്ള മെത്രാന്മാരും വൈദികരും അത്മായരും പങ്കെടുത്തു.

## യുദ്ധം വേണ്ട

### ഫ്രാൻസിസ് മാർപാപ്പ



വത്തിക്കാൻ സിറ്റി: എല്ലാത്തരം യുദ്ധവും മനുഷ്യവംശത്തിനെതിരായ കുറ്റമാണെന്നും യുദ്ധഭീകരത അവസാനിപ്പിക്കാൻ തയ്യാറാകണമെന്നും ഫ്രാൻസിസ് മാർപാപ്പ വീണ്ടും ആഹ്വാനം ചെയ്തു. യുദ്ധങ്ങളെല്ലാം കൊലപാതങ്ങളാണെന്നും പാപ്പാ ഓർമിപ്പിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറുന്ന യുദ്ധങ്ങൾ ഉടനടി നിർത്തണമെന്ന് പാപ്പ അസന്നിഗ്ദ്ധമായി ആവശ്യപ്പെട്ടു.

സെന്റ് പീറ്റേഴ്സ് ചത്വരത്തിലെത്തിയ തീർത്ഥാടകരോടൊപ്പം പ്രാർത്ഥന നടത്തുന്നതിനിടെയാണ് യുദ്ധത്തിനെതിരെ പാപ്പ ആഞ്ഞടിച്ചത്.

സമാധാനത്തിനുവേണ്ടി പുതുവർഷാരംഭത്തിൽ താൻ പ്രത്യേക അഭ്യർത്ഥന നടത്തി. എന്നാൽ ആയുധങ്ങൾ നരവേട്ട തുടർന്നു. യുദ്ധങ്ങൾക്ക് നേതൃത്വം നൽകുന്നവർക്ക് മാനസാന്തരം ഉണ്ടാവാൻ ഓരോരുത്തരും പ്രത്യേകം പ്രാർത്ഥിക്കണം – പാപ്പാ ആഹ്വാനം ചെയ്തു.

യുദ്ധങ്ങൾ കൊണ്ട് ഒരു പ്രശ്നവും ഇതുവരെ പരിഹരിച്ചിട്ടില്ല. എന്നാൽ അത് സാധാരണക്കാരിൽ മരണമാണ് വിതച്ചിട്ടുള്ളത്. നമ്മൾ കെട്ടിപ്പൊക്കിയ ഭൗതിക സൗകര്യങ്ങളും നഗരങ്ങളും നശിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. യുദ്ധത്തിനെതിരായ അവബോധം ആർജിക്കാൻ എല്ലാവർക്കും ഇനിയും കഴിഞ്ഞിട്ടില്ല. കലാപങ്ങൾ ഒഴിവാക്കാൻ തക്ക വിദ്യാഭ്യാസം ആർജിച്ചെടുക്കുന്നതിലൂടെ സമാധാനം ആഗ്രഹിക്കേണ്ടത് എങ്ങനെയെന്ന് ആദ്യം പഠിക്കണം. സമാധാനമാണ് ആത്യന്തികമായ യാഥാർത്ഥ്യമെന്ന് തിരിച്ചറിയാനുള്ള പുണ്യത്തിനായി നാം ശക്തമായി പ്രാർത്ഥിക്കണം – പാപ്പാ പറഞ്ഞു. ഉക്രൈൻ ജനതയോടും പലസ്തീനിലും ഇസ്രായേലിലും യുദ്ധഭീകരതയുടെ യാതന അനുഭവിക്കുന്നവരോടും ലോകമെമ്പാടും യുദ്ധത്തിനിരയാകുന്നവരോടും ചേർന്നുനിന്നാണ് പാപ്പാ യുദ്ധത്തിന് അന്ത്യം കുറിക്കാൻ ആവശ്യപ്പെട്ടത്.

## കഴിഞ്ഞവർഷം രക്തസാക്ഷികളായത് 20 മിഷനറിമാർ

വത്തിക്കാൻസിറ്റി: കഴിഞ്ഞവർഷം ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സുവിശേഷവേലയിൽ വ്യാപൃതരായിരുന്ന 20 കത്തോലിക്കാ മിഷനറിമാർ കൊല്ലപ്പെട്ടതായി പൊന്തിഫിക്കൽ വാർത്ത ഏജൻസിയായ ഫിദെസ റിപ്പോർട്ടുചെയ്തു. ഒരു ബിഷപ്പ്, എട്ട് വൈദികർ, രണ്ടു സന്യസ്തർ, ഒരു സെമിനാരി വിദ്യാർഥി, ഒരു നോവിസ്, ഏഴ് അല്മായർ എന്നിവരാണ് കൊല്ലപ്പെട്ട മിഷനറിമാരുടെ പട്ടികയിലുള്ളത്. കൊല്ലപ്പെട്ടവരിൽ രണ്ട് അമേരിക്കൻ വൈദികരും ലോസ്ആഞ്ചൽസ് സഹായമെത്രാൻ ഡേവിഡ് ഒ കേണലും ഉൾപ്പെടുന്നു.

## ഡോ. അംബ്രോസ് പുത്തൻവീട്ടിൽ അഭിഷിക്തനായി



കൊടുങ്ങല്ലൂർ: കോട്ടപ്പുറം ലത്തീൻ രൂപതയുടെ മൂന്നാമത് ബിഷപ്പായി ഡോ. അംബ്രോസ് പുത്തൻവീട്ടിൽ അഭിഷിക്തനായി. പുതിയ ഇടയന്റെ സ്ഥാനാരോഹണത്തിൽ പങ്കെടുക്കാൻ വിശ്വാസി സഹസ്രങ്ങൾ എത്തി.

രൂപതയുടെ ഭദ്രാസന ദൈവാലയമായ സെന്റ് മൈക്കിൾസ് കത്തീഡ്രലിൽ വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മെത്രാഭിഷേകത്തിന് മുഖ്യകാർമികനായി. വരാപ്പുഴ ആർച്ച് ബിഷപ്പ് എമരിറ്റസ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ, കോട്ടപ്പുറം ബിഷപ്പ് എമരിറ്റസ് ഡോ. ജോസഫ് കാരിക്കശ്ശേരി എന്നിവർ സഹകാർമികരായി. കോഴിക്കോട് ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കൽ വചനപ്രഘോഷണം നടത്തി. കോട്ടപ്പുറം രൂപതാ അഡ്മിനിസ്ട്രേറ്റർ ബിഷപ് അലക്സ് വടക്കുംതല സ്വാഗതം ആശംസിച്ചു. തുടർന്ന് ബിഷപ് അംബ്രോസിന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി അർപ്പിച്ചു.

37 വർഷം പിന്നിടുന്ന കോട്ടപ്പുറം രൂപതയുടെ രണ്ടാമത്തെ ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി സ്ഥാനം ഒഴിഞ്ഞതിനെ തുടർന്നാണ് ഡോ. അംബ്രോസ് പുത്തൻവീട്ടിലിന്റെ നിയമനം. പള്ളിപ്പുറം ഇടവകാംഗമാണ് 57 കാരനായ ബിഷപ്പ് അംബ്രോസ്.

വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ്പ് ഡോ. ലിയോ പോൾദോ ജിറെല്ലി, സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തി. എട്ട് ആർച്ച് ബിഷപ്പുമാരടക്കം 23 ബിഷപ്പുമാരും 120-ഓളം വൈദികരും അഭിഷേക ചടങ്ങിനെത്തി. സിബിസിഐ പ്രസിഡന്റ് മാർ ആൻഡ്രൂസ് താഴത്ത്, മാർ ബോസ്കോ പുത്തൂർ, മാർ പോളി കണ്ണൂക്കാടൻ, മാർ ടോണി നീലങ്കാവിൽ എന്നിവരടക്കം നിരവധി മെത്രാന്മാർ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു.










## അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

## സാഹിത്യ അക്കാദമിയിൽ തൊഴിൽ അവസരങ്ങൾ

ഡൽഹിയിലെ സാഹിത്യ അക്കാദമിയിൽ (നാഷണൽ അക്കാദമി ഓഫ് ലെറ്റേഴ്സ്) വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 10 ഒഴിവുണ്ട്. ഡൽഹിയിലെ കേന്ദ്ര ഓഫീസിലും മുംബൈ, ബെംഗളൂരു എന്നിവിടങ്ങളിലെ റീജണൽ ഓഫീസുകളിലുമാണ് ഒഴിവ്. കൂടുതൽ വിവരങ്ങൾക്ക്: https://sahityaakademi.gov.in/ അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി: ഫെബ്രുവരി 4.

## അഗ്നിവീർ രജിസ്ട്രേഷൻ

ഇന്ത്യൻ വ്യോമസേനയുടെ അഗ്നിവീർ വായു റിക്രൂട്ട്മെന്റിന് ജനുവരി 17–ന് ആരംഭിച്ച രജിസ്ട്രേഷൻ ഫെബ്രുവരി ആറിന് അവസാനിക്കും. മാർച്ച് 17–നായിരിക്കും പരീക്ഷ നടക്കുക. താൽപര്യമുള്ള യോഗ്യരായ വ്യക്തികൾക്ക് വ്യോമസേനയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. 550 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തുടക്കത്തിൽ 21,000 രൂപ ശമ്പളവും മറ്റ് വാർഷിക ആനുകൂല്യങ്ങളും ലഭിക്കും. നാലു വർഷത്തെ സേവനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന കേഡറ്റുകൾ 10.04 ലക്ഷം രൂപയുടെ 'സേവ നിധി' പാക്കേജിന് അർഹരാണ്.2024–ലെ റിക്രൂട്ട്മെന്റിന് അപേക്ഷ നൽകുന്ന ഉദ്യോഗാർത്ഥികൾ 2004 ജനുവരി രണ്ടിനും 2007 ജൂലൈ രണ്ടിനും ഇടയിൽ ജനിച്ചവരായിരിക്കണം. ആദ്യ ഘട്ട തിരഞ്ഞെടുപ്പ് പ്രക്രിയകൾ പൂർത്തീകരിച്ച ഉദ്യോഗാർത്ഥികൾക്ക് എൻറോൾമെന്റ് സമയത്ത് 21 വയസ്സ് പൂർത്തിയാകരുത്. വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളും മാർക്കുമായി ഉദ്യോഗാർത്ഥികൾ ഇൻർമീഡിയേറ്റ്/ പത്താം ക്ലാസ്സ് / പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷയോ വിജയിച്ചിരിക്കണം. അവിവാഹിരതായ വനിതകൾക്കും പുരുഷൻമാർക്കും അഗ്നിവീർ വായുവിന് അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഫെബ്രുവരി 6.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക
തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

## ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന ആത്മീയ സായാഹ്നം ഫെബ്രുവരി 10 ശനിയാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടക്കുന്നതാണ്.

**LOAF COUPLES RETREAT**

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം 2024 ഫെബ്രുവരി 2, 3, 4 തിയ്യതികളിലായി നെടുപുഴ ജോർദ്ദാനിയ ധ്യാന കേന്ദ്രത്തിൽ വച്ച് നടക്കുന്നു. ഫെബ്രുവരി 2ന് വൈകീട്ട് 6.00 മുതൽ ഫെബ്രുവരി 4ന് വൈകീട്ട് 5.00 വരെയാണ് ധ്യാനം. വിശദവിവരങ്ങൾക്ക് : 8921049153, 9446996285, 9895924182.

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ഫെബ്രുവരി മാസത്തെ വിവാഹ ഒരുക്ക ധ്യാനം:** ഫെബ്രുവരി 7, 8, 9 – 21, 22, 23 തീയതികളിൽ. നേരിട്ടോ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. trichurfamilyapostolate.org, 0487 2336066.

**മരിയൻ കൗൺസിലിംഗ് സെന്റർ**

ദമ്പതികൾക്കായുള്ള കൗൺസിലിംഗ് ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ – 0487 2336066.

**ഫൊറോന ആനിമേറ്റേഴ്സ് യോഗം**

ഫൊറോനകളിലെ കുടുംബ കൂട്ടായ്മ ആനിമേറ്റേഴ്സ് വൈദികരുടെയും ഫൊറോന കൺവീനർമാരുടെയും അതിരൂപത ഭാരവാഹികളുടെയും സംയുക്ത യോഗം മാർച്ച് 4ന് രാവിലെ 11.00 ന് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു.

**ഫൊറോന സന്ദർശനം**

അതിരൂപത കുടുംബ കൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ഫൊറോന സന്ദർശനം നടന്നിട്ടില്ലെങ്കിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് നടത്തേണ്ടത്. സന്ദർശനം നടത്തുന്ന തിയ്യതിയും സ്ഥലവും ഭാരവാഹികൾ ജനറൽ സെക്രട്ടറിയെ അറിയിക്കുമല്ലോ. പ്രസ്തുത യോഗത്തിൽ അതാത് ഫോറോന വികാരിമാർ, ആനിമേറ്റർ വൈദികർ, ഇടവക കൺവീനർമാർ, ഫൊറോന ഭാരവാഹികൾ തുടങ്ങിയവരാണ് സംബന്ധിക്കേണ്ടത്.

**പാലയൂർ ജാഗരണ പദയാത്ര**

മാർച്ച് 17ന് നടക്കുന്ന അതിരൂപത പാലയൂർ തീർത്ഥാടന പദയാത്രയിലും ഇതിനു മുന്നോടിയായി കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ പുത്തൻപള്ളിയിൽ നിന്ന് മാർച്ച് ഒന്നിന് വൈകീട്ട് 9 ന് ആരംഭിക്കുന്ന ജാഗരണ പദയാത്രയിലും ഇടവകകളിൽ നിന്നുള്ള കുടുംബകൂട്ടായ്മ ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കുമല്ലോ.

**അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി**

അതിരൂപത കുടുംബ കൂട്ടായ്മയുടെ ജനറൽബോഡി യോഗം മാർച്ച് 9ന് ഉച്ചകഴിഞ്ഞ് 3.00ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ. 16 ഫൊറോനകളിലെ കേന്ദ്രസമിതി എക്സിക്യൂട്ടീവ് അംഗങ്ങളും (തിരഞ്ഞെടുക്കപ്പെട്ട 7 പ്രതിനിധികളും നാമനിർദ്ദേശം ചെയ്ത 2 പ്രതിനിധികളും), അതിരൂപത ജനറൽബോഡിയിലേക്ക് അഭിവന്ദ്യ പിതാവ് നാമനിർദ്ദേശം ചെയ്ത 15 അംഗങ്ങളും എല്ലാ ഇടവക കൺവീനർമാരാണ് പങ്കെടുക്കേണ്ടത്.

## മാതൃവേദി

**നേതൃത്വ പരിശീലന പ്രോഗ്രാം**

മാതൃവേദിയുടെയും അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെയും നേതൃത്വത്തിൽ അമ്മമാർ സഭയിലും സമൂഹത്തിലും നേതൃത്വ നിരയിലേക്ക് വളരുക എന്ന ലക്ഷ്യത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന നേതൃത്വ പരിശീലന പ്രോഗ്രമിന്റെ ആദ്യ സെമിനാർ ഫെബ്രുവരി 13–ാം തിയ്യതി ചൊവ്വാഴ്ച്ച 10.00 മുതൽ 1.00 വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ നടക്കും. ഈ നേതൃത്വ പരിശീലന പ്രോഗ്രമിലേക്ക് താൽപര്യമുള്ള അമ്മമാരെയും ക്ഷണിക്കുന്നു. ഫോൺ: 8921638080

**ഫൊറോന ആനിമേറ്റേഴ്സ് യോഗം** മാർച്ച് 5 ചൊവ്വ 11.00 am

16 ഫൊറോനകളിലെ മാതൃവേദി ആനിമേറ്റേഴ്സ് അച്ചന്മാരുടെയും ഫൊറോന ഭാരവാഹികളുടെയും അതിരൂപത ഭാരവാഹികളുടെയും സംയുക്ത യോഗം മാർച്ച് 5ന് രാവിലെ 11 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു.


ആന്തരിക സൗഖ്യധ്യാനം
ഫെബ്രുവരി 09 – 11, മാർച്ച് 08 – 10
നയിക്കുന്നത് : ഫാ.ടോമി പുളിന്താനം MSFS
ആത്മജ്യോതി ധ്യാനകേന്ദ്രം
പട്ടിക്കാട് പി.ഒ., തൃശൂർ
9447290177, 9037549722, 04872282134

തൃശൂർ ടൗൺ
പുതിയ വീട് (44L)
ഇൻസ്റ്റിറ്റ്യൂട്ട് (8L)
വിൽപ്പനയ്ക്ക്
7356911011
8921389997

ഉപകാരസ്മരണ





സിസിലി പൊറിഞ്ചു, വല്ലച്ചിറ

വധുവിനെ ആവശ്യമുണ്ട്
49 വയസ്, RC യുവാവ്
പുനർവിവാഹം
ബാധ്യതയുള്ളതും
സ്വീകാര്യം
7907392026
8281752436

വധുവിനെ ആവശ്യമുണ്ട്
30 വയസ്,
RC യുവാവ്
ഗവൺമെന്റ് ജോലി
9605986653
8848951571

നിറം പകരൂ നിങ്ങളുടെ
വൈവാഹിക സ്വപ്നങ്ങൾക്ക്!
എല്ലാ മേഖലയിൽ ഉള്ളവർക്കും അനുയോജ്യമായ
പങ്കാളിയെ കുറഞ്ഞ ചെലവിൽ കണ്ടെത്താൻ
പ്രോ – ലൈഫ് മാട്രിമോണി അവസരമൊരുക്കുന്നു
♥ സ്ത്രീകൾക്ക് തികച്ചും സൗജന്യം ♥ പുരുഷന്മാർക്ക് 500 രൂപ മാത്രം
♥ എല്ലാവിധ ആധുനിക സംവിധാനങ്ങളോടും കൂടിയ മാട്രിമോണിയൽ സർവീസ് ♥ സഹായത്തിന് കസ്റ്റമർ കെയർ എക്സിക്യൂട്ടീവുകൾ
♥ വിധവകൾ, വിഭാര്യർ, വിവാഹ മോചിതർ, അംഗപരിമിതർ എന്നിവർക്കായി പ്രത്യേക വിഭാഗം ♥ പ്രോലൈഫ് മാരിയിൽ നിന്ന് പങ്കാളിയെ കണ്ടെത്തുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികൾക്ക് സാമ്പത്തിക സഹായം
CALL NOW
● 85909 90889
● 623 544 5544
Download Mobile App: tinyurl.com/prolifemarry
KCBC മലബാർ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വൈദികരുടെ മേൽനോട്ടത്തിലുള്ള ക്രിസ്ത്യൻ മാട്രിമോണിയൽ സർവീസ്
ProLifeMarry.com
A venture of KCBC Malabar Prolife
www.ProlifeMarry.com

SANJO TOURS & TRAVELS
THRISSUR PH: 9947692793
(ഫാമിലി ട്രിപ്പ്)
വേളാങ്കണ്ണി തീർത്ഥയാത്ര
എല്ലാ വെള്ളിയാഴ്ചകളിലും, ശനിയാഴ്ചകളിലും
വൈകീട്ട് 7 മണിക്ക് പുറപ്പെടുന്നു. താമസം, ഭക്ഷണം ഉൾപ്പെടെ
വേളാങ്കണ്ണിബസിലിക്കയുടെ അംഗീകൃത തീർത്ഥയാത്ര
NON A/C, A/C, VOLVO


| | | |
|---|---|---|
| ഏപ്രിൽ 05–07 | വയനാട് | (3 ദിവസം) |
| ഏപ്രിൽ 13 – 14 | മറയൂർ, കാന്തല്ലൂർ, മൂന്നാർ | (2 ദിവസം) |
| ഏപ്രിൽ 16–18 | കന്യാകുമാരി, കാറ്റാടിമല, തിരുവനന്തപുരം | (2 ദിവസം) |
| മെയ് 10–13 | ബാംഗ്ലൂർ | (2 ദിവസം) |
| മെയ 21 – 22 | കൊടൈക്കനാൽ | (2 ദിവസം) |




God Bless You
ആലപ്പുഴ കൃപാസനം യാത്ര, എല്ലാ, മാസവും രണ്ടാമത്തെ ബുധനാഴ്ച പുറപ്പെടുന്നു.
Baiju Kodiyan
9947692793, 9349867949
Office : Church Road, Ponnukkara
പള്ളികൾ സംഘടനകൾ എന്നിവയ്ക്ക്, ഏറ്റവും കുറഞ്ഞ നിരക്കിൽ വേളാങ്കണ്ണി പാക്കേജ് ചെയ്തു കൊടുക്കുന്നു.
പുത്തൂർ, പൊന്നുക്കര, കല്ലൂർ, ആമ്പല്ലൂർ, ഒല്ലൂർ, കുരിയച്ചിറ, തൃശൂർ, മണ്ണുത്തി, പട്ടിക്കാട് മുണ്ടൂർ, കൊട്ടേക്കാട്, കുറ്റൂർ എന്നിവടങ്ങളിൽ വാഹന സൗകര്യം ഉണ്ടായിരിക്കും.

മലേഷ്യ ടൂർ
04 ദിവസത്തെ യാത്ര 19 ഏപ്രിൽ, 24 മെയ്, കൊച്ചി എയർപോർട്ടിൽ നിന്നും പുറപ്പെടുന്നു.
ഫുക്കറ്റ് & ക്രാബി
05 ദിവസത്തെ യാത്ര മെയ് 21ന് കൊച്ചി എയർപോർട്ടിൽ നിന്നും പുറപ്പെടുന്നു.
ശ്രീലങ്ക ടൂർ
05 ദിവസത്തെ യാത്ര മെയ് 03ന് കൊച്ചി എയർപോർട്ടിൽ നിന്നും പുറപ്പെടുന്നു.
യൂറോപ്പ് ടൂർ: 13 ദിവസത്തെ യാത്ര ഏപ്രിൽ 28ന് കൊച്ചി എയർപോർട്ടിൽ നിന്നും പുറപ്പെടുന്നു
വിമാന ടിക്കറ്റ്, താമസം, ഭക്ഷണം, എൻട്രി ടിക്കറ്റ്, മലയാളി ടൂർ മാനേജർ.
alhind TOURS & TRAVELS PVT.LTD.
9496005933
9446001268
Pottackal Thanakam Tower, East Fort - THRISSUR

പെരിഞ്ചേരീസ്
ടൂർസ് & ട്രാവൽസ്





വേളാങ്കണ്ണി തീർത്ഥയാത്ര
വെള്ളി, ശനി ദിവസങ്ങളിൽ വൈകീട്ട് പുറപ്പെടുന്നു.
(4 പേർക്ക് ഡബിൾ റൂം 4 നേരം ഭക്ഷണം)
സീറ്റൊന്നിന് Non A/c -1500 | A/c -1750 | Volvo-2100 | Volvo multi axle - 2400 |
സീറ്റ് നമ്പർ വേണ്ടവർക്ക് 100/ രൂപ റിസർവേഷൻ ചാർജ് ഈടാക്കുന്നതാണ്
മദ്യപിച്ച് യാത്ര ചെയ്യാൻ അനുവദിക്കുന്നതല്ല.
Opp. ഹോളി ഫാമിലി ഹോസ്പിറ്റൽ United Weigh Bridge, ഒല്ലൂർ
PH: 7025945050, 9387112126, 9400947111, 9400948111

റോയൽ ട്രാവൽസ്
വെള്ളി, ശനി ദിവസങ്ങളിൽ വൈകീട്ട് 6 മണിക്ക് വരന്തരപ്പിള്ളിയിൽനിന്നും പുറപ്പെട്ട് മണ്ണംപേട്ട, ആമ്പല്ലൂർ, ഒല്ലൂർ, തൃശൂർ, പാലക്കാട് വഴി വേളാങ്കണ്ണിയിലേക്ക് പുറപ്പെടുന്നു. 4നേരം ഭക്ഷണം, 4 പേർക്ക് ഒരു ഡബിൾ ബെഡ് റൂം, 4 സീറ്റ് ബുക്ക് ചെയ്യുന്നവർക്ക് 1 സീറ്റ് സൗജന്യം
Non A/c -1500 | A/c -1750 | Volvo-2100 | Volvo multi axle - 2400 |
Cont. No: 9645284444, 9645284333

SEA STAR TRAVELS, Ollur
വേളാങ്കണ്ണി തീർത്ഥയാത്ര
വെള്ളി, ശനി ദിവസങ്ങളിൽ വൈകീട്ട് പുറപ്പെടുന്നു.
(4 പേർക്ക് ഡബിൾ റൂം 3 നേരം ഭക്ഷണം)
സീറ്റൊന്നിന് Non A/c -1350 | A/c -1600 | Volvo-2000 | Volvo multi axle - 2300 |
സീറ്റ് നമ്പർ വേണ്ടവർക്ക് 100/ രൂപ റിസർവേഷൻ ചാർജ് ഈടാക്കുന്നതാണ്
Cont. No: 8891089122, 8891109122, 9645284242

സാന്തോം 4U
വേളാങ്കണ്ണി തീർത്ഥയാത്ര
വെള്ളി , ശനി രാത്രി 7 മണിക്ക് പുറപ്പെടുന്നു. ഞായർ, തിങ്കൾ രാവിലെ തിരിച്ചെത്തുന്നു.
Non A/c 1600/-, A/c 1800/-, Volvo 2200/-, Volvo Multi Axle 2400/-
കൂനമ്മുച്ചി പള്ളിയങ്കണത്തിൽ നിന്ന് പുറപ്പെടുന്നു. ചൂണ്ടൽ, കേച്ചേരി, മുണ്ടൂർ, അയ്യന്തോൾ, ഒളരി, ചേറ്റുപുഴ, അരണാട്ടുക്കര വഴി വേളാങ്കണ്ണി യാത്ര


| | |
|---|---|
| ഏപ്രിൽ 11,18, മാർച്ച് 02,16,19 – ഗോവ (Train) | Rs. 7000 |
| മാർച്ച് 8, മാർച്ച് 27 – വേളാങ്കണ്ണി (Train) | Rs. 2200 |
| ഏപ്രിൽ 12 – മൈസൂർ, കൂർഗ് (Ac Bus) | Rs. 7000 |
| മാർച്ച് 31, മെയ് 19 – ഡൽഹി, ആഗ്ര, ജയ്പൂർ (Flight/Train) | Rs.23000 |
| മെയ് 24 – ബാഗ്ലൂർ യാത്ര (Flight/Train) | Rs. 7000 |
| എല്ലാ ദിവസവും വേളാങ്കണ്ണിയിലേക്ക് ട്രെയിൻ യാത്ര 3 രാത്രിയും, 2 പകലും | Rs.2200 |


വേളാങ്കണ്ണി യാത്ര പാക്കേജ് Rs. 66000 -72000 - 90000
മൈസൂർ യാത്ര പാക്കേജ് Non A/c Rs. 170000 A/c Rs. 190000
മൈസൂർ, കൂർഗ് പാക്കേജ് Non AC Rs. 225000 AC Rs. 240000
മൈസൂർ പാക്കേജ് Train Rs. 225000 (4 Night, 3 Day)
N.B: ഗോവ – 2024 നവംബർ 21 മുതൽ ജനുവരി 5വരെ വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ ഭൗതിക ശരീരം സന്ദർശിക്കാൻ സുവർണ്ണാവസരം 1000/– രൂപ നൽകി സീറ്റുകൾ ഉടനെ ബുക്ക് ചെയ്ത് ഉറപ്പ് വരുത്തുക
സാബു തട്ടിൽ വട്ടക്കണ്ണാടി : 9895077594; 9400245781
ഷാജു ചിറയത്ത് : 9387155747 സജി ജോസ് : 7907527477
ഔസേപ്പ് എൻ. സി: 9895720356 E-mail: sabutjacob@gmail.com
പള്ളികൾക്ക്വേണ്ടി പ്രത്യേക ടൂർ പാക്കേജുകൾ ചെയ്തു കൊടുക്കുന്നു.
LALOOR CENTRE SHOPING COMPLEX, P.O. ELTHURUTH
santhom aranattukara

CELEBRATING 25 YEARS TRUST
മിനർവ അക്കാദമി, തൃശ്ശൂർ
9995373833, 9895841933
AN ISO 9001 : 2015 CERTIFIED INSTITUTION
കേന്ദ്ര ഗവ. അംഗീകൃതം
NSDTC Certified
Autonomous body Recoganized by Government of India.

+2 പാസായ (SCIENCE, HUMANITIES, COMMERCE) എല്ലാ വിദ്യാർത്ഥികൾക്കും PSC/U.G.C അംഗീകാരമുള്ള പാരാമെഡിക്കൽ കോഴ്സുകൾ

3 YEAR DEGREE COURSES
ELIGIBILITY : +2 (SCIENCE, HUMANITIES, COMMERCE)
« മെഡിക്കൽ ലാബ് ടെക്നോളജി
« ഓപ്പറേഷൻ തീയേറ്റർ ടെക്നോളജി
« കാർഡിയാക് കെയർ ടെക്നോളജി
« ഡയാലിസിസ് ടെക്നോളജി
« ഹോസ്പിറ്റൽ STERILIZATION (CSSD)
« RADIOLOGY ടെക്നോളജി
« OPTOMETRY ടെക്നോളജി

2 YEAR DIPLOMA COURSES
ELIGIBILITY : SSLC & ABOVE
« മെഡിക്കൽ ലാബ് ടെക്നീഷ്യൻ + ECG
« ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യൻ
« ഡയാലിസിസ് ടെക്നീഷ്യൻ
« ഹോസ്പിറ്റൽ STERILIZATION (CSSD)
« OT+ANESTHESIA Tech.
« നഴ്സിംഗ് ASSISTANT
« ഫാർമസി ASSISTANT
« X-RAY ടെക്നീഷ്യൻ
« ANESTHESIA ടെക്നീഷ്യൻ
« OPTOMETRY ടെക്നീഷ്യൻ
« RADIOLOGY ടെക്നീഷ്യൻ

JOB ORIENTED COURSES
ELIGIBILITY : SSLC & ABOVE
« OIL & GAS ഇൻസ്ട്രുമെന്റേഷൻ
« ഫാഷൻ ഡിസൈനിങ്
« മോണ്ടിസോറി പ്രീ പ്രൈമറി TTC
« ഫയർ & സേഫ്റ്റി
« ഹോട്ടൽ മാനേജ്മെന്റ്
« ഇന്റീരിയർ & ആർക്കിടെക്ചർ ഡിസൈനിങ്

"HI" On +91 7356423517
FOR MORE COURSE DETAILS

പാരാമെഡിക്കൽ കോഴ്സുകൾ എന്തുകൊണ്ട് മിനർവയിൽ പഠിക്കണം?
പഠിച്ചാൽ ജോലി ഉറപ്പ്*
○ PSC / UGC അംഗീകാരം.
○ UK ഇന്റർനാഷണൽ Accreditation- കരസ്ഥമാക്കിയ തൃശ്ശൂരിലെ ആദ്യ സ്ഥാപനം.
○ ISO സർട്ടിഫൈഡ് ഇൻസ്റ്റിറ്റ്യൂട്ട്.
○ കേന്ദ്ര ഗവ.അംഗീകൃത NSDTC സർട്ടിഫിക്കേഷൻ.
○ പഠിച്ചിറങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കും മിനർവയുടെ പ്ലേസ്മെന്റ് സെൽ വഴി 100% ജോലി സാധ്യത.
○ Certificate Embassy Attestation Possible
○ മികച്ച അദ്ധ്യാപകർ ○ കുറഞ്ഞ ഫീസ്.
○ ഫീസ് തവണ വ്യവസ്ഥയിൽ അടക്കാൻ സൗകര്യം.
○ ബാങ്ക് ലോൺ ഫെസിലിറ്റി.
○ എല്ലാ കോഴ്സുകളിലും സൗജന്യമായി സ്പോക്കൺ ഇംഗ്ലീഷ്, പേഴ്സണാലിറ്റി ഡവലപ്മെന്റ്, കമ്പ്യൂട്ടർ ക്ലാസ്സ് നൽകുന്നു.
○ എല്ലാ കോഴ്സുകളും ഓഫ്ലൈൻ /ഓൺലൈൻ/ ഡിസ്റ്റൻസ് ആയി പഠിക്കാൻ സൗകര്യം.
○ എല്ലാ വിദ്യാർത്ഥികൾക്കും 50% വരെ സ്കോളർഷിപ്പ്.
○ പാരാമെഡിക്കൽ കോഴ്സുകൾക്ക് Multi Speciality/ NABH / JCI Accredited ഹോസ്പിറ്റലിൽ പഠനത്തോടൊപ്പം പരിശീലനം.
○ കൂടാതെ ഈ ഹോസ്പിറ്റലിൽ നിന്ന് ട്രെയിനിംഗ്/ഇന്റേൺഷിപ്/എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നു.
*Condition Apply

HOSPITAL MANAGEMENT
MBA | PG DIPLOMA
ELIGIBILITY : DEGREE & ANY STREAM
UK, CANADA AUSTRALIA





HOME CARE, SENIOR CARE CAREGIVER ജോലി ലഭിക്കാൻ പഠിക്കൂ.
GENERAL DUTY ASSISTANT (NURSING ASSISTANT)

കേരളത്തിലെ പ്രമുഖ ഹോസ്പിറ്റലുകൾ
Aster Medcity | Apollo | Rajagiri Hospital | GEM HOSPITAL & RESEARCH CENTRE | KIMSHEALTH | Renai Medicity

STAFF WANTED
Central Coordinator, Student Counselor Office Staff, Hotel Management, Tutor ( MIt, X Ray, Pharmacy, OT, Dialysis )
CONTACT 9846543722



തൃശൂർ അതിരൂപതയും പൗരാവലിയും സംയുക്തമായി സംഘടിപ്പിച്ച 'ബോൺനതാലെ 2023' ഘോഷയാത്രയിൽ നിന്ന്. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, സിറിൽ മാർ ബസേലിയൂസ് മെത്രാപ്പോലീത്ത, മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്ത, മേയർ എം.കെ.വർഗീസ്, ടി.എൻ.പ്രതാപൻ എം.പി., ജോസ് വള്ളൂർ, രാജൻ പല്ലൻ, ഷാജി കോടങ്കണ്ടത്ത്, ജോർജ്ജ് ചിറമ്മൽ, എ.എ.ആന്റണി, സനീഷ് കുമാർ ജോസഫ് എം.എൽ.എ., വി.എസ്.സുനിൽകുമാർ, എം.പി.വിൻസന്റ്, ജോജു മഞ്ഞില, എം.പി. പോളി തുടങ്ങിയവർ മുൻനിരയിൽ

## ദൈവശബ്ദം

### നിർധന യുവതികൾക്ക് വിവാഹസഹായം

തൃശൂർ: ശക്തൻ തമ്പുരാൻ നഗർ മാർക്കറ്റിലെ പ്രയർ ഗ്രൂപ്പായ മീറ്റ് ജീസസ് പ്രയർ ടീം (ദൈവശബ്ദം) ജാതി–മത ഭേദമെന്യേ നിർധന യുവതികൾക്ക് വിവാഹ സഹായം നൽകുന്നു.

നിബന്ധനകൾ 20 വയസ്സിനു മുകളിൽ പ്രായമുള്ളവർ ആയിരിക്കണം. മീറ്റ് ജീസസ് പ്രയർ ടീം ലീഡർ മുമ്പാകെയാണ് അപേക്ഷ എഴുതേണ്ടത്. ഇടവക വികാരിയുടെയും കുടുംബ സമ്മേളന പ്രസിഡന്റിന്റെയും ഒപ്പോടു കൂടി കൈകൊണ്ട് എഴുതിയാണ് അപേക്ഷ നൽകേണ്ടത്.

മെയ് 26 ന് നടത്തുന്ന വിവാഹമായിരിക്കണം.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി – 18–02–2024

കൂടുതൽ വിവരങ്ങൾക്ക് : **9287528951, 9846848822**

# സ്നേഹത്തണലൊരുക്കി 'സാന്തോം വില്ലേജ്'

വൈലത്തൂർ: മാർ തോമാശ്ലീഹായുടെ 1950–ാം രക്തസാക്ഷിത്വ വാർഷികത്തിന്റെ സ്മാരകമായി 10 വീടുകൾ അടങ്ങുന്ന സാന്തോം വില്ലേജ് വൈലത്തൂരിൽ ഉദ്ഘാടനം ചെയ്തു. എഫ്.സി.സി. സിസ്റ്റേഴ്സിന്റെ തൃശൂർ അസീസി പ്രൊവിൻസ് നൽകിയ സ്ഥലത്ത് തൃശൂർ അതിരൂപത സാമൂഹ്യക്ഷേമ വിഭാഗമായ സാന്ത്വനത്തിന്റെ നേതൃത്വത്തിലാണ് ഭവനങ്ങൾ നിർമിച്ചത്.

അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഭവനങ്ങളുടെ ആശീർവാദം നിർവഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം അദ്ദേഹം ഉദ്ഘാടനം ചെയ്തു. ജാതിമതഭേദമെന്യേ വീടും സ്ഥലവുമില്ലാത്ത 10 കുടുംബങ്ങൾക്ക് സ്ഥലത്തിന്റെ രേഖകളും അതിൽ 9 കുടുംബങ്ങൾക്ക് ഭവനത്തിന്റെ താക്കോലും



വൈലത്തൂരിലെ 'സാന്തോം വില്ലേജ് ' ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ആശീർവദിക്കുന്നു

ടി.എൻ. പ്രതാപൻ എംപി, തൃശൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് എന്നിവർ യഥാക്രമം കൈമാറി. സമ്മേളനത്തിൽ വടക്കേകാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നബീൽ എൻഎംകെ മുഖ്യാതിഥിയായിരുന്നു.

സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, അസോ.ഡയറക്ടർ റവ.ഡോ. ജോസ് വട്ടക്കുഴി, അസി.ഡയറക്ടർ ഫാ. ഡിക്സൺ കൊളമ്പ്രത്ത്, വൈലത്തൂർ വികാരി ഫാ. വർഗീസ് പാലത്തിങ്കൽ, വടക്കേകാട് ഗ്രാമപഞ്ചായത്ത് മെമ്പർ പ്രീതി ബാബു, അസ്സീസ്സി പ്രൊവിൻസ് പ്രൊവിൻഷ്യൽ കൗൺസിലർ സിസ്റ്റർ ഫോൺസി മരിയ, സി.എസ്.സി. മരിയ പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ വെണ്മ, വൈലത്തൂർ കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ ലിൻസി ജോസ് എന്നിവർ ആശംസകളർപ്പിച്ചു. സാന്ത്വനം ഗവേർണിങ് ബോഡി അംഗങ്ങളായ എ.എ. ആന്റണി, പി.ജെ. ജോണി, റോണി അഗസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

# പീസ് ഹോമിൽ തിരുശേഷിപ്പ് പ്രതിഷ്ഠ

പെരിങ്ങണ്ടൂർ: ക്രിസ്തുമസ് സമ്മാനമായി പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ പീസ് ഹോമിന് നൽകിയ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ തിരുശേഷിപ്പിന്റെ പ്രതിഷ്ഠ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. തുടർന്ന് തിരുശേഷിപ്പിന്റെ സർട്ടിഫിക്കറ്റ് ഡയറക്ടർ ഫാ. ജോൺസൺ ചാലിശേരിക്ക് കൈമാറി. ഫാ. അലക്സ് മരോട്ടിക്കൽ. ഫാ. ജോൺസൺ അന്തിക്കാട്ട്, ഫാ. ജോബി കടപ്പുരാൻ. ഫാ ജോൺപോൾ ചെമ്മണ്ണൂർ, ഫാ. സീജൻ ചക്കാലക്കൽ, ഫാ. ട്രെജിൻ തട്ടിൽ എന്നിവർ സഹകാർമികമായി നിർമലദാസി മദർ ജനറൽ സിസ്റ്റർ എൽസി ഇല്ലിക്കൽ, വടക്കാഞ്ചേരി നഗരസഭാ ചെയർമാൻ കെ.എൽ. സുരേന്ദ്രൻ എന്നിവർ സന്നിഹിതരായിരുന്നു.

1986–ലെ തൃശൂരിലെ പാപ്പാവേദിയുടെ മോഡലിലുള്ള പീഠത്തിലാണ് തിരുശേഷിപ്പ് പ്രതിഷ്ഠിച്ചത്. അതിരൂപതയിൽ വിശുദ്ധന്റെ തിരുശേഷിപ്പുള്ള ഏകസ്ഥാപനമാണ് പീസ് ഹോം. സുപ്പീരിയർ സിസ്റ്റർ ആലീസ് പഴേവീട്ടിൽ, സിസ്റ്റർ എൽസമ്മ, സിസ്റ്റർ ജാൻസി എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. ബെത്‌ലഹേം '23 എന്ന പേരിൽ ക്രിസ്തുമസ് ആഘോഷപരിപാടികളും നടന്നു.



പെരിങ്ങണ്ടൂർ പീസ്ഹോമിൽ തിരുശേഷിപ്പു പ്രതിഷ്ഠയ്ക്ക് മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമികത്വം വഹിക്കുന്നു

## സഹൃദയവേദി അവാർഡിന് ശിപാർശകൾ ക്ഷണിച്ചു

തൃശൂർ: സഹൃദയവേദി ഈ വർഷം നല്കുന്ന "മേനാച്ചേരി എരിഞ്ഞേരി തോമ മീഡിയ അവാർഡി"ന് ശിപാർശകൾ ക്ഷണിച്ചു. പ്രമുഖ ദൃശ്യ–മാധ്യമ ചാനലുകളിൽ പ്രവർത്തിക്കുന്നവർക്കാണ് ഇക്കൊല്ലം ഈ അവാർഡ് നല്കുക. 11111 രൂപയും ഫലകവും പ്രശസ്തിപത്രവുമടങ്ങുന്നതാണ് അവാർഡ്. ഫെബ്രുവരി അവസാനത്തിൽ നടക്കുന്ന പ്രത്യേക സമ്മേളനത്തിൽവെച്ച് അവാർഡ് സമർപ്പിക്കുന്നതാണ്. ബന്ധപ്പെട്ട വ്യക്തികളുടെ ലഘുജീവചരിത്രക്കുറിപ്പും പ്രവർത്തനമികവും സംബന്ധിച്ച കാര്യങ്ങളും ഉൾക്കൊള്ളുന്ന ശിപാർശകൾ "ബേബി മൂക്കൻ, സെക്രട്ടറി, സഹൃദയവേദി, തൃശൂർ–20" എന്ന വിലാസത്തിൽ ജനുവരി 31ന് മുമ്പ് അയക്കേണ്ടതാണ്.

ഫോൺ: 7559950932. Email: sahrudayaveditcr@gmail.com



തൃശൂർ അതിരൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച നവവൈദികർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തിനും ബിഷപ് മാർ ടോണി നീലങ്കാവിലിനുമൊപ്പം

# അസംഘടിത തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം: കെ.എൽ.എം.

തൃശൂർ: അസംഘടിത മേഖലാ തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കപ്പെടണമെന്ന് കേരള ലേബർ മൂവ്മെന്റ തൃശൂർ അതിരൂപത വാർഷിക സമ്മേളനം ആവശ്യപ്പെട്ടു.

ഒളരിക്കര ലിറ്റിൽ ഫ്ളവർ പള്ളി ഹാളിൽ കെ.എൽ.എം. മേഖല ഡയറക്ടർ ഫാ. ജസ്റ്റിൻ കോലങ്കണ്ണി സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ബിജു ചിറയത്ത് അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. പോൾ മാളിയമ്മാവ്, വികാരി ഫാ. ജോയ് ചിറ്റിലപ്പിള്ളി, ജനറൽ സെക്രട്ടറി മോളി ജോബി, ട്രഷറർ ജോയ് മാളിയേക്കൽ, ഒളരിക്കര ഇടവക ട്രസ്റ്റി തോമസ് നീലങ്കാവിൽ, കെഎൽഎം ഭാരവാഹികളായ ആന്റോ പോൾ, ബീന പോൾ, ഷാജു ആന്റണി, ജോസ് മാടാനി, ബാബു ജേക്കബ്, ഫ്രാൻസിസ് ഏനോക്കാരൻ, ബിനു താണിക്കൽ, ജീൻസൻ മുട്ടത്ത്, ആന്റോ കുരിശിങ്കൽ, മോളി വർഗീസ് എന്നിവർ പ്രസംഗിച്ചു. 2024 വർഷത്തെ കർമ്മ പരിപാടികൾക്ക് രൂപം നൽകി. 25 ഉം 50 ഉം വർഷങ്ങൾ അംഗത്വം പൂർത്തിയാക്കിയവരെയും വ്യത്യസ്ത തലങ്ങളിൽ പ്രത്യേക അംഗീകാരങ്ങൾ കരസ്ഥമാക്കിയവരേയും അനുമോദിച്ചു. കലാകായിക മത്സര വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു.



കേരള ലേബർ മൂവ്മെന്റ തൃശൂർ അതിരൂപത വാർഷിക സമ്മേളനം ഫാ. ജസ്റ്റിൻ കോലങ്കണ്ണി ഉദ്ഘാടനം ചെയ്യുന്നു

# പാലയൂരിൽ നവവൈദികർക്ക് സ്വീകരണം

പാലയൂർ: സെന്റ് തോമസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ ദനഹ തിരുനാളിനോടനുബന്ധിച്ച് തൃശൂർ അതിരൂപതയിൽ നിന്നുള്ള നവവൈദികർക്ക് സ്വീകരണം നൽകി. ദിവ്യബലിയിൽ ഫാ. ക്രിസ്റ്റോ ചുങ്കത്ത് സിഎംഐ, ഫാ. വിനു വർഗീസ് പോന്നോർ എംഎസ്എഫ്എസ്, ഫാ. ജോയൽ ചിറമൽ സിഎംഐ, ഫാ. ഡിന്റോ വല്ലച്ചിറക്കാരൻ, ഫാ. ജിയോ ആലപ്പാട്ട്, ഫാ. ഫ്രാൻസീസ് പുത്തൂക്കര, ഫാ. നിതിൻ പൊന്നാരി, ഫാ. ബിജോയ് പൊൻപറമ്പിൽ, ഫാ. ക്രിസ്റ്റോ തേക്കാനത്ത്, ഫാ. പ്രിജോവ് വടക്കേത്തല, ഫാ. ആൽബിൻ ചൂണ്ടൽ, ഫാ. ജെയ്സൻ പഴയേടത്ത്, ഫാ. ജിജോ എടക്കളത്തൂർ എന്നിവർ കാർമികരായി. പള്ളിയങ്കണത്തിൽ യൂത്ത് സിഎൽസി ഒരുക്കിയ പിണ്ടി നവവൈദികർ തെളിയിച്ചു. തീർത്ഥകേന്ദ്രം ആർച്ച്പ്രീസ്റ്റ് റവ. ഡോ. ഡേവിസ് കണ്ണമ്പുഴ അധ്യക്ഷത വഹിച്ചു. ഇടവക കുടുംബക്കൂട്ടായ്മകളുടെ നേതൃത്വത്തിൽ പള്ളിയങ്കണത്തിലും കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ ഇടവകയിലെ വീടുകളിലും പിണ്ടി തെളിയിക്കൽ മത്സരം നടത്തി.

മാതൃവേദി, ദർശനസഭ എന്നിവരുടെ നേതൃത്വത്തിൽ ഏൽപ്പയ്യ നൃത്തച്ചുവടുകളും ഉണ്ടായിരുന്നു. സഹവികാരി ഫാ. ആന്റോ രായപ്പൻ, ട്രസ്റ്റിമാരായ കെ.ജെ പോൾ, സി.എം. ബാബു, ടി.ജെ സന്തോഷ്, ജോഫി ജോസഫ്, ബിജു മുട്ടത്ത്, ബിനു താണിക്കൽ, സി.ഡി ലോറൻസ്, ഭക്ത സംഘടന ഏകോപന സമിതി കൺവീനർ തോമസ് വാകയിൽ എന്നിവർ നേതൃത്വം നൽകി.



പാലയൂർ സെന്റ് തോമസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ നവവൈദികരും ആർച്ച്പ്രീസ്റ്റും ദനഹ തിരുനാളിനോടനുബന്ധിച്ച് പിണ്ടി തെളിയിക്കുന്നു

# മദ്യവിരുദ്ധ സമിതി ഉപവാസ പ്രാർത്ഥന

തൃശൂർ: കെസിബിസി മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ ഒല്ലൂർ സെന്ററിൽ നടത്തിയ പ്രാർത്ഥന ഉപവാസയജ്ഞം പനംകുറ്റിച്ചിറ വികാരി ഫാ. റാഫേൽ വടക്കൻ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് വി.എം. അഗസ്റ്റിൻ അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ റവ. ഡോ. ദേവസി പന്തല്ലൂക്കാരൻ, റവ.ഡോ. പോൾ പൂവത്തിങ്കൽ, ഇ.എ. ജോസഫ്, കരോളിൻ ജെറിഷ്, സി.പി. പോളി, തോമസ് ചുങ്കത്ത്, ലിജിമോൻ കുണ്ടുകുളം, ബേബി മൂക്കൻ,



കെസിബിസി മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ നടത്തിയ പ്രാർത്ഥന ഉപവാസയജ്ഞത്തിൽ നിന്ന്

ജോയ് മുതുക്കാട്ടിൽ, മാത്യൂസ്, രഘു കെ. മാരാത്ത്, എ.ടി. പോൾസൺ, സിങ്കമ്മ ടീച്ചർ, കൊച്ചുവർക്കി തരകൻ, ടി.എസ്. അബ്രഹാം, സി.പി. ഡേവിസ്, എൻ.വി. ജോസഫ്, ജെയിൻ കൂര്യൻ, സി.വി. ജോസഫ്, സേവ്യർ കുന്നത്ത്, സിജോ ഇഞ്ചോടിക്കാരൻ, ബെന്നി പുളിക്കൻ എന്നിവർ പ്രസംഗിച്ചു.

## പാരിഷ് ബുള്ളറ്റിൻ മത്സരം 2023

തൃശൂർ: അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന പാരിഷ് ബുള്ളറ്റിനുകൾക്കായി അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന 2023ലെ പാരിഷ് ബുള്ളറ്റിൻ മത്സരത്തിലേക്കു അപേക്ഷകൾ ക്ഷണിക്കുന്നു. അതിരൂപതാ ബുള്ളറ്റിനിൽ നൽകിയിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ച് പാരിഷ് ബുള്ളറ്റിനുകളും കൃതികളും 2024 മാർച്ച് 31ന് മുമ്പ് 'ബുള്ളറ്റിൻ മത്സരം' എന്ന് എഴുതിയ കവറിലാക്കി ആർച്ച്ബിഷപ്സ് ഹൗസ് റിസപ്ഷനിൽ ഏല്പിക്കേണ്ടതാണ്. 2024 മാർച്ച് 31നുശേഷം ലഭിക്കുന്ന ബുള്ളറ്റിനുകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല. താഴെ പറയുന്ന വിഭാഗങ്ങളിലായിരിക്കും മത്സരങ്ങൾ.

1. മികച്ച പാരിഷ്ബുള്ളറ്റിൻ (2.) മികച്ച കവർ, മികച്ച എഡിറ്റോറിയൽ, മികച്ച ലേ ഔട്ട് (3.) മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ, ഫീച്ചർ (4.) വികാരിയച്ചന്മാരുടെയും കൊച്ചച്ചന്മാരുടെയും പംക്തി (5.) ഓരോവിഭാഗത്തിലുമുള്ള മത്സരത്തിന് പരിഗണക്കപ്പെടേണ്ട ബുള്ളറ്റിനുകളോ മത്സരയിനമോ വെവ്വേറെയായി തരം തിരിച്ച് ഒരുകോപ്പി വീതം നല്കണം. മത്സരഫലം പ്രഖ്യാപിച്ചശേഷം ബുള്ളറ്റിനുകൾ തിരികെ ലഭിക്കുന്നതാണ്. മത്സരം സംബന്ധിച്ച നിബന്ധനകൾ അതിരൂപതാ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്.

# സഭൈക്യത്തിന് ശക്തി പകർന്ന് നസ്രാണി സംഗമം

എരുമപ്പെട്ടി: തിരുഹൃദയ ഫൊറോന ഇടവകയുടെയും കത്തോലിക്കാ കോൺഗ്രസിന്റെയും നേതൃത്വത്തിൽ എരുമപ്പെട്ടി ഫൊറോന ദൈവാലയത്തിൽ വച്ച് മാർത്തോമാ നസ്രാണി എക്യുമെനിക്കൽ സംഗമം നടന്നു. സീറോ മലബാർ കത്തോലിക്കാ സഭ, പൗരസ്ത്യ കൽദായ സുറിയാനി സഭ, മലങ്കര മാർത്തോമ സുറിയാനി സഭ, സീറോ മലങ്കര കത്തോലിക്കാ സഭ, മലങ്കര യാക്കോബായ സുറിയാനി സഭ, മലങ്കര ഓർത്തഡോക്സ് സഭ, മലബാർ സ്വതന്ത്ര സുറിയാനി സഭ എന്നീ സഭകളിലെ പിതാക്കന്മാരും വൈദികരും അത്മായ നേതാക്കളും പങ്കെടുത്തു. സമ്മേളനത്തിന്റെ ഉദ്ഘാടനം തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, പൗരസ്ത്യ കൽദായ സുറിയാനി സഭ മേലധ്യക്ഷൻ മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്ത, മലബാർ സ്വതന്ത്ര സുറിയാനി സഭ പരമാധ്യക്ഷൻ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്ത, മലങ്കര യാക്കോബായ സുറിയാനി സഭ തൃശൂർ ഭദ്രസനാധിപൻ ഡോ. കുര്യാക്കോസ് മാർ ക്ലിമിസ് മെത്രാപ്പോലീത്ത, മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ പ്രതിനിധി ഫാ. ബെഞ്ചിമിൻ ഒവൈസി സീറോ മലങ്കര കത്തോലിക്ക സഭ മൂവാറ്റുപുഴ രൂപത പ്രതിനിധി ഫാ. ബിജു ഇടയാളികുടിയിൽ, മലങ്കര മാർത്തോമ സുറിയാനി സഭ പ്രതിനിധി ഫാ. സാമുവേൽ ടി നെറ്റിയാടൻ എന്നിവർ ചേർന്ന് നിർവ്വഹിച്ചു. ഫൊറോന വികാരി ഫാ. ജോഷി ആളൂർ അധ്യക്ഷനായിരുന്നു.



എരുമപ്പെട്ടി ഫൊറോന ദൈവാലയത്തിൽ നടന്ന മാർത്തോമാ നസ്രാണി എക്യുമെനിക്കൽ സംഗമത്തിന്റെ ഉദ്ഘാടന ചടങ്ങിൽ നിന്ന്

കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ രൂപീകരണ ഉദ്ഘാടനം മാർ ടോണി നീലങ്കാവിൽ നിർവഹിച്ചു. ഡോ. ഡെയ്സൺ പാണേങ്ങാടന്റെ നേതൃത്വത്തിൽ സെമിനാറും നടന്നു. റവ.ഡോ. ദേവസി പന്തല്ലൂക്കാരൻ, ഫാ. സിറിൾ തയ്യിൽ, ഫാ. വർഗീസ് കൂത്തൂർ, ഫാ. ജോയ് മുരിങ്ങത്തേരി, ഫാ. ബാബു ജോസഫ്, ഫാ. എഡ്വിൻ ഐനിക്കൽ, ഫാ. സ്ക്കറിയ ചീരൻ, സിസ്റ്റർ ആനി ജോൺ, ജോഷി വടക്കൻ, കെ.സി. ഡേവീസ്, മാത്യൂസ് എം. രാജൻ, ബിനോയ് പി. മാത്യൂ, ഗിരിഷ് മാത്യു. മീന ശലമോൻ, സി.ഐ. രാജൻ, എം.പി. ഫ്രാൻസിസ്, സി.കെ. ജോർജ്, കെ.പി. ഫ്രിന്റോ, ബിനോയ് പള്ളത്ത്, എം.ഡി. ജോജി, കെ.ടി. സിന്റോ, കെ.ഒ. ജോണി, ബിജു ജോർജ് പി, കെ.എം. ഫ്രാൻസിസ്, ഷൈജു ചക്രമാക്കിൽ, ജോസി വിജു എന്നിവർ ആശംസകൾ നേർന്നു. നാടകവും തുടർന്ന് സ്നേഹവിരുന്നും നടന്നു.

# മദ്യവിരുദ്ധ സമിതി സ്മരണിക പ്രകാശനം



മദ്യവിരുദ്ധ സമിതിയുടെ 'ഉജ്വൽ' എന്ന സ്മരണിക സെന്റ് തോമസ് കോളജ് പ്രിൻസിപ്പാൾ ഫാ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി മേരി റെജീനയ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു. വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ, ഫാ. ഡോ. ദേവസി പന്തല്ലൂക്കാരൻ തുടങ്ങിയവർ സമീപം.

## അതിരൂപത സീനിയർ സി.എൽ.സി. ഭാരവാഹികൾ

തൃശൂർ: അതിരൂപത സീനിയർ സിഎൽസി പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ഫ്രെജോ വാഴപ്പിള്ളി, ഫാ. സിബിൻ ഊക്കൻ എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികൾ:– പ്രസിഡന്റ് – വിനേഷ് കോളേങ്ങാടൻ (കൊട്ടേക്കാട്), സെക്രട്ടറി – ഡെന്നസ് പെല്ലിശ്ശേരി (അമ്മാടം), ട്രഷറർ – ഡെയ്സൺ കൊള്ളന്നൂർ (മരിയപുരം), വൈസ്പ്രസിഡന്റുമാർ –

എ.ജെ ജെയ്സൺ(ആറ്റത്ര), ലീമ്മ ആന്റണി (ചിറ്റിലപ്പിള്ളി), ജോ.സെക്രട്ടറിമാർ – സെബി മഞ്ഞളി (പള്ളിക്കുന്ന്), സീന സാജു (പുത്തൂർ), ജനറൽ കോർഡിനേറ്റർ – എ.ഡി. ഷാജു (നെല്ലിക്കുന്ന്).



വിനേഷ് കോളേങ്ങാടൻ
പ്രസിഡന്റ്



ഡെന്നസ് പെല്ലിശേരി
സെക്രട്ടറി



ഡെയ്സൺ കൊള്ളന്നൂർ
ട്രഷറർ

# സഹൃദയയിൽ എ ഐ കമ്പ്യൂട്ടർ ലാബ്

തൃശൂർ: കൊടകര സഹൃദയ എഞ്ചിനീയറിംഗ് കോളേജിൽ അത്യാധുനിക സൗകര്യങ്ങളോടെ പണി കഴിപ്പിച്ച എ.ഐ. കമ്പ്യൂട്ടർ ലാബ് ഇരിഞ്ഞാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ വെഞ്ചിരിച്ചു. പൂർണമായും എയർകണ്ടീഷൻഡ് സൗകര്യത്തോടു കൂടിയ ഹൈ ടെക് കമ്പ്യൂട്ടർ ക്രമീകരണങ്ങളാണ് എ.ഐ. ലാബിൽ ഒരുക്കിയിരിക്കുന്നത്. എ ഐ കമ്പ്യൂട്ടർ ലാബിന്റെ നിർമാണ പ്രവർത്തനത്തിന് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സി എ സ് ആർ ഫണ്ടിന്റെ സഹായവും ലഭിച്ചിരുന്നു.



കൊടകര സഹൃദയ എഞ്ചിനീയറിംഗ് കോളേജിലെ എ.ഐ. കമ്പ്യൂട്ടർ ലാബിൽ ബിഷപ്പ് മാർ പോളി കണ്ണൂക്കാടനോടൊപ്പം ഡയറക്ടറും സ്റ്റാഫ് അംഗങ്ങളും.

## കലാസദൻ ഭാരവാഹികൾ



ബാബു ജെ. കവലക്കാട്ട്
പ്രസിഡന്റ്



ഫാ. ജിയോ തെക്കിനിയത്ത്
സെക്രട്ടറി

തൃശൂർ: അതിരൂപത കലാസദൻ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ബാബു ജെ. കവലക്കാട്ട് (പ്രസിഡന്റ്), ഫാ. ജിയോ തെക്കിനിയത്ത് (സെക്രട്ടറി), ടി.ഒ. വിൽസൺ (ട്രഷറർ), ജോമോൻ ചെറുശ്ശേരി(വൈസ് പ്രസിഡന്റ്), എ.എ. ആന്റണി (ജോ.സെക്രട്ടറി), ജേക്കബ് ചങ്ങലായ്, സി.ജെ. ജോൺ, ബേബി മൂക്കൻ, സിൽവി ജോർജ്, ഫാ. അജിത്ത് ചിറ്റിലപ്പള്ളി, മേഴ്സി ബാബു, ഫാ. സെബി വെളിയൻ, ലിജിൻ ഡേവിസ്, ജോർജ് അലക്സ്, സണ്ണി മൂക്കൻ, ഫാ. ആന്റോ രായപ്പൻ, തോമസ് കൊള്ളന്നൂർ എന്നിവരാണ് മറ്റു ഭാരവാഹികൾ.

# പറപ്പൂരിൽ വിശ്വാസ പരിശീലന ദിനാഘോഷം




പറപ്പൂർ ഇടവകയിലെ വിശ്വാസ പരിശീലന ദിനാഘോഷം ഫാ. സിജോ മുരിങ്ങാത്തേരി ഉദ്ഘാടനം ചെയ്യുന്നു

പറപ്പൂർ: സെന്റ് ജോൺ നെപുംസ്യാൻ ദൈവാലയത്തിലെ വിശ്വാസ പരിശീലന ദിനാഘോഷം അതിരൂപത വിശ്വാസ പരിശീലനകേന്ദ്രം അസി.ഡയറക്ടർ ഫാ. സിജോ മുരിങ്ങാത്തേരി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. സെബി പുത്തൂർ അധ്യക്ഷത വഹിച്ചു. യൂണിറ്റ് അസി.ഡയറക്ടർ ഫാ. ബിനോയി മഞ്ഞളി, പിടിഎ പ്രസിഡന്റ് അനിൽ ആന്റണി, കൈക്കാരൻ പി.കെ. ജോസ്, മുൻ ഹെഡ്മാസ്റ്റർ എൻ.സി. ജോസ്, സെക്രട്ടറി അജോ വർഗീസ്, വൈസ് പ്രിൻസിപ്പാൾ ജോൺ മാത്യു, ജനറൽ കൺവീനർ പി.ജെ. ജോൺ എന്നിവർ പ്രസംഗിച്ചു. ലോഗോസ് റാങ്കു ജേതാക്കളായ ആനി ജോർജ്ജ്, ഫ്രാൻസി സിഞ്ചു, സർവീസ് അവാർഡിനർഹരായ സി.ഒ. ജോയ്, ലിൻസൺ പുത്തൂർ, പി.സി. റെജീന, ബോബി വിൻസെന്റ്, ജിഷ ജെയ്സൺ, അവാർഡ് ജേതാക്കളായ ഡെയ്സൺ പാണേങ്ങാടൻ, സി.ഒ. ജോയ്, 10 വർഷത്തിനു മേൽ യൂണിറ്റിൽ സേവനമനുഷ്ഠിച്ച മുൻ അധ്യാപകർ, വിവിധ അവാർഡുകൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾ, അധ്യാപകർ, മാതാപിതാക്കൾ എന്നിവരെ ആദരിച്ചു. കലാപരിപാടികളും സ്നേഹവിരുന്നുമുണ്ടായിരുന്നു.



വരന്തരപ്പിള്ളി പള്ളിക്കുന്ന് ഇടവകാംഗമായി ശ്രീമതി റോസി ചാക്കുണ്ണി മിഷൻ രൂപതകളുടെ നിയോഗാർത്ഥം സമ്പൂർണ്ണ ബൈബിൾ മലയാളത്തിലേക്കും (6 മാസം) ഹിന്ദിയിലേക്കും (8 മാസം) പകർത്തിയെഴുതിയത് മാർ ആൻഡ്രൂസ് താഴത്ത്, മാർ ജേക്കബ് തൂങ്കുഴി എന്നീ പിതാക്കന്മാർ പ്രകാശനം ചെയ്യുന്നു.

# ഏകാധിപതിയുടെ ചിരിക്കുപിന്നിൽ ഒളിഞ്ഞിരിക്കുന്ന വിഷപ്പല്ലുകൾ

നക്ഷത്രങ്ങളും മഴവില്ലും

മാണി പയസ്

റോമാ ചക്രവർത്തിയും അടുത്ത സുഹൃത്തുമായ അഗസ്റ്റസ് സീസറിനെ വണങ്ങിക്കൊണ്ട് ഫൾവിയസ് പറഞ്ഞു: ഗുഡ് മോർണിംഗ് സീസർ.... തമാശ മട്ടിൽ അഗസ്റ്റസ് പ്രതികരിച്ചു: ഗുഡ് ബൈ ഫാൾവിയസ്. ചക്രവർത്തിയുടെ ആ വാക്കുകൾ മതിയായിരുന്നു ആത്മഹത്യ ചെയ്യാൻ!!

ഏകാധിപതിയുടെ ചിരിക്കും തമാശയ്ക്കുമുള്ളിൽ പത്തിവിടർത്തി നിൽക്കുന്ന മറ്റൊരു ഭാവമുണ്ടെന്ന് അടുത്തു പെരുമാറുന്നവർക്കറിയാം. ഫൾവിയസ് രാജകീയ രഹസ്യങ്ങൾ ചോർത്തിയെന്ന സംശയം അഗസ്റ്റസ് സീസറിന് ഉണ്ടായിരുന്നു. ചാരന്മാർ അതു സ്ഥിരീകരിച്ചതോടെ ഫൾവിയസിന്റെ നാളുകൾ എണ്ണപ്പെട്ടു. പക്ഷേ, ഒരു 'ഗുഡ്ബൈ' കൊണ്ട് അതു സാധ്യമാകുമെന്ന് ചക്രവർത്തി കരുതിയിട്ടുണ്ടാകില്ല. ജോസഫ് സ്റ്റാലിനു മുന്നിൽ മോസ്കോയിൽ പണിയേണ്ട അദ്ദേഹത്തിന്റെ പെറ്റ് പ്രൊജക്ടായ ഹോട്ടലിന്റെ രണ്ടു പ്ലാനുകൾ സമർപ്പിക്കപ്പെട്ടു. രണ്ടിന്റെയും നടുക്കായാണ് സ്റ്റാലിൻ ഒപ്പിട്ടത്. ഏതു പ്ലാനാണ് അംഗീകരിച്ചതെന്നു ചോദിക്കാൻ ആർക്കും ധൈര്യമില്ല. വളരെ പ്രമുഖനായ ഒരു ആർക്കിടെക്ടാണ് അതു വരച്ചത്. സ്റ്റാലിനോട് ചോദിച്ച് ഉറപ്പുവരുത്താൻ അയാൾക്കും ശക്തിയില്ല. ഒടുവിൽ രണ്ടു ഡിസൈനുകളുടെയും ഫ്യൂഷനെന്നോണം അസമമായ മുൻഭാഗത്തോടു കൂടിയ കെട്ടിടമാണ് ഇയാൾ പണിതത്. ഭാഗ്യം സ്റ്റാലിന് നിർമ്മിതി ഇഷ്ടമായി. 2002 ൽ അത് ഇടിച്ചു നിരത്തിയെങ്കിലും മുൻ മാതൃകയിൽ വീണ്ടും പണിതു. ഇന്നത് പ്രശസ്തമായ ഒരു ഹോട്ടൽ ആണ്.

ഏകാധിപതികളായ ഭരണാധികാരികളോട് ഇടപെടുന്നതു പോലും തലപോകുന്ന കാര്യമാണ്. അപ്പോൾ അവരുമായി ഏറ്റുമുട്ടിയാൽ എങ്ങനെയിരിക്കുമെന്ന് യവ്ജെനി പ്രിഗോഷിന്റെ അനുഭവം വ്യക്തമാക്കുന്നു. റഷ്യൻ കൂലിപ്പട്ടാളത്തിന്റെ തലവനായിരുന്ന പ്രിഗോഷിൻ പുടിന്റെ അടുത്ത ആളായിരുന്നു. പക്ഷേ, പുടിന്റെ സൈനിക മേധാവികളുമായി ഒന്നിടഞ്ഞു. പ്രശ്നം ഒതുക്കിത്തീർത്ത് അധികം വൈകാതെ ഒരു വിമാനാപകടത്തിൽ പ്രിഗോഷിനും അടുത്ത അനുയായികളും കൊല്ലപ്പെട്ടു. പ്രിഗോഷിൻ ആഭ്യന്തര യുദ്ധത്തിനു കോപ്പുകൂട്ടി എന്ന നിലപാടാണ് പുടിൻ കൈക്കൊണ്ടത്.

റഷ്യയിലെ പ്രതിപക്ഷ നേതാക്കളിൽ പ്രമുഖനായിരുന്ന അലക്സി നവൽനി 2020 ഓഗസ്റ്റിൽ സൈബീരിയയിൽ വിഷം ഉള്ളിൽച്ചെന്നു മരിച്ചു. പുടിന്റെ വിമർശകരിൽ ഒരാളായിരുന്ന മുൻ കെ ജി ബി ഏജന്റ് അലക്സാണ്ടർ ലിറ്റ്വിനെൻകോ 2006 ൽ റേഡിയോ ആക്ടീവായിട്ടുള്ള വസ്തു (പൊളോണിയം-210) അടങ്ങിയ ചായ കുടിച്ചതിനെ തുടർന്ന് മരിച്ചു. ലോകത്തിലെ പ്രമുഖ മാധ്യമങ്ങളെല്ലാം ഇതിൽ പുടിന്റെ കറുത്ത കരങ്ങൾ കാണുന്നുണ്ട്.

ജനാധിപത്യ രീതിയിൽ അധികാരത്തിൽ കയറുകയും ഏകാധിപത്യ പ്രവണതകളിലേക്ക് തിരിയുകയും ചെയ്യുന്ന ഭരണാധികാരികളുടെ എണ്ണം ലോകത്ത് വർദ്ധിച്ചു വരികയാണ്. ഹിറ്റ്ലറാണ് അവരുടെ മാതൃകാപുരുഷൻ!! ലോകത്ത് ജനാധിപത്യ സർക്കാരുകളുള്ള 89 രാജ്യങ്ങളും ഏകാധിപത്യ സർക്കാരുകളുള്ള 90 രാജ്യങ്ങളും ഉണ്ടെന്നാണ് സ്വീഡനിലെ ഡെമോക്രസി ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നത്. ലോക ജനസംഖ്യയുടെ 70 ശതമാനവും ഏകാധിപത്യ സർക്കാരുകൾ നിലനിൽക്കുന്ന 90 രാജ്യങ്ങളിലെ പ്രജകളാണ്. 30 ശതമാനം ജനങ്ങൾ മാത്രമേ യഥാർത്ഥ ജനാധിപത്യം അനുഭവിക്കുന്നുള്ളൂവെന്നും ഈ റിപ്പോർട്ട് വ്യക്തമാക്കുന്നു.

സ്വതന്ത്രവും ശരിയായ രീതിയിലുള്ളതുമായ തെരഞ്ഞെടുപ്പ് നടക്കാത്തതും മിനിമം പൗരസ്വാതന്ത്ര്യം പോലും ഇല്ലാത്തതുമായ ഭരണസംവിധാനത്തെയാണ് ഏകാധിപത്യമെന്ന കള്ളിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്തരം രാജ്യങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നുവെന്നതാണ് ദുഃഖകരമായ അവസ്ഥ.

ഹംഗറിയിൽ നിലവിലുള്ള സർക്കാർ മാധ്യമസ്വാതന്ത്ര്യം പരിമിതപ്പെടുത്തി. ഇലക്ടറൽ ഡിസ്ട്രിക്ടുകളുടെ അതിർത്തികൾ പുനർനിർണിച്ച് തങ്ങളുടെ ജയം ഉറപ്പാക്കി. റഷ്യയിൽ യുദ്ധത്തിന്റെ മറപിടിച്ച് മാധ്യമസ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങൾക്കും വലിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

ജനാധിപത്യം നിലനിൽക്കുന്നുവെന്നു പറയുന്ന പല രാജ്യങ്ങളിലും അതിന്റെ ഗുണമേന്മ കുറഞ്ഞു വരികയാണ്. ഇവിടങ്ങളിൽ ജനങ്ങളുടെ ഇടയിൽ വലിയ അളവിലുള്ള ധ്രുവീകരണം സംഭവിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിൽ ഇതു യാഥാർത്ഥ്യമായിക്കഴിഞ്ഞു. ഡെമോക്രാറ്റുകളും റിപ്പബ്ലിക്കന്മാരും രണ്ട് ആശയ സംഹിതകളെ പ്രതിനിധാനം ചെയ്യുന്നവർ എന്നതിനേക്കാൾ പരസ്പരം ശത്രുതയുള്ള രണ്ടു ക്യാമ്പുകളിലെ അംഗങ്ങളെപ്പോലെയായിരിക്കുന്നു.

ജനങ്ങൾ തമ്മിൽ ശത്രുത പെരുകുകയും വ്യാജവാർത്തകളിലൂടെ അതിന് ആക്കം കൂട്ടുകയും ചെയ്യുന്നതിന്റെ പ്രശ്നങ്ങൾ ഏകാധിപത്യ ഭരണത്തിലേക്ക് നീങ്ങുന്ന രാജ്യങ്ങളിൽ വളരെ കൂടുതലാണ്. വസ്തുതകളെ വക്രീകരിച്ചും തെറ്റായ വിവരങ്ങൾ വിളമ്പിയും ജനങ്ങളെ വഴിതെറ്റിക്കുമ്പോൾ ജനാധിപത്യത്തിന്റെ മൂല്യങ്ങൾ അസ്തമിക്കുന്നു.

കേരളത്തിൽ മുഖ്യമന്ത്രിയും ഗവർണറും രണ്ടു ധ്രുവങ്ങളിലാണ്. ഇടതുഭരണത്തിനെതിരെ ഒന്നൊന്നായി ആക്ഷേപങ്ങൾ ഉന്നയിക്കുന്ന ഗവർണർ മുഖ്യമന്ത്രിയെ പിന്തുണയ്ക്കുന്നവരുമായി തെരുവിൽ ഏറ്റുമുട്ടാനുള്ള അവസരങ്ങൾ നഷ്ടമാക്കുന്നില്ല. പരസ്പരം അംഗീകരിക്കുന്ന ജനാധിപത്യ മനോഭാവം നഷ്ടമായിരിക്കുന്നു. ഇങ്ങനെ വലിയ രാജ്യങ്ങൾ മുതൽ ചെറിയ സംസ്ഥാനങ്ങളിൽ വരെ ജനാധിപത്യ മൂല്യങ്ങളുടെ പിച്ചിച്ചീന്തൽ നടക്കുകയാണ്. അവയുടെ അടിത്തട്ടിൽ ഏകാധിപതികളുടെ മനസുകൾ കാണാം

രാഷ്ട്രീയ അധികാരത്തിന്റെ തലങ്ങളിൽ മാത്രമല്ല ഏകാധിപത്യ മനോഭാവത്തിന്റെ കെടുതികളുള്ളത്. മതം, വിദ്യാഭ്യാസം, ആരോഗ്യം, ബ്യൂറോക്രസി, കല, സാഹിത്യം, സ്പോർട്സ് എന്നിങ്ങനെ എല്ലാ മണ്ഡലങ്ങളിലും അതുണ്ട്. അധികാരവും അടിച്ചമർത്തലും



വ്ളാഡിമിർ പുടിൻ



സീനത്ത് അമൻ

ചൂഷണവും കൈകോർത്തു നിൽക്കുന്ന അവസ്ഥ. ഗാർഹിക മണ്ഡലവും ഇതിൽ നിന്നും മുക്തമല്ല പുരുഷാധികാരത്തിന്റെ അട്ടഹാസങ്ങൾ അനേകം കുടുംബങ്ങളിൽ മുഴങ്ങിക്കേൽക്കുന്നുണ്ട്. ഇബ്സന്റെ നോറ വീടിന്റെ വാതിൽ വലിയ ശബ്ദത്തോടെ വലിച്ചടച്ച് ഇറങ്ങിപ്പോയത് 1879 ലാണ്. എങ്കിലും ഇപ്പോഴും ഗാർഹിക പീഡനങ്ങൾക്ക് അറുതി വന്നിട്ടില്ല

ഏതാനും ആഴ്ചകൾക്കു മുമ്പ് പഴയകാലത്തെ സൂപ്പർ നടി സീനത്ത് അമൻ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഒരു ഫോട്ടോ ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്തു. വലത്തെ കണ്ണിനു മുകളിലെ പുരികം കണ്ണിനു മുകളിലേക്ക് തൂങ്ങിക്കിടക്കുന്നതാണ് അസുഖം. ദശാബ്ദങ്ങൾക്കു മുമ്പ് ബോയ്ഫ്രണ്ട് കൂടിയായ പ്രമുഖ നടൻ 'സ്നേഹം കൂടിയപ്പോൾ' നടത്തിയ ആക്രമണത്തിലുണ്ടായ പരിക്കിന്റെ ഫലമാണീ രോഗം. ഇത്തരം അതിക്രമങ്ങളിൽ നിന്ന് അതിപ്രശസ്തരായ സ്ത്രീകൾ പോലും ഒഴിവാക്കപ്പെടുന്നില്ലെന്ന കാര്യം വ്യക്തമാക്കുന്നത് സമൂഹത്തിൽ നിലനിൽക്കുന്ന പുരുഷാധിപത്യ ക്രമമാണ്. ഏകാധിപത്യത്തിന്റെ മറ്റൊരു രൂപമാണത്.

മറ്റുള്ളവരെ കേൾക്കാനുള്ള മനസില്ലായ്മയാണ് ഒരാൾ ഏകാധിപതിയാകുന്നതിന്റെ ആദ്യലക്ഷണം. എല്ലാം തന്റെ നിയന്ത്രണത്തിലാകണമെന്ന നിർബന്ധമാണ് അടുത്ത പടി. താനാണ് ശരി... താൻ മാത്രമാണ് ശരി എന്നതാണ് തൊട്ടടുത്തപടി. ഇത്തരം വിവിധ പടികളിലൂടെ കയറി അയാൾ ഏകാധിപത്യത്തിന്റെ ശൃംഗത്തിലെത്തി താഴേക്ക് നോക്കുമ്പോൾ കാണുന്നവരെല്ലാം കൃമികളായി അനുഭവപ്പെടുന്നു. അതോടെ എല്ലാം പൂർത്തിയാകുന്നു.

manipius59@gmail.com

## മരണക്കളി നിയമവിധേയമാക്കി

# കേരളത്തിന് മറ്റൊരു തിരിച്ചടി

സ്വന്തം ലേഖകൻ

തൃശൂർ: ഓൺലൈൻ ചൂതാട്ടം എന്ന മരണക്കളിക്ക് കേരളത്തിൽ പച്ചക്കൊടി കാണിച്ചതിനെതിരേ ആരും തന്നെ പ്രതിഷേധവുമായി രംഗത്തിറങ്ങാത്തതിന് സമൂഹം വലിയ വില നൽകേണ്ടിവരുമെന്ന് ഉറപ്പായി. മദ്യം, മയക്കുമരുന്നുപോലെ യുവതലമുറയെ നശിപ്പിക്കുന്ന ഓൺലൈൻ ചൂതാട്ടം ഇപ്പോൾ കേരളത്തിൽ നിയമവിധേയമാക്കിയിരിക്കുകയാണ്. പണം വച്ചുള്ള ഓൺലൈൻ ഗെയിമുകൾക്കും ചൂതാട്ടങ്ങൾക്കും വാതുവയ്പിനും 28% നികുതി ഈടാക്കാനുള്ള ഓർഡിനൻസിൽ ഗവർണർ ജനുവരി അഞ്ചിന് ഒപ്പുവച്ചതോടെ ഇനി മരണക്കളി നിർബാധം തുടരും.

2021-ൽ സർക്കാർ ഓൺലൈൻ ചൂതാട്ടം നിരോധിച്ചിരുന്നു എന്നാൽ, ഗെയിമിംഗ് കമ്പനികളുടെ ഹർജിയിൽ ഹൈക്കോടതി അത് റദ്ദാക്കിയിരുന്നു. ഈ വിധി മറികടക്കാൻ നിയമനിർമാണം നടത്തുന്നതിനുപകരം മരണക്കളിക്ക് പച്ചക്കൊടി കാട്ടി ഖജനാവ് നിറയ്ക്കാനാണ് തീരുമാനം. മുപ്പതോളം പേരുടെ ആത്മഹത്യയ്ക്കിടയാകുകയും ആയിരക്കണക്കിന് ആളുകളെ കടബാധ്യതയിലാക്കുകയും ചെയ്ത ഓൺലൈൻ ഗെയ്മുകൾക്ക് അംഗീകാരം നൽകാൻ സർക്കാർ കാണിച്ച ആവേശം വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നാണ് വിലയിരുത്തൽ. ആളുകൾ എത്ര മരിച്ചാലും സർക്കാരിന് നികുതിപ്പണം കിട്ടിയാൽ മതി. മദ്യവ്യാപാരത്തിന്റെ മറ്റൊരു പതിപ്പ്.

കെണിയിൽ വീഴ്ത്തി പണം തട്ടുകയാണ് ഓൺലൈൻ ചൂതാട്ടത്തിന്റെ ഒരു രീതി. ആദ്യം ചില ഓഫർ നൽകിയാണ് കൗമാരക്കാരെ ഈ കെണിയിലേക്ക് ആകർഷിക്കുന്നത്. പിന്നീട് ബോണസ് നൽകി പ്രോത്സാഹിപ്പിക്കും. മരണക്കളിക്കുവേണ്ടി വായ്പ നൽകാനും മൊബൈൽ ആപ്പുകളുണ്ട്. ഇത് പിന്നീട് വൻ ദുരന്തമായി കലാശിക്കുകയാണ്. പലരും കടക്കെണിയിലാണ് ജീവനൊടുക്കുന്നത്. കുടുംബങ്ങളെ തകർക്കുന്ന ഓൺലൈൻ ചൂതാട്ടത്തിനെതിരേ സമൂഹം ഇനിയും വേണ്ടത്ര ജാഗ്രതയോടെ പ്രതികരിക്കാൻ തയ്യാറായില്ല എന്നതാണ് ഇതു സംബന്ധിച്ച ഓർഡിനൻസ് ഉണ്ടാവാൻ തന്നെ കാരണം. മയക്കുമരുന്നുപോലെ ഈ സാമൂഹ്യ വിപത്തിനെതിരേ ശക്തമായ പ്രതിരോധമുണ്ടാകണമെന്ന് മാതാപിതാക്കൾ ആവശ്യപ്പെടുന്നുണ്ട്.

ഓൺലൈൻ ഗെയിമിനടിമയാകുന്നതു മൂലം കുട്ടികളുടെ സ്വാഭാവം തന്നെ മാറിപ്പോവുകയാണെന്ന് മനഃശാസ്ത്രജ്ഞർ വിലയിരുത്തുന്നു. ഒരേ സമയം പല സ്ഥലങ്ങളിലുള്ള ആളുകൾ ഒരേ ഗെയിം കളിക്കുകയും പരസ്പരം സംസാരിച്ച് അപകടങ്ങളിൽ ചെന്നു ചാടുകയും ചെയ്യുന്നുണ്ട്. പെൺകുട്ടികളെപോലും വലയിലാക്കാൻ ഈ കളികൾ ദുരുപയോഗം ചെയ്യുന്നുണ്ടെന്ന് നിയമവിദഗ്ധർ പറയുന്നു.

മക്കൾ ഇത്തരം കളികളിൽ കുടുങ്ങുന്നുണ്ടോ എന്ന് ശ്രദ്ധിക്കേണ്ടത് മാതാപിതാക്കളാണ്. ഇത്തരം ഗെയിമുകളെക്കുറിച്ചു മാതാപിതാക്കന്മാർക്കും അവബോധമുണ്ടാകണം. മാതാപിതാക്കൾ മക്കളുടെ മുന്നിലിരുന്ന് കൂടുതൽ സമയം മൊബൈൽ ഉപയോഗിക്കുന്നത് പ്രലോഭനങ്ങളുണ്ടാക്കാൻ ഇടവരുത്തുമെന്ന അവബോധം അനിവാര്യമാണെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. അനിയന്ത്രിതമായ ഓൺലൈൻ ഗെയിമുകൾ വ്യക്തിജീവിതവും കുടുംബജീവിതവും തകർക്കും. ഇതു സംബന്ധിച്ച നിരവധി ഉദാഹരണങ്ങൾക്ക് കേരളം സാക്ഷിയാണ്. എന്നിട്ടും ഈ മരണക്കളി നിയമവിധേയമാക്കിയതിനെതിരേ പ്രതിഷേധങ്ങളും പ്രതികരണങ്ങളും ഉയരാത്തത് കേരളത്തിന് മറ്റൊരു ശാപമായി മാറും.

## ഫെബ്രുവരി 11 ലോക രോഗീദിനം

# രോഗികളെ ഏകാന്തതയിലാക്കരുത്

തൃശൂർ: രോഗികളെ സുഖപ്പെടുത്തുന്നത് സൗഹൃദായകമായ ബന്ധങ്ങളാണെന്ന് ഫ്രാൻസീസ് മാർപാപ്പ ഓർമിപ്പിച്ചു. 32-ാമത് ലോക രോഗീദിനമാചരിക്കുന്ന ഫെബ്രുവരി 11 നോടനുബന്ധിച്ച് പാപ്പാ നൽകിയ സന്ദേശത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

വാർധക്യവും രോഗവും പേറുന്നവർ പലപ്പോഴും ഏകാന്തത അനുഭവിക്കുന്നവരും ചിലപ്പോഴെങ്കിലും തിരസ്കൃതരാകുന്നവരുമാണ്. ഇത് വ്യക്തി കേന്ദ്രീകൃത സംസ്കാരത്തിന്റെ അനന്തരഫലമാണെന്ന് പാപ്പാ ഓർമിപ്പിച്ചു. ഏതൊരു രോഗത്തിനും ആവശ്യമായുള്ള ശുശ്രൂഷയുടെ ആദ്യരൂപം കരുണാർദ്രവും സ്നേഹത്തോടെയുമുള്ള സാമീപ്യമാണ്. നല്ല സമരിയക്കാരൻ ചെയ്തപോലെ ആദ്യം ഇറങ്ങിച്ചെല്ലാനും വേദന അനുഭവിക്കുന്ന സഹോദരന് ആർദ്രമായ സ്നേഹം പകരാനുമാണ് നാം ശ്രമിക്കേണ്ടതെന്ന് പാപ്പാ പറഞ്ഞു.

ഈ ലോകത്തിൽ സംസർഗത്തിനും സാഹോദര്യത്തിനുമാണ് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്. ഇതുതന്നെയാണ് നാം ജീവിക്കുന്ന സമൂഹത്തിന്റെ രോഗങ്ങൾ സുഖപ്പെടുത്താൻ ഉപയോഗിക്കേണ്ടത്. രോഗികളും ദുർബലരും ദരിദ്രരും സഭയുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവരാണ്. അവർക്ക് നമ്മുടെ മാനുഷിക പരിഗണനയും അജപാലനപരമായ ശ്രദ്ധയും ലഭിക്കണം. സഹിക്കുകയും ഏകാന്തത അനുഭവിക്കുകയും ചിലപ്പോഴെങ്കിലും പാർശ്വവൽക്കരിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്യുന്ന സഹോദരരെ ശുശ്രൂഷിക്കണം. ഇതിനായി രോഗികളുടെ ആരോഗ്യമായ പരിശുദ്ധ മറിയത്തിന് നമ്മെത്തന്നെ ഭരമേൽപ്പിക്കാമെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു.

# കണ്ണാറ ഇടവകയുടെ കാരുണ്യ തീർത്ഥാടനം

കണ്ണാറ: സെന്റ് ജോസഫ് പള്ളിയിലെ കേന്ദ്രസമിതിയും വിശ്വാസ പരിശീലകരും വിദ്യാർത്ഥിനി വിദ്യാർത്ഥികളും ക്രിസ്തുമസിനോടനുബന്ധിച്ച് കാരുണ്യ തീർത്ഥാടനം നടത്തി. ഡിസംബറിലെ ആദ്യ ഞായറാഴ്ച കേന്ദ്രസമിതി അംഗങ്ങൾ മാനസിക വൈകല്യമുള്ള കുട്ടികളുടെ സ്ഥാപനങ്ങളായ കണ്ണാറ ജെയ് ക്രിസ്റ്റോ സദനിലേക്കും പട്ടിക്കാട് സ്നേഹാലയത്തിലേക്കും ക്രിസ്തുമസ് സ്നേഹോപഹാരങ്ങളുമായി കടന്നുചെന്നു.

ഇടവകയിലെ വിശ്വാസ പരിശീലകരും വിദ്യാർത്ഥികളും വെട്ടുകാട് സ്നേഹാശ്രമത്തിലും പീച്ചി അൽവേർണിയ ആശ്രമത്തിലുമുള്ള സഹോദരങ്ങൾക്ക് ക്രിസ്തുമസ് സമ്മാനങ്ങളും സന്തോഷവും പങ്കുവച്ചു. വികാരി ഫാ. വർഗീസ് കരിപ്പേരി കേന്ദ്രസമിതി പ്രസിഡന്റ് സാജു മുള്ളങ്കുഴി, റെജീന ഡേവിസ് വെട്ടത്ത്, സജി ഉഴുന്നുപുറം എന്നിവർ ക്രിസ്തുമസ് സന്ദേശങ്ങൾ നൽകി.

# എം.ടി.യുടെ വിമർശനം പലർക്കും മൃതസഞ്ജീവനിയായി

മലയാളത്തിന്റെ മഹാനായ എഴുത്തുകാരൻ ഏകാധിപത്യ ഭരണത്തിനും രാഷ്ട്രീയപാർട്ടികളുടെ നേതൃത്വപൂജയ്ക്കുമെതിരെ ഒരു അമ്പെയ്തു. ആ ശക്തമായ ശരം എടുക്കുമ്പോൾ ഒന്നേ ഉണ്ടായിരുന്നുള്ളൂ... തൊടുത്തപ്പോൾ 100 ആയി... കൊണ്ടപ്പോൾ അത് കോടി ജനങ്ങളുടെ ചിന്തകളെ തൊട്ടുണർത്തി. ഓർമ്മകൾ ഉണ്ടെങ്കിലും മിണ്ടിക്കൂടാ എന്ന അവസ്ഥയിലായിരുന്ന എഴുത്തുകാർക്കും സാംസ്കാരിക നായകന്മാർക്കും എംടിയുടെ പ്രസ്താവന ഒരു മൃതസഞ്ജീവനിയായി. പലരും സടകുടഞ്ഞെഴുന്നേറ്റു. എം. മുകുന്ദനും പ്രൊഫസർ ലീലാവതിയും ടി. പത്മനാഭനും സച്ചിദാനന്ദനും സക്കറിയയും എൻ.എസ്. മാധവനും എം.കെ. സാനുവും അതിലെ പ്രമുഖന്മാർ മാത്രം. ആഞ്ഞടിക്കാൻ ഒരു പ്രത്യേക ധൈര്യം കിട്ടിയ പോലെയായിരുന്നു ഇവരുടെയൊക്കെ പ്രതികരണങ്ങൾ. എംടിയുടെ പ്രസ്താവന ആദ്യം പുറത്തുവന്നപ്പോൾ ഭരണ പാർട്ടികളുടെ നേതാക്കൾ പ്രതികരിച്ചത് ഇങ്ങനെയായിരുന്നു. 'എം ടി വിമർശിച്ചത് കേരളഭരണത്തെക്കുറിച്ചല്ല മറിച്ച് അത് കേന്ദ്ര ഭരണത്തെക്കുറിച്ചാണ്.' അതു പറഞ്ഞ് നാക്കെടുത്തില്ല; അതാ വരുന്നു പടക്കക്കുലക്ക് തീപിടിച്ച പോലെ കേരള ഭരണത്തെക്കുറിച്ച് വലിയവരുടെ വിമർശനങ്ങൾ. ആര് സത്യങ്ങൾ പറഞ്ഞാലും അതിനെതിരെ നുണകളുടെ കോട്ടക്കൊത്തളങ്ങൾ നിർമിക്കുന്നവരും വാഴ്ത്തുപാട്ടുകൾ പാടുന്നവരും പ്രതിരോധിക്കാനാവാതെ വല്ലാത്ത ഒരു അവസ്ഥയിലെത്തി. ഭരണ നായകനെ സൂര്യനായും ഈശ്വര വരദാനമായും മഹാനായും വിശേഷിപ്പിച്ചവർ ഒടുവിൽ എം.ടി. യുടെ പ്രസ്താവനയോടെ തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ തിരുത്തുമെന്നും വാഴ്ത്തുപാട്ടുകൾ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ പാരമ്പര്യമല്ലെന്നും പറഞ്ഞ് മുഖം രക്ഷിച്ചിരിക്കുകയാണ്.



എം.ടി.വാസുദേവൻ നായർ

ഈ സന്ദർഭത്തിൽ ലോക ചരിത്രത്തിലെ ഏകാധിപതി ഹിറ്റ്ലറെക്കുറിച്ചുള്ള ഒരു കഥയാണ് ഓർമ്മ വരുന്നത്. കഥ ഇതിനോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്:- ഒരു ദിവസം ബെർലിനിലെ ഏറ്റവും പ്രശസ്തമായ സിനിമാതിയേറ്ററിലേക്ക് ആൾമാറാട്ടം നടത്തി ഹിറ്റ്ലർ എത്തി. സിനിമയ്ക്ക് മുന്നോടിയായി തന്റെ ചിത്രം സ്ക്രീനിൽ തെളിയുമ്പോൾ ആളുകൾ എങ്ങനെ പ്രതികരിക്കുന്നുവെന്ന് കാണാനാണ് ഹിറ്റ്ലർ എത്തിയത്. സിനിമ തുടങ്ങി. തിരശ്ശീലയിൽ ഹിറ്റ്ലറുടെ ചിത്രം തെളിഞ്ഞു. എല്ലാവരും എഴുന്നേറ്റ് നിന്ന് കരഘോഷം മുഴക്കി ഹിറ്റ്ലർക്ക് ജയ് വിളിക്കാൻ തുടങ്ങി. ഈ സമയം ആൾമാറാട്ടം നടത്തിയ ഹിറ്റ്ലർ കസേരയിൽ നിന്ന് എഴുന്നേറ്റു നിന്നില്ല. താൻ യഥാർത്ഥ ഹിറ്റ്ലർ ആണെന്ന അഹംബോധം അദ്ദേഹത്തെ അതിന് പ്രേരിപ്പിച്ചില്ല. ജനങ്ങളുടെ ജയ് വിളികൾ ആസ്വദിച്ചിരിക്കെ ഒരാൾ വന്ന് ഹിറ്റ്ലറുടെ തോളിൽ തട്ടി ചെവിയിൽ പറഞ്ഞു: 'എഴുന്നേറ്റ് നിൽക്കൂ സഹോദരാ... ആ തെണ്ടിയെങ്ങാനും അറിഞ്ഞാൽ താങ്കളുടെ കഥ കഴിഞ്ഞതു തന്നെ'.

ചൂണ്ടുവിരൽ...

പാവുണ്ണി കാരമുക്ക്

ഇത്ര ഇല്ലെങ്കിലും ഇതിന്റെ മറ്റൊരു പതിപ്പാണ് കേരളത്തിൽ നടക്കുന്നത്. കരിങ്കൊടി കാണിച്ചാൽ ചെടിച്ചട്ടി കൊണ്ട് പാർട്ടിയംഗങ്ങൾ തല്ലുന്നതും നായകന്റെ സുരക്ഷാസേനാംഗം വലിയ ലാത്തി കൊണ്ട് തലക്കടിക്കുന്നതും വനിതകളുടെ മുടി ചവിട്ടിപ്പിടിച്ചുകൊണ്ട് വസ്ത്രങ്ങൾ വലിച്ചു കീറുന്നതുമായ പുതിയ രക്ഷാപ്രവർത്തനങ്ങൾ കണ്ട് സഹികെട്ടായിരിക്കണം എം.ടി. പൊട്ടിത്തെറിച്ചത്. ഈ നടപടികളുടെയൊക്കെ കാരണമായ മൂലക്കല്ലിന്റെ മുന്നിൽ വച്ച് എം.ടി. പൊട്ടിത്തെറിച്ചത് നന്നായി.

ഭരണാധികാരി എറിഞ്ഞു കൊടുക്കുന്ന ഔദാര്യങ്ങളുടെ അപ്പക്കഷണങ്ങളല്ല സ്വാതന്ത്ര്യമെന്ന് കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിൽ മുഖ്യാതിഥിയായ എം.ടി. തുറന്നടിച്ചു. അധികാരം ആധിപത്യമോ സർവാധിപത്യമോ ആകാമെന്നതാണ് ഇന്നത്തെ സ്ഥിതി. ജനാധിപത്യ അധികാരം ജനസേവനത്തിനുള്ള അവസരമെന്ന സിദ്ധാന്തം ഇന്ന് കുഴിവെട്ടി മൂടിക്കഴിഞ്ഞു. നയിക്കാൻ ഏതാനും പേരും നയിക്കപ്പെടാൻ അനേകരും എന്ന പഴയ സങ്കൽപ്പത്തെ മാറ്റിയെടുക്കാൻ കമ്മ്യൂണിസ്റ്റ് ആചാര്യനായിരുന്ന ഇ.എം.എസ് എന്നും ശ്രമിച്ചിരുന്നു. നേതൃത്വപൂജകളിലൊന്നും അദ്ദേഹത്തെ കാണാതിരുന്നത് അതുകൊണ്ടാണെന്നും എംടി തുറന്നടിച്ചു. കേൾക്കേണ്ടവരെ മുന്നിലിരുത്തിത്തന്നെയാണ് അദ്ദേഹം ഭയരഹിതനായി രാജാവ് നഗ്നനാണെന്ന സത്യം വിളിച്ചു പറഞ്ഞത്. ചരിത്രപരമായ ഒരാവശ്യത്തെക്കുറിച്ച് ഇവിടെ പറയാനാഗ്രഹിക്കുന്നുവെന്ന ആമുഖത്തോടെയാണ് അദ്ദേഹം പ്രസംഗം ആരംഭിച്ചത്. തെറ്റുപറ്റിയെന്ന് ബോധ്യമായാൽ അത് സമ്മതിച്ച് തിരുത്തുന്ന പതിവ് നമ്മുടെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക ജീവിത മണ്ഡലങ്ങളിലെ മഹാരഥന്മാർക്കിന്ന് ഇല്ലാതായെന്നും ഇഎംഎസ് അങ്ങനെ ആയിരുന്നില്ലെന്നും എംടി ശക്തമായ മുന്നറിയിപ്പും നൽകി. എന്നിട്ടും ആ പറഞ്ഞത് ഞമ്മളെക്കുറിച്ചല്ല എന്ന് പറയാൻ നേതാക്കൾ കാണിച്ച തൊലിക്കട്ടി അപാരം തന്നെയെന്ന് പറയേണ്ടിവരും!!! വീരാരാധന എവിടെയും അപകടമാണ്. അതിൽ വീണുപോയ മണ്ടൻ സമൂഹമാണ് നമ്മുടേത്. സക്കറിയയുടെ വാക്കുകളിൽ ഒളിഞ്ഞു കിടക്കുന്ന ഒരു വലിയ സത്യമുണ്ട് 'പ്രതികരണശേഷി നഷ്ടപ്പെടുന്ന ഒരു സമൂഹമായി നാം തളരുകയാണോ?' പരിശോധിക്കപ്പെടേണ്ട വിഷയമാണ്. ഭരണനായകർ തെറ്റുകൾ തിരുത്തുന്നില്ലെങ്കിൽ തിരുത്തൽ ശക്തിയാകാൻ ജനത്തിനു കഴിയണം. 'ചരിത്രത്തിന് ഒരു സ്വഭാവമുണ്ട്. അത് വീണ്ടും വീണ്ടും ആവർത്തിക്കപ്പെടും. അത് മറക്കാതിരുന്നാൽ നന്ന്.' - ടി. പത്മനാഭൻ എന്ന എഴുത്തുകാരൻ പറഞ്ഞത് എത്രയോ പരമാർത്ഥമാണ്. ആ പരമാർത്ഥം തിരിച്ചറിയാൻ ജനങ്ങൾക്ക് കഴിയട്ടെ.

# മാമ്മോദീസ ദിനം ആഘോഷിക്കണം: മാർപാപ്പ

വത്തിക്കാൻസിറ്റി: എല്ലാ വർഷവും മാമ്മോദീസദിനം ജന്മദിനം പോലെ ആഘോഷിക്കണമെന്ന് ഫ്രാൻസീസ് മാർപാപ്പ ആഹ്വാനം ചെയ്തു. ഈശോയുടെ ജ്ഞാനസ്നാന തിരുനാൾ ദിനത്തിൽ 16 ശിശുക്കൾക്ക് മാമ്മോദീസ നൽകിയ പാപ്പ, തുറന്ന ഹൃദയത്തോടെയും നിഷ്കളങ്കതയോടെയും വിശ്വാസം സ്വീകരിക്കുന്നതിനു ശിശുക്കളെ മാതൃകയാക്കണമെന്നും പറഞ്ഞു.

വത്തിക്കാനിലെ സിസ്റ്റൈൻ ചാപ്പലിലായിരുന്നു. മാമ്മോദീസ ചടങ്ങുകൾ. ഓരോരുത്തരെയായിട്ടാണ് മാർപാപ്പ മാമ്മോദീസ മുക്കിയത്. ക്രിസ്ത്യാനിയായ ദിവസം എന്നാണെന്ന് ഓരോരുത്തരും ഓർത്തിരിക്കണം - മാർപാപ്പ പറഞ്ഞു.

# എക്സൽ അക്കാദമി, 2024 ഫെബ്രുവരി

**CUET (Common University Entrance Test)**

2024 മെയ് മാസത്തിൽ നടക്കുന്ന CUET Exam നുള്ള കോച്ചിങ്ങ് ആരംഭിച്ചു.

**K-TET (Kerala Teachers eligibility Test)**

**K-TET Exam** കാറ്റഗറി 1, 2, 3, 4 **(LP, UP, High School)** നുള്ള കോച്ചിങ്ങ് ആരംഭിച്ചു.

**ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം**

(Coaching Centre for Minority Youth)

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും രാവിലെ 10.30 മുതൽ 4.00 വരെ സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു.

**സിവിൽ സർവ്വീസ് കോഴ്സ്**

സിവിൽ സർവ്വീസ് കോഴ്സ്, വീക്കെന്റ് ബാച്ച് - എല്ലാ ശനിയാഴ്ചകളിലും പൊതു അവധിദിവസങ്ങളിലും രാവിലെ 10.00 മുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും.

**Excel Excellence Exam**


തൃശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്കൂളുകളിലും വച്ച് നവംബർ-ഡിസംബർ മാസത്തിൽ നടന്ന Excel Excellence Exam ന്റെ റിസൽറ്റ് ഫെബ്രുവരി 10-ന് പ്രസിദ്ധീകരിക്കും.

**കൂടുതൽ വിവരങ്ങൾക്ക്:** 9744941585/ 9847276657/ 7306952904

## 'ഏകം' ദമ്പതീദർശനം

തൃശൂർ: 'ഏകം' ദമ്പതീ ദർശനം ഫെബ്രുവരി 9, 10, 11 തീയതികളിൽ കുറ്റൂരിലെ സിയോൺ സെന്ററിൽ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 9995238683, 9072011773.
youtube : ekam couple enrichment program


51 YEARS OF DIVINE JOURNEY



PRINCY CHAZHOOR
D/o Mr. C.R. JOSE & Mrs. ROSILY JOSE
KURIACHIRA
17.11.1970 07.02.1973
Prayerful Greetings From...
Raphy, Nino, Navya, Naveen

SHINING STAR TOURISTS
Mob: 9846242435, 9995956666
E-mail : sst.tcr@gmail.com

| | | |
|---|---|---|
| ഫെബ്രു. 24-25 | ഊട്ടി | Rs. 5000/- |
| ഏപ്രിൽ 01-06 | ഹൈദരാബാദ് (ട്രെയിൻ) | Rs. 14500/- |
| ഏപ്രിൽ 20-26 | ഡൽഹി, ആഗ്ര, ജയ്പൂർ | Rs.23000/- |
| ഏപ്രിൽ 27-29 | വേളാങ്കണ്ണി, ട്രിച്ചി, തഞ്ചാവൂർ, ശ്രീരംഗം | Rs. 2500/- |
| ഏപ്രിൽ 12-17 | ഗോവ, മൂകാംബിക, മുർദ്ദേശ്വർ, ഗോകർണ്ണം | Rs. 14500/- |

എല്ലാ വെള്ളിയാഴ്ചയും
വേളാങ്കണ്ണി തീർത്ഥയാത്ര
ഇപ്പോൾ ട്രെയിനിലും ബസിലും പോകാവുന്നതാണ്

ഉടൻ ആവശ്യമുണ്ട്
PART TIME/ FULL TIME
150ൽ പരം വർഷത്തെ സേവനപാരമ്പര്യം ഉള്ള ഇന്ത്യയിലെ പ്രശസ്ത ഗ്രൂപ്പിന്റെ തൃശൂർ ബ്രാഞ്ചിൽ നിരവധി തൊഴിലവസരങ്ങൾ.
മുൻഗണന:
Retd. Officers, Bankers, Ex-NRIs, Housewives
പ്രായപരിധി: 35 to 65
യോഗ്യത: SSLC & Above
Required Tele Callers (Age 25-35, Graduates)
Mob: 9633560550



7-ാം ചരമവാർഷികം
18 .02 .2024



ഊക്കൻ ലോനപ്പൻ
ഭാര്യ മർത്ത
കുന്നത്തങ്ങാടി
ജനനം : 21.09.1943
മരണം : 18. 02. 2017
മായാത്ത ഓർമ്മകളോടെ എന്നും ഞങ്ങളോടൊപ്പം
മറക്കാനാവാത്ത സ്നേഹവും വേർപ്പാടിന്റെ
നൊമ്പരവുമായി ഞങ്ങളിൽ ഇന്നും അമ്മ ജീവിക്കുന്നു.
ദുഃഖാർത്തരായ മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

12-ാം ചരമവാർഷികം



ജനനം 07/03/1941
മരണം 12/02/2012
കുരുതുകുളങ്ങരെ പെല്ലിശ്ശേരി
ദേവസ്സി പൗലോസ്
(പി.ഡി.പൗലോസ് മാസ്റ്റർ)
അമ്മാടം, തൃശ്ശൂർ
ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

Jesus Holiday
West Fort Thrissur, Mannuthy
വേളാങ്കണ്ണിയാത്ര



എല്ലാ വെള്ളിയാഴ്ചയും വേളാങ്കണ്ണി യാത്ര Non A/c, A/c Volvo
ചാലക്കുടി കൊടകര പുതുക്കാട് മണ്ണുത്തി പട്ടിക്കാട് വഴി വേളാങ്കണി
ഇരിഞ്ഞാലക്കുട ഊരകം ചേർപ്പ് പാലയ്ക്കൽ തൃശൂർ മണ്ണുത്തി പട്ടിക്കാട് വഴി വേളാങ്കണി

| | |
|---|---|
| ഫെബ്രു | 23 വേളാങ്കണി ട്രെയിൻ യാത്ര |
| മാർച്ച് | 07 മദ്രാസ് മഹാബലിപുരം മൈലാപ്പൂർ യാത്ര |
| മാർച്ച് | 07 ഗോവ ട്രെയിൻ യാത്ര |
| ഏപ്രിൽ | 01 ഗോവ ട്രെയിൻ യാത്ര |
| ഏപ്രിൽ | 02 ഡൽഹി ആഗ്ര ജയ്പൂർ ട്രെയിൻ & ഫ്ളൈറ്റ് യാത്ര |
| ഏപ്രിൽ | 10 ഹൈദരാബാദ് ട്രെയിൻ യാത്ര |
| ഏപ്രിൽ | 19 വയനാട് യാത്ര |
| ഏപ്രിൽ | 25 ഡൽഹി ആഗ്ര ജയ്പൂർ ട്രെയിൻ യാത്ര |
| മെയ് | 10 കൊടൈക്കനാൽ പഴനി യാത്ര |
| മെയ് | 17 ബാംഗ്ലൂർ ട്രെയിൻ & ഫ്ളൈറ്റ് യാത്ര |
| മെയ് | 24 ഹൈദരാബാദ് ട്രെയിൻ യാത്ര |
| എല്ലാ മാസവും വേളാങ്കണി ട്രെയിൻ യാത്ര | |

എല്ലാ വിധ ടൂർ പാക്കേജുകൾക്കും സമീപിക്കുക
(ട്രെയിൻ, ഫ്ളൈറ്റ്, ബസ്, ഷിപ്) എല്ലാ വിധ വാഹനങ്ങൾക്കും സമീപിക്കുക
പി. ഡി ജോർജ്ജ് 9447512868, 9188139510
ബിജു 8714433408

## അടിസ്ഥാന തൊഴിലാളികൾ

# സമൂഹ നിർമിതിയുടെ അടിക്കല്ലുകൾ



റവ. ഡോ. ഡേവിസ് തെക്കേക്കര

പ്രഭാഷക ഗ്രന്ഥത്തെക്കുറിച്ചുള്ള ആമുഖ പഠനം കഴിഞ്ഞ ലക്കത്തിൽ നാം വിശദീകരിക്കുകയുണ്ടായി. ഈ ലക്കത്തിൽ ഈ ഗ്രന്ഥത്തിലെ 37, 38 അധ്യായങ്ങളിലെ ഉള്ളടക്കത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ക്രിയാത്മകമായ സമൂഹ നിർമിതിക്കും വ്യക്തിപരമായ ജീവിത ക്രമീകരണത്തിനും ആവശ്യമായ ഉപദേശങ്ങളാണ് ഈ ഭാഗത്തുള്ളത്. അഞ്ച് തലക്കെട്ടുകളിലായി ഈ ഉള്ളടക്കത്തെ ചിട്ടപ്പെടുത്തി പഠിക്കാവുന്നതാണ്.

### സുഹൃദ്ബന്ധങ്ങൾ (പ്രഭാഷകൻ 37:1-15)

നല്ല സമൂഹങ്ങളെ കെട്ടിപ്പടുക്കുന്നതിന് സൗഹൃദങ്ങൾ ആവശ്യമാണ്. കുടുംബബന്ധങ്ങളെയും സൗഹൃദ വലയങ്ങളെയും ഇഷ്ടപ്പെടാത്തവർ മാനസിക പക്വതയില്ലാത്തവരായിട്ടാണ് പൊതുവിൽ കണക്കാക്കപ്പെടുന്നത്. സൗഹൃദങ്ങളെക്കുറിച്ച് ഇത്രമാത്രം പ്രായോഗിക രീതിയിൽ വിശദീകരിക്കുന്ന മറ്റൊരു വിശുദ്ധഗ്രന്ഥം ഇല്ല. അഞ്ചുതരം വ്യാജ സുഹൃത്തുക്കളെക്കുറിച്ച് ഈ ഭാഗത്ത് നാം മനസിലാക്കുന്നു

1. **നാമമാത്ര സുഹൃത്തുക്കൾ:** ഇക്കൂട്ടർ പേരിനുമാത്രം സുഹൃത്തുക്കളാണ്. ഗുണമോ ദോഷമോ ഇല്ല. സുഹൃത്തിനു വേണ്ടി ത്യാഗം ചെയ്യുവാനോ സമയം ചിലവഴിക്കുവാനോ ഇവർ തയ്യാറല്ല.
2. **വഞ്ചനാസുഹൃത്തുക്കൾ:** ഇവർ സുഹൃത്തുക്കളായി പ്രത്യക്ഷത്തിൽ ഭാവിക്കുന്നുണ്ടെങ്കിലും വഞ്ചനയും പ്രതികാരവുമാണ് ഇവരുടെ ലക്ഷ്യം.
3. **സന്തോഷ സുഹൃത്ത്:** സന്തോഷ വേളകളിലും സമ്പത്തു കാലത്തും അടുത്തു കൂടുന്നവരാണ് ഇവർ. ആവശ്യങ്ങളിലും ആപത്ഘട്ടങ്ങളിലും ഇവരെ കണ്ടുമുട്ടുകയില്ല.
4. **ഉദരപൂരണ സുഹൃത്ത്:** നല്ല ഭക്ഷണത്തിനും മദ്യപാനത്തിനും മാത്രമായി ഒത്തുകൂടുന്നവരാണ് ഇവർ. ദാരിദ്ര്യത്തിലും രോഗത്തിലും ഇവർ അപ്രത്യക്ഷരാകും.
5. **ഉപദേശി സുഹൃത്ത്:** ഉപദേശങ്ങളായി സൗഹൃദം സ്ഥാപിക്കുന്നവരാണിവർ. ഇവരുടെ ഉദ്ദേശം നന്മയല്ല മറിച്ച് ചതിയാണ്. സ്വാർത്ഥതയും അസൂയയും ഇവരുടെ ഉപദേശങ്ങളിൽ നിറഞ്ഞു നിൽക്കും. ഇത്രയും വിശദീകരിച്ചതിനുശേഷം ആരാണ് നല്ല സുഹൃത്ത് എന്നുകൂടെ പ്രഭാഷകൻ വിശദീകരിക്കുന്നു.

**മൂന്നു ഗുണങ്ങൾ കൊണ്ട് നല്ല സുഹൃത്തുക്കളെ മനസിലാക്കാനാകും.**

**1. ദൈവ കൽപ്പനകൾ പാലിക്കുന്നവർ**
**2. ഒരേ സ്വഭാവ ഗുണങ്ങൾ ഉള്ളവർ**
**3. പരാജയങ്ങളിൽ സഹതപിക്കുന്നവർ**

സുഹൃദ്ബന്ധങ്ങളെക്കുറിച്ച് ഇത്രയും കൃത്യതയോടെ വിശദീകരിക്കുന്ന ഗ്രന്ഥകാരൻ എത്രമാത്രം മനുഷ്യബന്ധങ്ങളെ മനസിലാക്കിയിട്ടുണ്ടെന്ന് ഗ്രഹിക്കാം. എല്ലാ ഉപദേശങ്ങളെയും ഉൾക്കൊള്ളുന്നതിനു മുൻപ് രണ്ടു കാര്യങ്ങൾ കൂടി ചെയ്യണം എന്ന് പ്രഭാഷകൻ പഠിപ്പിക്കുന്നു. ഒന്ന് മനഃസാക്ഷിയുടെ സ്വരത്തിനു കാതോർക്കുക. രണ്ട് സർവശക്തന്റെ സഹായത്തിനായി പ്രാർത്ഥിക്കുക. ഇത്രയുമായാൽ നല്ല സുഹൃത്തുക്കളും അതുവഴി നല്ല സമൂഹവും രൂപപ്പെടും.

### യഥാർത്ഥ ജ്ഞാനി (പ്രഭാഷകൻ 37:16-31)

പ്രഭാഷക ഗ്രന്ഥത്തിൽ ഉടനീളം ഒരു നൂലുപോലെ കടന്നുപോകുന്ന വിഷയമാണ് 'ജ്ഞാനവും ജ്ഞാനിയും'. ജ്ഞാനം ദൈവദാനമാണെന്നും യഥാർത്ഥ ദൈവഭയം ദൈവകല്പനകളുടെ അനുസരണത്തിലാണെന്നും ഈ ജ്ഞാനമെല്ലാം ദൈവത്തിന്റെ അകമഴിഞ്ഞ ദാനമാണെന്നും പ്രഭാഷകൻ വിശ്വസിക്കുന്നു.

ഇപ്പോൾ പഠിക്കപ്പെടുന്ന ഗ്രന്ഥഭാഗത്ത് ഒരു ജ്ഞാനിയുടെ പ്രായോഗിക ജീവിതത്തെക്കുറിച്ചാണ് വിശദമാക്കുന്നത്. ചിന്ത-നാവ്-പ്രവൃത്തി എന്നിവയുടെ വിവേകപൂർണ്ണമായ നിയന്ത്രണത്തിലാണ് ഒരു ജ്ഞാനിയുടെ ആത്മാവ് കുടികൊള്ളുന്നതെന്ന് പ്രഭാഷകൻ വ്യക്തമാക്കുന്നു. നന്മയും തിന്മയും ജീവനെയും മരണത്തെയും വിവേചിച്ചറിയുന്നവനാണ് ഒരു ജ്ഞാനി. ആഡംബരങ്ങൾക്കായുള്ള അമിതവ്യയവും ഭക്ഷണത്തോടുള്ള ആർത്തിയും ഒരു വിഡ്ഢിയുടെ ലക്ഷണമാണ്. മറ്റുള്ളവരെ ഉപദേശിക്കുവാനുള്ള സാമർത്ഥ്യവും സ്വന്തം കാര്യത്തിൽ പ്രകടിപ്പിക്കുന്ന ബുദ്ധിശൂന്യതയും വിഡ്ഢിയുടെ പ്രത്യേകതയാണ്.

അതിനാൽ വിവേകത്തോടും ജ്ഞാനത്തോടും കൂടിയുള്ള പ്രവർത്തനം ഒരു സമൂഹത്തെ ശക്തിപ്പെടുത്തും. ഒരുവന്റെ പരിമിതമായ ജീവിതകാലത്ത് ജ്ഞാന സമ്പാദനം നടത്തണമെന്ന് പ്രഭാഷകൻ ഉപദേശിക്കുന്നു.

### യഥാർത്ഥ വൈദ്യൻ (പ്രഭാഷകൻ 38:1-15)

നല്ലൊരു സമൂഹ നിർമിതിക്ക് വിവിധതരത്തിലുള്ള തൊഴിലുകൾ ഓരോ വ്യക്തിയും നിറവേറ്റേണ്ടതുണ്ട്. ദൈവത്തിന്റെ പരിപാലനയിൽ വിശ്വസിക്കുകയും തനിക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ചുമതലകൾ നിറവേറ്റാതിരിക്കുകയും ചെയ്യുമ്പോൾ സമൂഹത്തിന്റെ നിലനിൽപ്പ് ഇല്ലാതാകും. ഇത്തരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് ഡോക്ടർമാരുടെ തൊഴിലും ഔഷധക്കൂട്ടുകളുടെ മിശ്രണങ്ങളും. വൈദ്യന്മാരെക്കുറിച്ചും ഔഷധങ്ങളെക്കുറിച്ചും വ്യക്തമായി പഠിപ്പിക്കുന്ന വേറെ വിശുദ്ധ ഗ്രന്ഥഭാഗമില്ല. രോഗശാന്തിക്കായി പ്രാർത്ഥന മാത്രമല്ല, വൈദ്യനും ഔഷധവും ആവശ്യമാണെന്ന് വ്യക്തമായി പഠിപ്പിക്കുന്നു.


**നാല് കാര്യങ്ങളാണ് പ്രഭാഷകൻ ഇവിടെ പഠിപ്പിക്കുന്നത്**

1. **വൈദ്യന്റെ വൈഭവം ദൈവികമാണ്**
2. **ദൈവം തന്നെയാണ് അവനെ നിയോഗിച്ചത്**
3. **അവനും കർത്താവിനോട് പ്രാർത്ഥിക്കുവാൻ കടപ്പെട്ടവനാണ്**
4. **ഔഷധങ്ങൾ മനുഷ്യൻ നന്മയ്ക്കായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. വെള്ളത്തെ നേരിട്ട് മധുരിപ്പിക്കാതെ ദൈവം ഒരു തടിക്കഷണം ഉപയോഗിച്ചാണല്ലോ മധുരജലം ആക്കിയത് (പുറപ്പാട് 15:23-25)**

**രോഗശാന്തിക്കായി ഒരു രോഗി അഞ്ച് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്**

1. **രോഗാവസ്ഥയിൽ പ്രാർത്ഥിക്കുക**
2. **തെറ്റുകൾ തിരുത്തുക**
3. **പാപം ഒഴിവാക്കുക**
4. **സുരഭില കാഴ്ചകൾ നിറവേറ്റുക**
5. **രോഗം നിർണയിച്ച് സുഖപ്പെടുത്താൻ ഒരു വൈദ്യനെ സമീപിക്കുക**

ധ്യാനകേന്ദ്രങ്ങളിലേക്കും പ്രാർത്ഥനാലയങ്ങളിലേക്കും രോഗശാന്തിക്കും സൗഖ്യത്തിനുമായി ഓടിക്കൂടുന്നവർ വളരെ ശ്രദ്ധയോടെ പഠിച്ചിരിക്കേണ്ട ബൈബിൾ ഭാഗമാണിത്.




പഠനങ്ങളിലൂടെ

### ഇന്നലെ ഞാൻ; ഇന്നു നീ (പ്രഭാഷകൻ 38:16-23)

വ്യക്തിജീവിതത്തിലെ ഏറ്റവും വലിയ ഭയമാണ് മരണത്തെക്കുറിച്ചുള്ളത്. സഭാപ്രസംഗകന്റെ പുസ്തകമാണ് ഏറ്റവും തത്ത്വശാസ്ത്രപരമായി മരണമെന്ന യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുന്നത്. ഇവിടെ പ്രഭാഷകൻ മരണാനന്തരം ഒരു വ്യക്തിയെ എങ്ങനെ ബഹുമാനിക്കണമെന്ന് പഠിപ്പിക്കുന്നു. മരണത്തിനുശേഷം ജീവിതമില്ല എന്ന് പഠിപ്പിക്കുന്നവർക്ക് ഒരു താക്കീതാണ് ഈ ഉപദേശം. ഓരോ കല്ലറയും വിളിച്ചു പറയുന്നത് 'ഇന്നലെ ഞാൻ... ഇന്നു നീ' എന്നതാണ്. മരണാനന്തര ശുശ്രൂഷയുടെ ഭാഗമായി മൂന്ന് ഉപദേശങ്ങളാണ് പ്രഭാഷകൻ നൽകുന്നത്.

**1. മരിച്ചവനെ ഓർത്ത് സത്യസന്ധമായി വിലപിക്കുക**
**2. മരിച്ച വ്യക്തിക്ക് സമർഹമായ സംസ്കാരം നടത്തുക**
**3. മരിച്ചവനെ ഓർത്ത് അമിത ദുഃഖവും അമിത സ്മരണകളും ഒഴിവാക്കുക**

ഈ വിശുദ്ധ ഗ്രന്ഥഭാഗം ഒരു വ്യക്തിയുടെ മരണത്തെക്കുറിച്ച് എന്നതിനേക്കാൾ മരിച്ച വ്യക്തിയുടെ കുടുംബാംഗങ്ങൾ അനുവർത്തിക്കേണ്ട പ്രായോഗിക സമീപനത്തെയാണ് വിശദീകരിക്കുന്നത്. ഒരു വ്യക്തിയുടെ മരണത്തിൽ അമിതമായി ദുഃഖിക്കുന്ന കുടുംബാംഗങ്ങളെ മാനസികമായി ശക്തിപ്പെടുത്തുന്നതാണ് ഈ ഉപദേശങ്ങൾ. മരിച്ചവർ മരിച്ചു; എന്നാൽ ജീവിച്ചിരിക്കുന്നവർ ആശ്വാസത്തോടെ ജീവിക്കണം. ജീവിതത്തെ ക്രമപ്പെടുത്തുന്നതിലാണ് ജ്ഞാനം അടങ്ങിയിരിക്കുന്നത്.

### കുശവനും കരുവാനും (പ്രഭാഷകൻ 38:24-34)

നല്ല സമൂഹ നിർമിതിക്കായുള്ള യുദ്ധത്തിലാണല്ലോ പ്രഭാഷകൻ എന്ന ജ്ഞാനി. ഗ്രീക്ക് അധിനിവേശത്തിൽ ശിഥിലമായ ഇസ്രായേൽ സമൂഹത്തെ കെട്ടിപ്പടുക്കുവാൻ ആവശ്യമായ ബൗദ്ധിക യുദ്ധം നടത്തുകയാണ് പ്രഭാഷകൻ. ഒരു വ്യക്തിയുടെ അടിസ്ഥാന അസ്ഥിത്വം രൂപപ്പെടുന്നത് അവൻ നടത്തുന്ന ജോലിയിലാണ് എന്നത് സത്യമാണ്. എങ്കിൽ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിൽ ഏതുതരം ജോലിക്കായിരിക്കും പ്രാധാന്യം എന്നതാണ് ഈ ഭാഗത്ത് പരാമർശിക്കുന്നത്. വിപ്ലവകരമായ ആശയമാണ് പ്രഭാഷകൻ ഈ ഭാഗത്ത് വിശദീകരിക്കുന്നത്. കർഷകനും കരുവാനും കുശവനും ചിത്രകാരനും കൊത്തുപണിക്കാരനും അടങ്ങുന്ന ഏറ്റവും താഴെക്കിടയിലെന്ന് കരുതുന്ന ജോലിക്കാരാണ് ഈ സമൂഹനിർമിതയുടെ മൂലക്കല്ലുകളെന്ന് പ്രഭാഷകൻ വിശദീകരിക്കുന്നു

ആദരം അർഹിക്കുന്ന പണ്ഡിതന്മാർക്ക് പാണ്ഡിത്യം നേടുവാൻ സാധിക്കുന്നത് അതിനനുസരിച്ച് വിശ്രമവും വ്യഗ്രതാ വിമുക്തതയും ഉള്ളതുകൊണ്ടാണെന്നാണ് പ്രഭാഷകന്റെ അനുമാനം. എന്നാൽ പണ്ഡിതനെയും ന്യായാധിപനെയും താങ്ങിനിർത്തുന്നത് സമൂഹത്തിലെ അടിസ്ഥാന ജോലിക്കാരാണ് എന്നതാണ് യാഥാർത്ഥ്യം. എന്നാൽ ഇത്തരം അടിസ്ഥാന ജോലിക്കാർക്ക് അർഹമായ അംഗീകാരവും ബഹുമാനവും ലഭിക്കുന്നില്ല എന്നതാണ് സത്യം. പൗരസമിതികളിലേക്ക് അവർക്ക് പ്രവേശനമില്ല... ന്യായാസനങ്ങളിൽ അവർക്ക് ഇരിപ്പിടമില്ല... വിധിപ്രസ്താവം അവർക്കറിയില്ല... ആപ്തവാക്യങ്ങൾ അവർ ഗ്രഹിക്കുന്നില്ല... പക്ഷേ അവരില്ലാതെ സമൂഹത്തിന് നിലനിൽപ്പില്ല

വിവിധ ജോലികളെക്കുറിച്ച് പ്രഭാഷകൻ വിശദീകരിക്കുമ്പോൾ രണ്ടു ജോലികളെയാണ് പ്രധാനമായി വിശദീകരിക്കുന്നത്. ഉലയൂതുന്ന ഇരുമ്പു പണിക്കാരനെയും ചക്രംതിരിക്കുന്ന കുശവനെയും. ഉലയിലെ ചൂട് കൊണ്ട് കരുവാന്റെ ശരീരം കരുവാളിച്ചു ക്ഷയിക്കുകയും കൂടമടിയുടെ ശബ്ദംകൊണ്ട് അവന്റെ കാതുകൾ അടയുകയും ചെയ്യുന്നു. പക്ഷേ തന്റെ ശരീരവും ആരോഗ്യവും ഗൗനിക്കാതെ അവൻ അധ്വാനിക്കുന്നു.

കുശവന്റെ ജോലിയും വ്യത്യസ്തമല്ല. എണ്ണത്തിനനുസരിച്ച് അവൻ കളിമണ്ണ് ശേഖരിക്കുന്നു. അത് ചവിട്ടി ക്കുഴയ്ക്കുന്നു. ആ മണ്ണു മിനുക്കി പാത്രങ്ങളും ഇഷ്ടികകളും ഉണ്ടാക്കുന്നു. തീച്ചൂളയിൽ വച്ച് അത് ചുട്ടെടുക്കുന്നു. എത്ര ശ്രമകരമായ ജോലിയാണത്. എത്രയോ ജ്ഞാനം ആവശ്യമാണതിന്!!!

കർഷകരും, ചിത്രകാരനും, കൊത്തുപണിക്കാരനും, കരുവാനും, കുശവനുമടങ്ങുന്ന അടിസ്ഥാന തൊഴിലാളികളുടെ അധ്വാനമില്ലെങ്കിൽ സമൂഹത്തിന് നിലനിൽപ്പെവിടെ? വർണ്ണ വ്യവസ്ഥിതിക്കെതിരെയുള്ള ബൈബിൾ പഠനമാണിത്. ബ്രാഹ്മണനും ക്ഷത്രിയനും അടങ്ങുന്നവരെ സമൂഹം ഉന്നതകുല ജാതരായി കാണുമ്പോൾ വൈശ്യനും ശൂദ്രനും താഴ്ന്നവരായി കണക്കാക്കപ്പെടുന്നു പക്ഷേ താഴെത്തട്ടിലുള്ള ജനതയാണ് സമൂഹ നിർമിതിയുടെ മൂലക്കല്ലുകളെന്ന് പ്രഭാഷകൻ വിശദീകരിക്കുന്നു. മേലെ കാണുന്ന എല്ലാ സമൂഹങ്ങളെയും ജാതികളെയും താങ്ങിനിർത്തുന്ന അടിക്കല്ലുകളാണ് കർഷകരും കുശവനുമടങ്ങുന്ന അടിസ്ഥാന ജോലിക്കാർ.

### പ്രഭാഷകന്റെ പുസ്തകത്തെ ആസ്പദമാക്കിയുള്ള ചോദ്യാവലി

1. പ്രഭാഷകന്റെ പുസ്തകത്തിൽ വൈദ്യസഹായം തേടേണ്ടിവരുന്നത് ആർക്കാണ്?
2. ഹൃദയത്തിൽ വേരൂന്നിയിരിക്കുന്ന ചിന്തയ്ക്ക് എത്ര ശാഖകൾ ഉണ്ടെന്നാണ് പ്രഭാഷകന്റെ പുസ്തകത്തിൽ പറയുന്നത്? അവ ഏവ?
3. ദൈവം മനുഷ്യർക്ക് സിദ്ധികൾ നൽകിയത് എന്തിന്?
4. ആരുടെ ഉപദേശം സ്വീകരിക്കുന്നതാണ് വിശ്വാസയോഗ്യമായി പറയുന്നത്?
5. എന്ത് ഒഴിഞ്ഞുപോകുമ്പോഴാണ് ജ്ഞാനം ലഭിക്കുന്നത്?
6. സ്നേഹിതൻ ശത്രുവായി മാറുന്നത് എന്തിന് തുല്യമായ ദുഃഖമാണ്?
7. നല്ല സുഹൃത്തുക്കളെ മനസ്സിലാക്കാനുള്ള ഗുണങ്ങൾ എത്ര? അവയേവ?
8. ഉപദേശങ്ങളെ ഉൾക്കൊള്ളുന്നതിനു മുൻപ് ചെയ്യണമെന്ന് പ്രഭാഷകൻ പഠിപ്പിക്കുന്ന കാര്യങ്ങൾ?
9. ഒരു ജ്ഞാനിയുടെ ആത്മാവ് കുടികൊള്ളുന്നത് എന്തിന്റെ നിയന്ത്രണത്തിലാണെന്നാണ് പ്രഭാഷകൻ വ്യക്തമാക്കുന്നത്
10. സന്തോഷ വേളകളിലും സമ്പത്ത് കാലത്തും അടുത്തു കൂടുന്നവർ ഏതു ഗണത്തിൽപ്പെട്ട സുഹൃത്തുക്കളാണ്

*മുഴുവൻ ശരിയുത്തരങ്ങളയയ്ക്കുന്നവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന വിജയിക്ക് 250/- രൂപയുടെ കാഷ് പ്രൈസ് നൽകുന്നതാണ്. ശരിയുത്തരങ്ങളയയ്ക്കേണ്ട അവസാന തീയതി ഫെബ്രുവരി 15. അഡ്രസും ഫോൺ നമ്പറും ഉത്തരത്തോടൊപ്പം അയക്കേണ്ടതാണ്. സമ്മാനം കൈപ്പറ്റേണ്ട അവസാന തീയതി ഫെബ്രുവരി 29. മുകളിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ ആറെണ്ണം ബൈബിൾ അടിസ്ഥാനമാക്കിയും നാലെണ്ണം ലേഖനത്തെ അടിസ്ഥാനമാക്കിയുമാണ്.*

### കഴിഞ്ഞമാസം ശരിയുത്തരങ്ങൾ

1. ആത്മാവ്
2. യേശു, സിറാക്ക്
3. രക്ഷകനിലാണ്
4. വലിയ അലക്സാണ്ടർ കീഴടക്കിയ പട്ടണങ്ങൾ - ലെബനൻ, ഡമാസ്കസ്, ജെറുസലേം, ഗാസ, ഈജിപ്ത്.
5. കഷ്ടതയിൽ
6. ദൈവഭക്തിയുള്ളവന്റെ
7. വിവേകത്തോടെ
8. ചെങ്കോൽ
9. ഉപജീവനമാർഗം
10. വ്യക്തിജീവിതത്തിലെ പുണ്യവും വിശുദ്ധിയുമാണ് വിശദമാക്കുന്നത്

**കഴിഞ്ഞമാസം ശരിയുത്തരം അയച്ചവർ:** ജിസ്മി ജോജു, ബീന അഗസ്റ്റിൻ, ഗ്രേസി ചെറിയാൻ,സിജി പോൾസൺ,റീത്ത കെ. ജെ., കൊച്ചുത്രേസ്യ സൈമൺ , ആന്റോ കെ. ഒ. സീന ആന്റോ, സിന്റോ കെ. എ., ഷീല വർഗീസ്, വിൻസി വിൽസൺ, ജൊഹാൻ ജെന്റിൽ, ബേബി മാത്യു, ആനി എം. എം., സി. ലേഖ സി.എം.സി., ജെസി ജോർജ്, സി. ജിൻസി മരിയ സി.എം.സി., ത്രേസ്യാമ്മ അഗസ്റ്റിൻ, ഷീജ ഡേവിസ്, ജോസ് പി. ആർ., റീന വിൻസെന്റ്, പി.ജെ. ജോസ്, ഡാർവിൻ പി. ബി., മേരി വർഗീസ്, അനു ജോൺസൺ, ആലീസ് ജോസ്, സിസിലി ഇനാശു, നിയ മറിയ ജോസഫ്, പ്രിൻസി ആന്റോ, ജെസി തോംസൺ, കെ. സി. ജോസ്, ലൂസി ജോസ്, ഡേവിസ് അറയ്ക്കൽ, നെഹെമിയ റോസ് ജീസസ്, റോസിലി ജോർജ്, ജെസ് ല ജസ്റ്റിൻ, മേഴ്സി ജേക്കബ്,

*തിരഞ്ഞെടുക്കപ്പെട്ട വിജയി:* **പ്രിൻസി ആന്റോ ഏനാമാക്കൽ**

## കുട്ടികൾക്കുള്ള കത്ത്



*മിശിഹായിൽ സ്നേഹനിറഞ്ഞ കുഞ്ഞുമക്കളേ,*

നിങ്ങൾക്കെല്ലാവർക്കും സുഖമാണെന്ന് വിശ്വസിക്കുന്നു. ഫെബ്രുവരി മാസത്തിൽ നിങ്ങൾ വർഷാവസാന പരീക്ഷകൾക്കായുള്ള ഒരുക്കത്തിലാണെന്ന് ഞാൻ വിശ്വസിക്കുന്നു. നിന്റെ പ്രയത്നം കർത്താവിൽ സമർപ്പിക്കുക; നിന്റെ പദ്ധതികൾ ഫലമണിയും (സുഭാഷിതങ്ങൾ 16 : 3) എന്ന വചനമാണ് എനിക്ക് ഈ അവസരത്തിൽ നിങ്ങൾക്ക് നൽകാനുള്ളത്. നല്ല ഒരു പരീക്ഷാക്കാലം നിങ്ങൾക്കെല്ലാവർക്കും ആശംസിക്കുന്നു.

ഫെബ്രുവരി മാസം പകുതിയോടുകൂടെ വലിയനോമ്പ് ആരംഭിക്കുകയാണ്. ദൈവാനുഗ്രഹത്തിന്റെ കാലഘട്ടമാണ് നോമ്പുകാലം. ഈശോയോട് കൂടുതൽ അടുത്ത് ഇരിക്കാൻ, വചനം വായിക്കാൻ, ഈശോയുടെ സ്നേഹം കൂടുതൽ അടുത്ത് അനുഭവിച്ചറിയാൻ നിങ്ങൾക്ക് സാധിക്കുന്ന കാലഘട്ടമാണ് നോമ്പുകാലം. അതിനാൽ അടുത്തുള്ള കുമ്പസാരിച്ച് ഒരുങ്ങാനും, യോഗ്യതയോടെ വിശുദ്ധ കുർബാന സ്വീകരിക്കാനും, ആഗതമാകുന്ന ഉയിർപ്പുതിരുനാളിനായി ആത്മാർത്ഥമായി ഒരുങ്ങാനും നിങ്ങൾ പരിശ്രമിക്കണം. ഈശോയ്ക്ക് ഇഷ്ടപ്പെട്ട മക്കളായി ജീവിക്കാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പായി മാർ റാഫേൽ തട്ടിൽ തിരഞ്ഞെടുക്കപ്പെട്ടതിൽ നാം ഏറെ സന്തോഷിക്കുന്ന സമയമാണ്. നമുക്ക് അഭിമാനിക്കാം, ദൈവത്തിന് നന്ദി പറയാം. സീറോ മലബാർ സഭയെ ധീരമായി നയിക്കാൻ പിതാവിന് ശക്തി നൽകണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഈ മാസം അതിരൂപതയിലെ വൈദികരുടെ സ്ഥലംമാറ്റമാണല്ലോ. നിങ്ങളുടെ ഇടവകയിൽ നിന്നു മാറിപ്പോകുന്ന വൈദികർക്ക്, അവർ ചെയ്ത സേവനത്തെപ്രതി നന്ദി പറയാൻ മറക്കരുതേ. അതുപോലെ പുതുതായി വരുന്ന വൈദികനെ പരിചയപ്പെടാനും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാനും നിങ്ങൾ പ്രത്യേകം താൽപര്യം കാണിക്കുമല്ലോ. സ്ഥലം മാറിപ്പോയ വൈദികരെയും പുതുതായി ചാർജ്ജെടുക്കുന്ന വൈദികരെയും ഓർത്ത് പ്രാർത്ഥിക്കാൻ നമുക്ക് കടമയുണ്ട്.

ഏതാനും ദിവസങ്ങൾക്ക് മുമ്പ് ഒരു കുട്ടി എന്നോട് സംസാരിച്ചപ്പോൾ, അവന് പ്രാർത്ഥിക്കാനായി സാധിക്കുന്നില്ലെന്ന് പറഞ്ഞു. ഈശോയുടെ മുൻപിൽ പോയിരിക്കുമ്പോൾ പലപ്പോഴും പലവിചാരം കടന്നു വരുന്നു. അതുകൊണ്ട് പ്രാർത്ഥന അവസാനിപ്പിച്ച് മറ്റു പരിപാടികൾക്ക് ഇറങ്ങിപ്പോകുന്നു. ഇത്തരത്തിലുള്ള നിങ്ങളുടെ പ്രശ്നങ്ങൾ നിങ്ങളുടെ മതബോധന അധ്യാപകരെയും മാതാപിതാക്കളെയും വികാരി അച്ചനെയും മറ്റും അറിയിക്കുന്നത് നല്ലതാണ്. ദൈവം ഇവരിലൂടെ നിങ്ങളെ വഴിനടത്തട്ടെ.


പ്രാർത്ഥന വിരസമാകാതിരിക്കാൻ മൂന്ന് കാര്യങ്ങൾ ഞാൻ പറയാം. പ്രാർത്ഥന ഈശോയുമായുള്ള സംസാരമാണ്. എല്ലാം അറിയുന്ന, നിങ്ങളെ സൃഷ്ടിച്ച, നിങ്ങളുടെ പിതാവായ ദൈവവുമായി നിങ്ങൾ നടത്തുന്ന സംഭാഷണമാണത്. അവിടെ ഒന്നും മറച്ചു വയ്ക്കാനില്ല. ഈശോയുടെ മുമ്പിൽ വരുമ്പോൾ ആദ്യമേ നിങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങൾക്ക് ഈശോയോട് നന്ദി പറയണം. അതിനായി ഏതെല്ലാം അനുഗ്രഹങ്ങളാണ് നിങ്ങൾക്ക് ലഭിച്ചത് എന്ന് ഓർത്തെടുക്കണം. എന്തുമാത്രം അനുഗ്രഹങ്ങളാണ് ദൈവം നിങ്ങളുടെ ജീവിതത്തിൽ നൽകിയിട്ടുള്ളത്! രണ്ടാമതായി നിങ്ങളുടെ ജീവിതത്തിൽ വന്നുപോയിട്ടുള്ള പാപങ്ങളെ ഓർത്ത് ഈശോയോട് ക്ഷമ ചോദിക്കണം. നിങ്ങളുടെ പാപങ്ങൾ ഈശോയെ വേദനിപ്പിച്ചിട്ടുണ്ട്. മൂന്നാമതായി നിങ്ങളുടെ ആവശ്യങ്ങൾ, ആഗ്രഹങ്ങൾ ഈശോയ്ക്ക് സമർപ്പിക്കണം. എല്ലാ പ്രാർത്ഥനകൾക്കും ഒരു നിയോഗം ഉണ്ടാകട്ടെ. ആർക്കെല്ലാം വേണ്ടി നിങ്ങൾ പ്രാർത്ഥിക്കാൻ കടപ്പെട്ടിരിക്കുന്നു എന്ന് ഓർത്ത് പ്രാർത്ഥിക്കണം. പ്രത്യേകിച്ച് നിങ്ങളുടെ മാതാപിതാക്കളെ, ഗുരുഭൂതരെ, സഹോദരരെ, സുഹൃത്തുക്കളെ, രോഗികളെ, പലതരത്തിൽ വിഷമിക്കുന്നവരെ തുടങ്ങി എല്ലാവരെയും ഓർക്കണം.

തുടർച്ചയായി പ്രാർത്ഥിക്കാനാണ് വിശുദ്ധ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നത്. 'എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം' (1 തെസലോനിക്കാ 5 : 16-18). ഇതോടൊപ്പം ഈശോയ്ക്ക് ഇഷ്ടമില്ലാത്ത പ്രവൃത്തികൾ ഒഴിവാക്കാം. അതുപോലെ ഈശോയ്ക്ക് ഇഷ്ടമുള്ള കാര്യങ്ങളും നന്മകളും മറ്റുള്ളവർക്കായി ചെയ്തു നൽകാൻ പരിശ്രമിക്കുകയും ചെയ്യാം. ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ വത്സലപിതാവ്,
***മാർ ആൻഡ്രൂസ് താഴത്ത്***
*തൃശൂർ അതിരൂപത മെത്രാപ്പോലീത്ത*

# വ്യതിരിക്തതയെ അംഗീകരിക്കുന്ന

# നന്മയെ പരിപോഷിപ്പിക്കുന്ന കുടുംബങ്ങൾ!



**സി. ഡോ. ഷെറിൻ മരിയ** സി.എച്ച്.എഫ്.

ഓരോ മനുഷ്യ ജീവന്റെയും നിലനിൽപ്പിനെ താങ്ങി നിർത്തുന്ന മാനവരാശിയുടെ അടിസ്ഥാന ഘടകമാണ് കുടുംബം. രണ്ട് വ്യത്യസ്ത സാഹചര്യത്തിൽ വളർന്ന ദമ്പതികൾ ചിന്തയിലും പെരുമാറ്റത്തിലും അഭിരുചിയിലും വിഭിന്നരായിരിക്കുക സ്വാഭാവികമാണ്. കുടുംബ പശ്ചാത്തലത്തിൽ നിന്ന് ലഭിക്കുന്ന രൂപീകരണമാണ് (formation) ഓരോ വ്യക്തിയുടെയും വ്യക്തിത്വത്തെ മെനയുന്ന പ്രധാന ഘടകം. ഇതിന്റെ ഫലമായി ചിലർ നന്നായി സംസാരിക്കുന്നവരും മറ്റു ചിലർ കുറവ് സംസാരിക്കുന്നവരും ആയിത്തീരുന്നു. കാർക്കശ്യക്കാരും സ്വതന്ത്ര ചിന്താഗതിക്കാരും ഈ കുടംബ രൂപീകരണത്തിന്റെ അനന്തര ഫലങ്ങളാണ്. വൈകാരിക തലം ഉയർന്ന് നിൽക്കുന്നവരെയും ചിന്താധാരകളിൽ മാത്രം ജീവിക്കുന്നവരെയും നാം കണ്ടുമുട്ടുന്നു. ഇത്തരം വിഭിന്ന വ്യക്തിത്വ സവിശേഷതകൾ ഒന്നിച്ച് ഒരു മേൽക്കൂരയ്ക്ക് കീഴിൽ ജീവിക്കുമ്പോൾ ആദ്യം വേണ്ടത് ഈ വിഭിന്നതകളെ മനസിലാക്കി അംഗീകരിക്കലാണ്. പൊരുത്തപ്പെടുക എന്നാൽ സ്വന്തം വ്യക്തിത്വം കളഞ്ഞു കുളിച്ച് മറ്റൊരാളിന് അടിമയായിത്തീരുക എന്നല്ല അർത്ഥം. രണ്ടു പേരുടെയും വ്യക്തിത്വത്തെ നിലനിർത്തുക തന്നെ വേണം. വ്യക്തിത്വത്തിന്റെ പ്രത്യേകതകൾ മനസിലാക്കി, അംഗീകരിക്കാവുന്നവയെ അംഗീകരിച്ച്, വിട്ടുവീഴ്ചകൾ ചെയ്യാൻ സന്നദ്ധമായ മനസ്സോടെ ഭാര്യാഭർത്താക്കന്മാർ പരസ്പരം ഇണങ്ങിചേർന്ന് പോകാൻ ബോധപൂർവ്വം പരിശ്രമിക്കുന്നിടത്താണ് കുടുംബ ജീവിതത്തിന്റെ വിജയം ആസ്വദിക്കാനാകുക. വ്യതിരിക്തതകളെ മനസിലാക്കാതെ സ്വന്തം ഇഷ്ടം അടിച്ചേൽപ്പിക്കുന്ന കുടുംബങ്ങളിൽ വിലാപവും അസന്തുഷ്ടിയും അസമാധാനവും പരസ്പരം പഴിചാരലും ആയിരിക്കും ഫലം. സ്വന്തം ഇഷ്ടം ജീവിക്കാൻ ആഗ്രഹിക്കുന്നവരാണ് മനുഷ്യർ. അതിനാൽ തന്നെ എല്ലാവർക്കും നിർബന്ധബുദ്ധികൾ ഉണ്ട്. നാം ഇഷ്ടപ്പെടുന്നതോ ആഗ്രഹിക്കുന്നതോ മറ്റുള്ളവർ ചെയ്യുന്നത് കാണാതെ വരുമ്പോൾ ദേഷ്യപ്പെടാൻ മുതിരുന്നവരാണ് നമ്മിൽ ബഹുഭൂരിഭാഗം പേരും. എന്നാൽ തിരുക്കുടുംബത്തിലേയ്ക്ക് നോക്കുക. കുറ്റപ്പെടുത്തലുകൾ ഇല്ലാത്ത അംഗീകാരം, മറ്റുള്ളവരുടെ താൽപര്യത്തിനായി സ്വന്തം താൽപര്യങ്ങളെ വിട്ടുകൊടുക്കാൻ തയ്യാറാകുന്ന സ്നേഹം, വ്യതിരിക്തതകളെ സംരക്ഷിക്കാനുള്ള പരക്കം പാച്ചിൽ എല്ലാം ആ കുടുംബത്തിന്റെ സവിശേഷതയായി നാം കാണുന്നു.

കറുപ്പിന് കൂടുതൽ ആകർഷണത്വം നൽകുന്നത് വെളുപ്പായതുപോലെ, നോർത്ത് പോളിനെ ആകർഷണ വിധേയമാക്കുന്ന സൗത്ത് പോൾ പോലെ, ഊർജ്ജോത്പാദനമേകുന്ന നെഗറ്റീവ് പോസറ്റീവ് ടെർമിനൽ പോലെ വൈരുദ്ധ്യത്തിന് ഫലദായകത്വം ഏറെയാണ്. പിന്നെ എന്തുകൊണ്ടാണ് വിപരീത സ്വഭാവങ്ങളെ മനുഷ്യർ ഭയക്കുന്നത്? നമുക്ക് സുപരിചിതമല്ലാത്തതെല്ലാം മനുഷ്യർക്ക് ഭീതിജനകമാണ്. ശാന്തശീലമുള്ള ഭാര്യ മൂർച്ചയുള്ള സംസാര രീതികളുള്ള ഭർത്താവിനേക്കാൾ സൗമ്യതയുള്ളവനെയാണ് ആഗ്രഹിക്കുക. കാരണം നമുക്ക് പരിചിതമല്ലാത്ത സ്വഭാവത്തെ ഉൾകൊള്ളുക പ്രയാസകരമാണ്. ഒന്ന് ചിന്തിക്കുക, ഭാര്യാഭർത്താക്കന്മാർ വളരെ ശാന്തതയുള്ളവരാണെങ്കിൽ അവരിൽ നിന്ന് രൂപം കൊള്ളുന്ന മക്കൾ അതീവ ശാന്തസ്വഭാവത്തിന്റെ തണലിൽ നിന്ന് തീരുമാനങ്ങൾ ധൈര്യപൂർവ്വം എടുക്കാനോ, അത് ആധികാരികതയോടെ തുറന്ന് പറയാനോ ഭയപ്പെടുന്ന അവസ്ഥാവിശേഷങ്ങൾ ഉണ്ടാകുന്നു. ഒരേ ചിന്താധാരകളുള്ള ദമ്പതികളുടെ ഇടയിൽ ആശയങ്ങൾ ഒത്തു പോകുന്നു എന്നത് ശരി തന്നെ. എന്നാൽ, ജീവിതത്തിൽ വെല്ലുവിളികൾ ഉയരുമ്പോൾ പ്രശ്ന പരിഹാര സാധ്യതകളെക്കുറിച്ച് ചിന്തിക്കേണ്ടിവരുമ്പോൾ കൂടുതൽ പ്രതിവിധികളെക്കുറിച്ച് വ്യത്യസ്തമായി ചിന്തിക്കാനും ആ മനോഭാവം ഉൾക്കൊള്ളാനും സാധിക്കാതെ പരാജയപ്പെടുന്നതും നമുക്ക് കാണാൻ കഴിയും. ആയതിനാൽ വിപരീത സ്വഭാവങ്ങളെ മാനുഷീകതയോടെ നോക്കികാണുക. കുടുംബം ദാമ്പത്യത്തിലൂടെ വളരുന്ന ബന്ധമാകയാൽ വ്യതിരിക്ത സ്വഭാവക്കാരായ ദമ്പതികൾ തങ്ങളുടെ ബന്ധത്തെ പരിപോഷിപ്പിക്കാൻ ബോധപൂർവ്വം ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ഉൾപ്പെടുന്നവയാണ്:

1. വ്യതിരിക്തതകളെ അംഗീകരിക്കുക ഭയപ്പെടാതിരിക്കുക
2. സ്വയം മനസിലാക്കുക ഒപ്പം പങ്കാളിയെ അവരുടെ വളർന്നു വന്ന അവസ്ഥയോടുകൂടെ സ്വീകരിക്കുക
3. വ്യത്യസ്തതരം സാഹചര്യത്തിൽ വളർന്നതാണ് തന്റെ പങ്കാളി എന്ന അവബോധം ആഴപ്പെടുത്തുക




4. തന്റെ ആഗ്രഹം പോലെയാകാൻ മറ്റൊരാളെ നിർബന്ധിക്കുന്നത് സ്നേഹരാഹിത്യം സൃഷ്ടിക്കും എന്ന് മനസിലാക്കുക
5. കഴിവതും നന്മയെ പ്രോത്സാഹിപ്പിക്കുക കുറവുകളെ എടുത്ത് പറഞ്ഞ് മുറിപ്പെടുത്താതിരിക്കുക
6. ഇഷ്ടങ്ങളിൽ വൈരുദ്ധ്യം ഉണ്ടെന്ന് തിരിച്ചറിയുമ്പോൾ അത് ജീവിക്കാനുള്ള അവസരം കുടുംബത്തിൽ ഇടയ്ക്കെങ്കിലും ഒരുക്കുക

വ്യക്തിത്വ പ്രത്യേകതകൾ അനുസരിച്ച് കുടുംബത്തിലെ പാരന്റിംഗ് രീതിയിലും വ്യത്യാസങ്ങൾ ഉണ്ട്. സ്വഭാവപ്രകൃതം അനുസരിച്ചുള്ള വിവിധ പാരന്റിംഗ് രീതികൾക്കനുസരണം കുട്ടികളുടെ സ്വഭാവ രൂപീകരണം നിഷേധാത്മകമോ ക്രിയാത്മകമോ ആകാം. വ്യക്തിത്വ പ്രത്യേകതയനുസരിച്ച് പൊതുവെ കാണുന്ന രക്ഷാകർതൃത്വ രീതികളാണ്:




**1. ആധികാരിക രക്ഷാകർതൃത്വം** (Authoritative Parenting): ഉത്തരവാദിത്വ ബോധത്തിൽ അടിസ്ഥാനമിട്ട ഈ പാരന്റിംഗ് രീതിയിൽ പ്രതീക്ഷകൾ വ്യക്തമായി പരസ്പരം പങ്കുവയ്ക്കുകയും കുടുംബാംഗങ്ങൾ അത് സ്നേഹപൂർവ്വം അംഗീകരിക്കുകയും ചെയ്യും. കുടുംബ നന്മയ്ക്ക് ഉപകരിക്കുന്ന പൊതുവായ ചിട്ടവട്ടങ്ങൾ ഏവർക്കും സ്വീകാര്യമാകുന്ന വിധത്തിലാണ് നടപ്പിലാക്കുക. കൂടെ നിന്ന് സഹായിക്കുന്ന രീതികളും തുറന്ന സ്നേഹ പ്രകടനങ്ങളും ഉള്ള പ്രകൃതക്കാർ ഈ വിഭാഗത്തിൽ പെടുന്നു.

**2. സ്വേച്ഛാധിപത്യ രക്ഷാകർതൃത്വം** (Authoritarian Parenting): എല്ലാം അടിച്ചേൽപ്പിക്കുന്ന രീതിയിലുള്ള സ്വഭാവരീതികൾ ഈ രക്ഷാകർതൃത്വത്തിൽ കാണാം. ഇടുങ്ങിയ ചിന്താധാരകളും ആജ്ഞാപനങ്ങളും കൂടുതലാണ്. വളരെ ഉയർന്ന പ്രതീക്ഷകൾ കൊണ്ടു നടക്കുന്നവരാണ് ഇവർ. സ്നേഹഭാവങ്ങളേക്കാൾ അധികാര ഭാവങ്ങളാണ് കൂടുതൽ കാണുക.

**3. അനുവദനീയ രക്ഷാകർതൃത്വം** (Permissive Parenting): എല്ലാം സംലഭ്യമാക്കാനും എന്തിനും അനുവാദം നൽകാനും തയ്യാറാകുന്ന സ്വഭാവ രീതികളാണ് ഈ രക്ഷാകർതൃത്വത്തിലെ പ്രത്യേകത. No എന്ന് പറയാൻ ബുദ്ധിമുട്ടുന്നതുകൊണ്ടും സ്നേഹം നഷ്ടപ്പെടരുത് എന്ന് ആഗ്രഹിക്കുന്നതു കൊണ്ടും നിയമങ്ങളും അച്ചടക്ക രീതികളും കുറവായിരിക്കും.

**4. ഉൾച്ചേരാത്ത രക്ഷാകർതൃത്വം** (Uninvolved Parenting): ബന്ധങ്ങൾ സ്ഥാപിക്കാനുള്ള അപര്യാപ്തത മൂലം കൂടിചേർന്ന് പ്രവർത്തിക്കാനുള്ള കഴിവ് കുറവുള്ള വ്യക്തിത്വങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

സ്വഭാവ പ്രത്യേകതകൾ അനുസരിച്ച് രൂപം കൊള്ളുന്ന ഈ നാല് തരം രക്ഷാകർതൃത്വത്തിൽ ആധികാരിക രക്ഷാകർതൃത്വ രീതിയാണ് കുടുംബ സമാധാനവും വളർച്ചയും ഉണ്ടാക്കുന്നത്. ഇത്തരം രീതികളിലേയ്ക്ക് വളരാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്.

**കുടുംബ ജീവിത വിജയത്തിന കുടുംബത്തിൽ ശ്രദ്ധിക്കേണ്ട അഞ്ച് C-കൾ**

1. **Chemistry**: വിപരീത സ്വഭാവങ്ങളെ മനസ് കൊണ്ട് ഉൾക്കൊണ്ട് സ്നേഹത്തിന്റെ രസതന്ത്രം (Chemistry) എന്ന (Mutual Respect) പരസ്പരബഹുമാനം ശീലിക്കുക
2. **Common Goals**: വിപരീത മനോഭാവങ്ങളിൽ സമാന്തരമായി പോകാതെ കുടംബത്തിന്റെ വളർച്ചയെ സഹായിക്കുന്ന പൊതുവായ ലക്ഷ്യങ്ങൾ (Common Goals) കണ്ടെത്തുക
3. **Commitment**: അപരന് ഇഷ്ടമുള്ളത് ചെയ്യാനുള്ള സന്നദ്ധതയും പ്രതിബദ്ധതയും (Commitment) പരിശീലിക്കുക. സ്വന്തം ഇഷ്ടത്തെക്കാൾ മറ്റുള്ളവരുടെ ഇഷ്ടത്തിന് മുൻതൂക്കം നൽകുന്ന കാര്യങ്ങൾ ചെയ്യാൻ ശ്രദ്ധിക്കുക
4. **Communication**: വ്യതിരിക്ത സ്വഭാവങ്ങൾ ആശയവിനിമയത്തിൽ വിള്ളലുകൾ സൃഷ്ടിക്കും എന്ന് തിരിച്ചറിഞ്ഞ് അപരന്റെ നന്മയെ പരിപോഷിപ്പിക്കുന്ന നല്ല ആശയവിനിമയത്തിന് (Communication) ദിവസത്തിൽ സമയം നിർബദ്ധമായും കണ്ടെത്തുക
5. **Consensus**: വിപരീത അഭിപ്രായങ്ങളുടെ ഒടുവിൽ സ്നേഹപൂർവ്വം വിട്ടുകൊടുത്ത് അഭിപ്രായ ഐക്യം (consensus) ഉണ്ടാക്കാൻ എപ്പോഴും ശ്രദ്ധിക്കുക

ചുരുക്കത്തിൽ, വിഭിന്ന സ്വഭാവ പ്രകൃതക്കാരായ വ്യക്തികളുടെ കേവലമായ ഒത്തുചേരലല്ല കുടുംബം മറിച്ച് അത് വ്യതിരിക്തതയിലും സ്നേഹം വിതയ്ക്കുന്ന പരസ്പര പൂർണ്ണതയുടെ ഐക്യത്തിൽ സ്ഥാപിക്കപ്പെട്ട ബന്ധമാണ്. ഈ കുടുംബ ബന്ധത്തിലൂടെ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പൂർണ്ണത ലോകം കാണട്ടെ.

### വിശ്വാസപരിശീലന വാർത്തകൾ

**വാർഷിക പരീക്ഷകൾ**

2024 ഫെബ്രുവരി 11 ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.00 വരെ - എ.സി.സി., 2 മുതൽ 4 വരെ 10, 11, 12 ക്ലാസുകൾക്ക്
2024 ഫെബ്രുവരി 18 ഉച്ചകഴിഞ്ഞ് 2.00 4.00 വരെ 1, 3, 5, 7, 9 ക്ലാസുകൾക്ക്
2024 ഫെബ്രുവരി 25 ഉച്ചകഴിഞ്ഞ് 2.00 4.00 - 2, 4, 6, 8 ക്ലാസുകൾക്ക്

**+2, എ.സി.സി. വാർഷിക പരീക്ഷക്കുള്ള യോഗ്യത:** അർദ്ധവാർഷിക പരീക്ഷ എഴുതിയ 20 ഹാജർ നിർബന്ധമായും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമേ വാർഷിക പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കുകയുള്ളു. ടറേ. തകക വിദ്യാർത്ഥികൾക്കുള്ള രജിസ്റ്റർ നമ്പറും, എസിസി വിദ്യാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റും മുകളിൽ പറഞ്ഞ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ലഭിക്കുകയുള്ളു.

**+2 പുനഃപരീക്ഷ:** 12-ാം ക്ലാസിലെ വാർഷികപരീക്ഷ എഴുതാത്തവർക്കും തോറ്റവർക്കും പുനഃപരീക്ഷ എഴുതാവുന്നതാണ്. 12-ാം ക്ലാസിൽ ജയിക്കുകയും 40 മാർക്ക് ഇല്ലാതിരിക്കുകയും ചെയ്തവർക്ക് ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാവുന്നതാണ്. ഈ പരീക്ഷകൾ എഴുതുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**1 മുതൽ 11 വരെ ക്ലാസ്സുകൾക്ക് വാർഷിക പുനഃപരീക്ഷ മാർച്ച് 17ന് യൂണിറ്റുകളിൽ നടക്കും**

**സ്കൂൾ കാറ്റികിസം:** മോറൽ സയൻസ് സ്കോളർഷിപ്പ് പരീക്ഷ: 10/02/2024, 10 മുതൽ 12 വരെ, ഡി.ബി.സി.എൽ.സിയിൽ.

# ജൂബിലിയാഘോഷങ്ങൾ... ഇടവകാഘോഷങ്ങൾ...



കൂനംമൂച്ചി ഇടവകയുടെ ശതാബ്ദി സ്റ്റാമ്പ് ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പ്രകാശനം ചെയ്യുന്നു

## കൂനംമൂച്ചി ഇടവക ശതാബ്ദി സ്റ്റാമ്പ് പുറത്തിറക്കി

കൂനംമൂച്ചി: 1924 ൽ സ്ഥാപിതമായ കൂനംമൂച്ചി സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് ഇടവക ദൈവാലയത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ ശതാബ്ദി സ്റ്റാമ്പ് പുറത്തിറക്കി. ബിഷപ് മാർ റാഫേൽ തട്ടിൽ കൂനംമൂച്ചി ഇടവകാംഗമായ റിട്ട പോസ്റ്റ്മാസ്റ്റർ ടി.സി. തോമസിൽ നിന്ന് ഏറ്റുവാങ്ങി സ്റ്റാമ്പ് പ്രകാശനം നിർവഹിച്ചു. വികാരി ഫാ. ജോർജ് ചേറുവത്തൂരിനോടൊപ്പം, ജൂബിലി ആഘോഷ കമ്മിറ്റി ജനറൽ കൺവീനർ ജോമി ജോൺസൻ, പബ്ലിക്ക് റിലേഷൻ കമ്മിറ്റി കൺവീനർ ജെയ്സൺ ചാക്കോ, ജോ.കൺവീനർ ബാബു പോൾ ടി, ജൂബിലി ആഘോഷ കമ്മിറ്റി ജനറൽ സെക്രട്ടറി അൽഫോൺസ് മുട്ടത്ത്, ട്രഷറർ ഇൻ–ചാർജ് ടി.എഫ്. ഫ്രിൻസ്, നടത്തുകൈക്കാരൻ പി.സി. ലോന, മറ്റ് കൈകാരൻമാരായ പി.ഡി. ജോസ്, ടി.എ. റെനീഷ്, എ.എൽ. ജെയിംസ് എന്നിവർ നേതൃത്വം നൽകി.



വില്ലടം ഇടവകയിൽ നടന്ന മതബോധന ദിനാഘോഷവും എസിസി ബിരുദദാന ചടങ്ങും മേരിമാത മേജർ സെമിനാരി റെക്ടർ റവ.ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു



അമ്മാടം ഇടവക സീനിയർ സിഎൽസിയുടേയും ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റലിന്റേയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ സൗജന്യ മെഡിക്കൽ ക്യാമ്പ് വികാരി ഫാ.ജോൺ കിടങ്ങൻ ഉദ്ഘാടനം ചെയ്യുന്നു.



സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ ഈ വർഷം നടത്തിയ ലോഗോസ് ക്വിസ്സിൽ അതിരൂപതാതലത്തിൽ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ചൂലിശ്ശേരി ഇടവക.



മണ്ണുത്തി സെന്റ് ആന്റണീസ് ഇടവക തിരുനാളിനോടനുബന്ധിച്ച് നിർധന കുടുംബത്തിന് നിർമിച്ചുനൽകിയ ഭവനം താക്കോൽദാന ചടങ്ങിൽ നിന്ന്. വികാരി ഫാ. പോളി നീലങ്കാവിൽ, അസി.വികാരി നിർമ്മൽ അക്കരപട്ട്യേയ്ക്കൽ എന്നിവർ വെഞ്ചിരിപ്പ് കർമ്മങ്ങൾക്ക് നേതൃത്വം നൽകി

**ബ്രഹ്മകുളം:** സെന്റ് തോമസ് ദൈവാലയത്തിൽ ഇടവകദിനാഘോഷം ഫാ. പോൾ പേരാമംഗലത്ത് ഉദ്ഘാടനം ചെയ്തു. പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന വികാരി ഫാ. ജെയിംസ് ഇഞ്ചോടിക്കാരനെയും സന്യസ്ത രജത ജൂബിലി ആഘോഷിക്കുന്ന ഇടവകാംഗം സിസ്റ്റർ അനീഷയെയും പൊന്നാട അണിയിച്ച് അനുമോദിച്ചു. ഇടവകയുടെ ഉപഹാരം കൈക്കാരന്മാർ സമ്മാനിച്ചു. പ്രതിനിധിയോഗം സെക്രട്ടറി മാത്യൂസ് ജേക്കബ് വാർഷിക റിപ്പോർട്ട് പ്രദർശിപ്പിച്ചു.

ഇടവകയിലെ പ്രായം കൂടിയ സി.പി. ദേവസി, പുലിക്കോട്ടിൽ ത്രേസ്യ കൊച്ചപ്പൻ, പുലിക്കോട്ടിൽ ഫ്രാൻസിസ്–റീത്തയും ദമ്പതികൾ, 62 വർഷത്തെ വിശ്വാസപരിശീലനത്തിനുശേഷം വിരമിക്കുന്ന ടി.എൽ. റാഫേൽ മാസ്റ്റർ, ദൈവാലയ ശുശ്രൂഷി പി.കെ. ജോസഫ് എന്നിവരെ ആദരിച്ചു. സന്യസ്ത സുവർണ ജൂബിലി ആഘോഷിക്കുന്ന ഇടവകാംഗമായ സിസ്റ്റർ എൽസിന, ബ്രഹ്മകുളം മഠം അംഗമായ സിസ്റ്റർ റീന റോസ് എന്നിവരെയും രജത ജൂബിലി ആഘോഷിക്കുന്ന മറ്റു മൂന്ന് സന്യസ്തരെയും വിവാഹത്തിന്റെ 25, 50 വർഷങ്ങൾ ആഘോഷിക്കുന്ന ദമ്പതികളെയും വിവിധ മേഖലകളിൽ സമ്മാനർഹരായവരേയും ഭക്തസംഘനകളിൽ ഉന്നത സ്ഥാനീയരായവരേയും അനുമോദിച്ചു.

സെന്റ് ക്ലെയെർസ് മഠം സുപ്പീരിയർ സിസ്റ്റർ വിന്നി മരിയ, ഗുരുവായൂർ മുനിസിപ്പൽ കൗൺസിലർ ഷിൽവ ജോഷി, മിട്ടു മനോജ്, മാനേജിങ് ട്രസ്റ്റി വി.കെ. റോബിൻ, ജനറൽ കൺവീനർ ഡോ. പി.ആർ. വർഗീസ്, കൺവീനർ പി.ഡി. ജ്യോതിഷ് ബാബു തുടങ്ങിയവർ പ്രസംഗിച്ചു. കലാപരിപാടികളും സ്നേഹവിരുന്നുമുണ്ടായിരുന്നു.



ബ്രഹ്മകുളം സെന്റ് തോമസ് ദൈവാലയത്തിൽ ഇടവകദിനാഘോഷം ഫാ. പോൾ പേരാമംഗലത്ത് ഉദ്ഘാടനം ചെയ്യുന്നു

**വലപ്പാട്:** സെന്റ് സെബാസ്റ്റ്യൻസ് ഇടവക വികാരി ഫാ. ബാബു അപ്പാടന്റെ തിരുപ്പട്ട രജത ജൂബിലി ആരംഭവും ഇടവകദിനാഘോഷവും നടത്തി. എമിരറ്റസ് ആർച്ച്ബിഷപ് മാർ ജേക്കബ് തൂങ്കുഴി ദിവ്യബലിക്ക് മുഖ്യകാർമികത്വം വഹിച്ചു. ഫാ. ചെറിയാൻ മാളിയേക്കൽ, ഫാ. ബാബു അപ്പാടൻ എന്നിവർ സഹകാർമികരായി.

തുടർന്ന് നടന്ന പൊതുസമ്മേളനം പഴുവിൽ ഫൊറോന വികാരി റവ.ഡോ. വിൻസെന്റ് ചെറുവത്തൂർ ഉദ്ഘാടനം ചെയ്തു. ഫാ. ചെറിയാൻ മാളിയേക്കൽ അധ്യക്ഷത വഹിച്ചു. ഷാജി ചാലിശേരി, സുബി ജെസ്റ്റിൻ, എ.എൻ.ജി. ജെയ്ക്കോ, ഫെന്നി ഫ്രാൻസിസ്, മദർ സുപ്പീരിയർ സിസ്റ്റർ ജയ കാതറിൻ, ജെയിംസ് എലുവത്തിങ്കൽ എന്നിവർ പ്രസംഗിച്ചു. പള്ളിയുടെ പ്രഥമ പിആർഒ ആയി ഏഴ് വർഷം സ്തുത്യർഹ സേവനം അനുഷ്ഠിച്ച ഷാജി ചാലിശേരിയെയും മതബോധന പ്രധാന അധ്യാപകനായി വിരമിച്ച ഗ്രിഗോറിയസ് മാസ്റ്ററേയും ആദരിച്ചു. തുടർന്ന് സ്നേഹവിരുന്ന്, കലാപരിപാടികൾ, നാടകം എന്നിവും നടന്നു.



വലപ്പാട് ഇടവകദിനാഘോഷവും ഫാ. ബാബു അപ്പാടന്റെ തിരുപ്പട്ട രജത ജൂബിലിയും റവ.ഡോ. വിൻസെന്റ് ചെറുവത്തൂർ ഉദ്ഘാടനം ചെയ്യുന്നു

**പോന്നോർ:** സംയുക്ത തിരുനാളിനോടനുബന്ധിച്ച് നടന്ന ഇടവക ദിനാഘോഷം അതിരൂപത വിശ്വാസ പരിശീലന ഡയറക്ടർ റവ.ഡോ. ഫ്രാൻസീസ് ആളൂർ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. സിജോ ജോസ് അരിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു.

ഇടവകാംഗമായ ഫാ. ഷിജു ചിറ്റാട്ടുകര എസ്.ഡി.വി., മദർ സുപ്പീരിയർ സിസ്റ്റർ ലിറ്റിൽ മേരി സി.എസ്.സി., സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റർ ചെൽസസ്സ് സി.എസ്.സി., സിസ്റ്റർ ഉഷ, കൈക്കാരൻ സി.ബി. തോമസ്, തിരുനാൾ കൺവീനർ റോബിൻ ജോസ്, ഇടവക ദിനം കൺവീനർ വി.ജെ. സിജോ, കേന്ദ്ര സമിതി കൺവീനർ ബെന്നി പീറ്റർ, സംഘടന ഏകോപന സമിതി കൺവീനർ കെ.ഒ. ജോസഫ്, വിശ്വാസ പരിശീലന പ്രധാന അധ്യാപകൻ ബിജു പീറ്റർ, തൃശ്ശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ മെമ്പർ കെ.ജെ. വർഗീസ്, ഫൊറോന പാസ്റ്ററൽ കൗൺസിൽ മെമ്പർ മേർസി സൈമൺ, സിഎൽസി ഫൊറോന പ്രസിഡന്റ് വി.ജെ. അജിൽ എന്നിവർ പ്രസംഗിച്ചു. ജൂബിലി അഘോഷിക്കുന്ന സമർപ്പിതരേയും, വിവിധ മേഖലകളിൽ മികവ് പുലർത്തിയവരേയും കലാകായികസഹിത്യ രംഗങ്ങളിൽ ഒന്നാം സ്ഥാനം നേടിയ കുടുംബയൂണിറ്റുകളേയും അനുമോദിച്ചു.



പോന്നോർ ഇടവക ദിനാഘോഷം അതിരൂപത വിശ്വാസ പരിശീലന ഡയറക്ടർ റവ.ഡോ. ഫ്രാൻസീസ് ആളൂർ ഉദ്ഘാടനം ചെയ്യുന്നു

**ചെമ്പൂക്കാവ്:** തിരുഹൃദയ ദൈവാലയത്തിൽ ഇടവക ദിനവും കുടുംബ കൂട്ടായ്മ സംയുക്ത വാർഷികവും ആഘോഷിച്ചു ഫാ. ആന്റണി മണ്ണുമ്മൽ സിഎംഐ ഉദ്ഘാടനം ചെയ്തു. ഫാ. ലിൻസ് വെട്ടുവയലിൽ, ബ്രദർ അജിത്ത് പുത്തൂർ, സിസ്റ്റർ ലൂസി മാളിയേക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. ഇടവകദിന ഘോഷയാത്ര 'ഹല്ലേൽ 2023' ഉം ഉണ്ടായിരുന്നു. പൊതുസമ്മേളനത്തിൽ വിശിഷ്ട വ്യക്തികളെ ആദരിച്ചു. സമ്മാനദാനം, കലാവിരുന്ന്, സ്നേഹവിരുന്ന് എന്നിവയുമുണ്ടായിരുന്നു.

**അമലനഗർ:** സെൻറ് ജോസഫ് ദൈവാലയം ഇടവകയായതിന്റെ എട്ടാം വാർഷികവും സംഘടനകളുടെ സംയുക്ത വാർഷികവും ഫാ. ജോർജ് തേർമഠം ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ഷിജോ ചിരിയങ്കണ്ടത്ത് അധ്യക്ഷത വഹിച്ചു. ഹോളി ഫാമിലി കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ മേഗി മരിയ അനുഗ്രഹ പ്രഭാഷണം നടത്തി. സാൻജോ പൾസ് ബുള്ളറ്റിന്റെ 2024ൽ ആരംഭിക്കുന്ന പതിനൊന്നാം വാല്യത്തിന്റെ കവർപേജ് പ്രകാശനം മേരി റാണി കോൺവെന്റ് സൂപ്പീരിയർ സിസ്റ്റർ മേരി ക്ലെയർ നിർവഹിച്ചു. സംഘടന ഏകോപന സമിതി പ്രസിഡൻറ് കെ.സി. ജോൺസൺ, കൈക്കാരൻ എൻ.സി. വിൻസൺ തുടങ്ങിയവർ പ്രസംഗിച്ചു. കഴിഞ്ഞവർഷം നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. കലാപരിപാടികൾക്കുശേഷം 'ഇന്നു ഞാൻ നാളെ നീ' എന്ന നാടക അവതരണവും ഉണ്ടായിരുന്നു.



സമ്പൂർണ്ണ ബൈബിളിന്റെ കയ്യെഴുത്തു പ്രതി തയ്യാറാക്കിയ സി.ജെ. സിജോ ഒളരിക്കര ഇടവ കാംഗവും ചാലിശേരി കാളത്തോട്ടുകാരൻ ജോണിയുടെ മകനുമാണ്.

## രക്തദാനക്യാമ്പ്

മുണ്ടൂർ: പരിശുദ്ധ കർമ്മല മാതാവിന്റെ ദൈവാലയത്തിലെ സംയുക്ത തിരുനാളിനോടനുബന്ധിച്ച് കുടുംബ കൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ അമല ബ്ലഡ് ബാങ്കുമായി സഹകരിച്ച് നടത്തിയ രക്തദാന ക്യാമ്പിൽ, ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ചതിന് അമല മെഡിക്കൽ കോളേജിൽവച്ചു നടന്ന ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. ബെറ്റ്സി തോമസിൽ നിന്നും ഇടവക കുടുംബക്കൂട്ടായ്മ കേന്ദ്ര സമിതിയെ പ്രതിനിധീകരിച്ച് കൺവീനർ ബസാനിയോ ജോസഫ് ആദരവ് ഏറ്റുവാങ്ങി.



മുണ്ടൂർ ദൈവാലയത്തിലെ കുടുംബ കൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച വ്യക്തിപരമായ 'സമ്പൂർണ്ണ ബൈബിൾ വായന'യിൽ പങ്കെടുത്തവർ



മങ്ങാട് ഇടവക വിശ്വാസ പരിശീലന അധ്യാപകരും വിദ്യാർഥികളും അവരുടെ കുടുംബാംഗങ്ങളും ചേർന്ന് സമ്പൂർണബൈബിളിന്റെ കയ്യെഴുത്തുപ്രതി തയാറാക്കിയപ്പോൾ

മറ്റം ഇടവകയിൽ സമ്പൂർണ ബൈബിൾ പകർത്തി എഴുതിയ കെസ്സി മാത്യു, പുതിയ നിയമം ബൈബിൾ പകർത്തി എഴുതിയ വനജ തോമസ്, ബേബി ദേവസ്സി, ജോളി ജോസഫ്, ലിഷ ബേബി എന്നിവർ കയ്യെഴുത്തുപ്രതികളുമായി



## മുണ്ടൂർ 'സമ്പൂർണ ബൈബിൾ വായന'

മുണ്ടൂർ: പരിശുദ്ധ കർമ്മല മാതാവിന്റെ ദൈവാലയത്തിലെ കുടുംബ കൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച വ്യക്തിപരമായ 'സമ്പൂർണ്ണ ബൈബിൾ വായന'യിൽ പങ്കെടുത്ത 117 പേർക്ക് വികാരി ഫാ. ഡേവിസ് പനംകുളം മെമെന്റോ വിതരണം ചെയ്തു. രണ്ടു വർഷംകൊണ്ട് ഇംഗ്ലീഷ് ബൈബിൾ പകർത്തി എഴുതിയ ബെറ്റ്സി സോണിയേയും തദവസരത്തിൽ അനുമോദിച്ചു. അസി. വികാരി ഫാ. സന്തോഷ് അന്തിക്കാട്ട്, ഫാ. ജോസ് തെക്കേക്കര, കുടുംബക്കൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ബസാനിയോ ജോസഫ്, ജെൻസി ഡേവിസ്, ലിന്റി ഷിജു, കെ.പി. സൈമൺ, കേന്ദ്രസമിതി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, കുടുംബയൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി.

## ദർശനസഭ സമൂഹം ഭാരവാഹികൾ

പുത്തൻപീടിക: സെന്റ് ആന്റണീസ് ദൈവാലയം പുത്തൻപീടിക ഇൻഫന്റ് ജീസസ് ദർശനസഭ സമൂഹം ഭാരവാഹികളെ തെരഞ്ഞെടുത്തു. കപ്ലോൻ ഫാ. ജോസഫ് മുരിങ്ങാത്തേരി അധ്യക്ഷത വഹിച്ചു. അസി. കപ്ലോൻ ഫാ. ജെറിൻ കുരിയളാനിക്കൽ സന്നിഹിതനായിരുന്നു. മിക്കോൾവി പുത്തൂർ, സി.സി. വിൻസെന്റ്, പൊറത്തൂർ തോട്ടുങ്ങൽ ജോണി, തച്ചിൽ ഡേവിസ്, കിടങ്ങൻ ജോൺസൺ എന്നിവരാണ് ഭാരവാഹികൾ. 10 മേശ കമ്മറ്റിയെയും തിരഞ്ഞെടുത്തു.


























# എൽവ മുതൽ ബോറിക്ക് വരെ



## കാഴ്ചവട്ടം

ജോണി അന്തിക്കാട്

ഇന്ത്യയെ പോലുള്ള വികസ്വര രാജ്യങ്ങൾക്ക് മാതൃകയാണ് സമ്പന്ന രാഷ്ട്രമായ സ്വീഡൻ. പൊതുപണം ഉപയോഗിക്കുന്നതിൽ ഇവിടത്തെ ഓരോ പൗരനും എത്രമാത്രം അച്ചടക്കം പാലിക്കുന്നു എന്നറിഞ്ഞാൽ നാം വിസ്മയിച്ചു പോകും, കേരളം ലജ്ജിച്ചു തല താഴ്ത്തും. ഈയിടെ അവിടുത്തെ ഒരു പൗരൻ റെയിൽവേ സ്റ്റേഷനിൽ തീവണ്ടി കാത്തിരിക്കുന്ന ചിത്രം സോഷ്യൽ മീഡിയയിൽ പങ്കുവെച്ചിരുന്നു. അവർ ആരാണെന്ന് അറിയുമ്പോൾ നാം എന്തുകൊണ്ട് കടത്തിൽ മുങ്ങി കുളിക്കുന്നു എന്ന് മനസ്സിലാകും. സ്വീഡൻ മാത്രമല്ല വികസിത രാജ്യങ്ങളിലെല്ലാം പുരോഗതിക്ക് കാരണം ഈ അച്ചടക്കമാണെന്ന് കാണുമ്പോഴാണ് പൂച്ച പെറ്റു കിടക്കുന്ന നമ്മുടെ ഖജനാവിനെ ഓർത്ത് നമ്മൾ സങ്കടപ്പെടുക.

നമുക്ക് അല്പസമയം സ്വീഡനിലേക്ക് തന്നെ തിരിഞ്ഞുനോക്കാം. റെയിൽവേ സ്റ്റേഷനിൽ കാത്തിരിക്കുന്ന യാത്രക്കാരിയുടെ പേര് എൽവാ ജോഹാൻസൺ എന്നാണ്. എൽവ ഇപ്പോൾ യൂറോപ്യൻ കമ്മീഷണറാണ്. 2019 വരെ അവർ സ്വീഡനിലെ തൊഴിൽ വകുപ്പ് മന്ത്രിയായിരുന്നു. അവർ ജോലി കഴിഞ്ഞു വീട്ടിൽ പോകാനാണ് തീവണ്ടി കാത്തിരിക്കുന്നത്. അന്ന് രാത്രി കഴിക്കാൻ അവർ ഒരു ബർഗർ വാങ്ങി കയ്യിൽ വച്ചിട്ടുണ്ട്. കൂടെ ആരുമില്ല, അവർ പ്ലാറ്റ്ഫോമിൽ ഒറ്റയ്ക്ക് ഇരിക്കുന്നു. അവർക്ക് സഞ്ചരിക്കാൻ സർക്കാരിന്റെ കാരവൻ കാറുകളില്ല, അംഗരക്ഷകരില്ല. അകമ്പടി സേവിക്കാൻ പോലീസുകാരില്ല. ഉപദേശകന്മാരില്ല. സർക്കാർ ചെലവിൽ മണിമന്ദിരങ്ങളില്ല, സഹായികൾ ഇല്ല. പൊതു പണം ധൂർത്തടിക്കാൻ ഉള്ളതല്ലെന്ന് അവിടത്തെ ഓരോ പൗരനും ബോധമുണ്ട്. പൗരന്മാരുടെ നികുതിപ്പണം രാജ്യത്തിന്റെ സുരക്ഷയ്ക്കും വികസന പ്രവർത്തനങ്ങൾക്കും ഉള്ളതാണെന്ന് അവർക്കറിയാം. ഖജനാവ് ചോർത്താൻ അവിടെ ആർക്കും താല്പര്യമില്ല അതുകൊണ്ട് സ്വീഡൻ അച്ചടക്കമുള്ള രാജ്യമായി. സമ്പന്ന രാഷ്ട്രം എന്ന നിലയിൽ പുരോഗതിയുടെ പാതയിലാണ്.

സർക്കാർ ഉദ്യോഗസ്ഥർ ഓരോരുത്തരും ലളിത ജീവിതം നയിച്ച് അവിടെ മാതൃകയാകുന്നു. പൊതു വാഹനത്തിൽ സഞ്ചരിക്കാൻ അവർ ഏറെ സന്തുഷ്ടരാണ്. നമുക്കും എന്തുകൊണ്ട് ഈ അച്ചടക്കം പിന്തുടർന്നുകൂടാ? 25 കൊല്ലം കഴിഞ്ഞാൽ, 50 കൊല്ലം കഴിഞ്ഞാൽ ഇന്ത്യ സമ്പന്ന രാഷ്ട്രം ആകും എന്ന് ചില നേതാക്കൾ ഇടയ്ക്കിടെ നടക്കാത്ത കാര്യം പറഞ്ഞ് നമ്മെ മോഹിപ്പിച്ചുക്കൊണ്ടിരിക്കുന്നുണ്ട്. 'നരൻ ക്രമാൽ തന്റെ ശവം ചവിട്ടി പോകുന്നൊരീ പോക്ക് ഉയരത്തിലേക്കോ?' എന്നു കവി നാലപ്പാട്ട് നാരായണമേനോൻ പാടിയത് എത്രയോ ശരി.

നമ്മുടെ മന്ത്രിമാർക്ക് ഒരു പണിയും എടുക്കേണ്ട. അവർക്ക് ചുറ്റും നിരവധി പേഴ്സണൽ സ്റ്റാഫുണ്ട്. സഞ്ചരിക്കാൻ പുതുപുത്തൻ ആഡംബര കാറുകളുണ്ട്. ഒരു മന്ത്രിയുടെ കാറിൽ മറ്റൊരു മന്ത്രി കയറാറില്ല. ഒരു മന്ത്രിയും വാഹനം ഓടിക്കാറില്ല. അവർ കാറിന്റെ സീറ്റിൽ ചാരിക്കിടന്ന് ജനങ്ങളെ അനുഗ്രഹിച്ചുക്കൊണ്ടിരിക്കും. മന്ത്രിമാരുടെ സുരക്ഷയ്ക്ക് പോലീസുകാർ പിന്നിലും മുന്നിലും അകമ്പടി സേവിക്കും. അവർ എവിടെ പോയാലും പോലീസുകാർ ചുറ്റിത്തിരിയുന്നു. മുഖ്യമന്ത്രിയാണെങ്കിൽ സുരക്ഷ കൂടും. പോലീസുകാർ പലതലത്തിൽ. കമാൻഡോകൾ, ഉന്നത പോലീസ് ഉദ്യോഗസ്ഥർ, ഗൺമാൻമാർ, ഉപദേശകന്മാർ അങ്ങനെ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ നടുവിൽ മുഖ്യമന്ത്രിയും മന്ത്രിമാരും തിരുമുഖം കാണിക്കാൻ എഴുന്നള്ളുന്നത് കണ്ടാൽ പാവം എൽവ എന്ത് വിചാരിക്കും? ഈ രാജ്യം ഇത്രമാത്രം സമ്പന്നമാണോ എന്നവർ സ്വയം ചോദിക്കുമായിരിക്കും. അവർ കേരളത്തിലെ (മറ്റു സംസ്ഥാനങ്ങളിലും ഇതുതന്നെ സ്ഥിതി) മന്ത്രിമാർ പൊതുപണം എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ച് പുസ്തകം എഴുതുമായിരിക്കും.

സർക്കാരിന്റെ അനിയന്ത്രിതമായ ധൂർത്തുകണ്ട് കേരളത്തിലെ സാധാരണക്കാർ കുറെ ചോദ്യങ്ങൾ ചോദിക്കുന്നത് മന്ത്രിമാർ കേൾക്കുന്നില്ല. നവ കേരള സദസിൽ അത് കേൾക്കാനുള്ള സൗകര്യം ഉണ്ടായില്ല. അവിടെ പൗരപ്രമുഖരാണ് രാവിലെ തന്നെ എത്തിയത്. വിഭവസമൃദ്ധമായ പ്രാതൽകഴിച്ചപ്പോൾ അത് പൊതുപണമാണെന്ന് ആരും ഓർത്തില്ല. നവ കേരള സദസ്സിലേക്ക് കാരവൻ ബസും പിന്നാലെ മന്ത്രിമാരുടെ കാറുകളും പിന്നെ ഉദ്യോഗസ്ഥരുടെ കാറുകളും പിന്നെ പോലീസ് ഉദ്യോഗസ്ഥരുടെ വാഹനങ്ങളും നിരനിരയായി നീങ്ങുന്നത് കാണാൻ എന്തു രസമായിരുന്നു. അപ്പോളൊന്നും ഒരു മന്ത്രിയും ഓർത്തില്ല, ഈ പാച്ചിൽ പൊതുപണം ഉപയോഗിച്ചാണെന്ന്.

നമുക്ക് സാധാരണക്കാരുടെ ചോദ്യങ്ങളിലേക്ക് വരാം. ഈ കൊച്ചു കേരളത്തിൽ എത്ര മന്ത്രിമാർ വേണം? എത്ര ഉയർന്ന ഉദ്യോഗസ്ഥർ വേണം? ഇവരൊക്കെ എത്ര സർക്കാർ വാഹനങ്ങളാണ് ഉപയോഗിക്കുന്നത്? ഒരു സ്ഥലത്തേക്ക് പോകുമ്പോൾ നാലഞ്ചു മന്ത്രിമാർക്ക് ഒരുമിച്ച് ഒരു വാഹനത്തിൽ പോയാൽ ധൂർത്തടി കുറയില്ലേ? മന്ത്രിമാർക്ക് തൊട്ടുകൂടായ്മ ഉള്ളതുകൊണ്ടാണോ ഒരു മന്ത്രി മറ്റൊരു മന്ത്രിയെ തന്റെ കാറിൽ കയറ്റാത്തത്? മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അടക്കം എത്ര ജീവനക്കാരെയാണ് പെൻഷൻ ആനുകൂല്യത്തോടെ നിയമിക്കുന്നത്? സാമ്പത്തിക പ്രതിസന്ധിയിൽ മുങ്ങിത്താഴുന്ന കേരളത്തിൽ എന്തുകൊണ്ടാണ് മന്ത്രിമാരും ഉദ്യോഗസ്ഥരും നേതാക്കളും ധൂർത്തും ആഡംബരവും കുറയ്ക്കാത്തത്? സ്വീഡനിലെ യൂറോപ്യൻ കമ്മീഷണർ എൽവ സഞ്ചരിക്കുന്നതുപോലെ ഇവിടുത്തെ മന്ത്രിമാരും ഉദ്യോഗസ്ഥരും അല്പം പണിയെടുത്ത ശേഷം പൊതു ഗതാഗത സംവിധാനത്തെ ഉപയോഗിക്കാത്തത് എന്തുകൊണ്ടാണ്?

സർക്കാർ മേഖലയിലോ മറ്റിടങ്ങളിലോ ഭൂരിഭാഗം പേരും ജോലിക്കു വരുന്നത് സ്വന്തം ചിലവിലാണ്. ശമ്പളത്തിൽനിന്നുതന്നെ അത് ചിലവാക്കുന്നു. ഉന്നത സർക്കാർ ജീവനക്കാർക്ക് എന്തിനാണ് സർക്കാർ വാഹനങ്ങളും ഡ്രൈവർമാരും? ഉന്നതശമ്പളം പറ്റുന്നവരാണ് അവർ. അത്രയൊന്നും ശമ്പളമില്ലാത്ത കീഴ്ജീവനക്കാർ സ്വന്തം ചിലവിലല്ലേ വരുന്നത്. ഓഫീസിൽ വരാനും ഓഫീസ് കാര്യങ്ങൾക്കു പോകാനും അവർക്ക് എന്തിനാണ് മുന്തിയ ഇനം വാഹനങ്ങൾ? വാഹനം വേണമെങ്കിൽതന്നെ അധികം വിലയില്ലാത്ത വാഹനങ്ങൾ പോരേ?

ഇപ്പോൾ കേരളം എന്തുകൊണ്ടാണ് കടക്കണിയിലായതെന്ന് സാധാരണക്കാർക്ക് മനസിലാവും. എന്തുകൊണ്ടാണ് ഇവിടെ വികസന പ്രവർത്തനങ്ങൾക്ക് പണമില്ലാത്തതെന്ന്, സർക്കാർ ആശുപത്രികളിൽ മരുന്നില്ലാത്തതെന്ന് മനസ്സിലാകും. എന്തുകൊണ്ടാണ് പാവങ്ങൾക്ക് ചികിത്സാനുകൂല്യം ലഭിക്കാത്തതെന്ന്, നിരവധി സ്ഥാപനങ്ങളിൽ മാസങ്ങളായി ശമ്പളം മുടങ്ങുന്നതെന്ന് ബോധ്യമാകും, നിരവധി പേർക്ക് കുടിശിക ലഭിക്കാത്തതും കരാറുകാർക്ക് കോടികൾ മുടങ്ങുന്നതും ഉച്ചക്കഞ്ഞിക്ക് അധ്യാപകർ സ്വന്തം പോക്കറ്റ് തപ്പുന്നതും കാൻസർ രോഗികളും എൻഡോസൾഫാൻ ഇരകളും വേദനതിന്നു കഴിയേണ്ടി വരുന്നതും രോഗികളായ പെൻഷൻകാർ നക്ഷത്രമെണ്ണേണ്ടി വരുന്നതും എന്തുകൊണ്ടാണെന്ന് മനസ്സിലാവും.

സാധാരണക്കാരിൽ സാധാരണക്കാരിയും പിച്ചച്ചട്ടിയുമായി തെരുവിലിറങ്ങുകയും ചെയ്ത അടിമാലിയിലെ മറിയക്കുട്ടി പറഞ്ഞ വാക്കുകൾ ആരും കേട്ടതായി നടിച്ചില്ല. സർക്കാരിന്റെ ധൂർത്ത് അവസാനിപ്പിച്ചാൽ മാത്രം ക്ഷേമപെൻഷൻ മുടങ്ങാതെ കൊടുക്കാൻ ആകുമെന്നാണ് മറിയിക്കുട്ടി പറഞ്ഞത്.

മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ചീഫ് വിപ്പിനുംകൂടി ഇവിടെ 362 പേഴ്സണൽ സ്റ്റാഫുണ്ട്. നാലിലൊന്ന് പേഴ്സണൽ സ്റ്റാഫ് പോലും ആവശ്യമില്ലെന്ന് ആരും ഗൗനിക്കുന്നില്ല. കണ്ണടച്ചു പൂച്ച പാല് കുടിക്കുന്നത് പോലെ ഇക്കാര്യത്തിൽ പ്രതിപക്ഷത്തിനും മൗനം. കാരണം പേഴ്സണൽ സ്റ്റാഫിൽ പ്രതിപക്ഷത്തു നിന്നുള്ളവരും ഉണ്ട്. ഗസറ്റഡ് തസ്തികയിൽ 1.60 ലക്ഷം വരെ ശമ്പളവും കനത്ത അധികാരവും ഉള്ള പേഴ്സണൽ സ്റ്റാഫ് ജോലിക്ക് പ്രത്യേക വിദ്യാഭ്യാസ യോഗ്യത നിർണയിച്ചിട്ടില്ല. ശമ്പളത്തിന് പുറമേ ബത്തകൾ. മന്ത്രിമാരുടെ സ്റ്റാഫിന് രണ്ടു വർഷത്തെ സേവനത്തിനുശേഷം ആജീവനാന്തം പെൻഷൻ എന്ന മഹാത്ഭുതം ലോകത്ത് കേരളത്തിൽ മാത്രമേ കാണൂ. ആർക്കും പരാതിയില്ല, കാരണം ഇതൊക്കെ പൊതു ഖജനാവിൽ നിന്നാണ്. അതായത് എല്ലാവരും കൊടുക്കുന്ന നികുതിയിൽ നിന്ന്. ഏറ്റവും വലിയ തമാശ ഒരു പണിയുമില്ലാത്ത ചീഫ് വിപ്പിനുപോലും പേഴ്സണൽ സ്റ്റാഫ്. നനഞ്ഞയിടം കുഴിക്കുക എന്ന പ്രവചനം അങ്ങനെ പൂർത്തിയാകാൻ വേണ്ടിയാണിത്. പണിയെടുക്കാതെ പണം പറ്റുന്ന മാർഗമായി മാറി രാഷ്ട്രീയം.

പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളത്തിന് മാസം 1.42 കോടി വേണം. അവർക്കും പോലീസിനും ഒന്നാം തീയതി തന്നെ ശമ്പളം കിട്ടും. മറ്റുള്ളവർക്ക് എപ്പോഴെങ്കിലും കിട്ടും. രണ്ടു മന്ത്രിമാരെ ഈയിടെമാറ്റിയപ്പോൾ അവരുടെ 27 പേഴ്സണൽ സ്റ്റാഫിന് അജീവനാന്തം പെൻഷൻ ഉറപ്പായി. പലപ്പോഴും മന്ത്രിമാരുടെ സ്റ്റാഫ് രണ്ടുവർഷം പൂർത്തിയാകുമ്പോൾ രാജിവെപ്പിച്ച് പുതിയ ആളുകളെ നിയമിച്ച് സോഷ്യലിസം നടപ്പാക്കും. പൊതുപണം അടിച്ചെടുക്കുന്നതിൽ ആർക്കും വിഷമമില്ല, മനസ്സാക്ഷിക്കുത്തില്ല, നാണക്കേടില്ല. അതിന്റെ പേരാണല്ലോ രാഷ്ട്രീയം!

ഇങ്ങനെ ഒരു വഴിക്ക് ഖജനാവ് പൊട്ടിയൊലിക്കുമ്പോൾ മറുവശത്ത് കടമെടുത്തു കേരളത്തെ പാപ്പരാക്കുന്നു. അതിന്റെ പലിശ കൊടുത്തുകഴിയുമ്പോൾ കലത്തിൽ ഒന്നോ രണ്ടോ വെളുത്ത വറ്റു കാണും. അപ്പോൾ ഓരോരോ ആഘോഷ പരിപാടികൾ വരും. മുഖ്യമന്ത്രിയുടെ ഓണാഘോഷം, മുഖ്യമന്ത്രിയുടെ ക്രിസ്മസ് ആഘോഷം, ഉപദേശകന്മാർക്ക് എസി മാറ്റിവയ്ക്കൽ, ക്ലിഫ് ഹൗസിൽ ചാണകക്കുഴി കുഴിക്കൽ, നീന്തൽകുളം ഉണ്ടാക്കൽ, തൊഴുത്തു കെട്ടൽ, അലങ്കാരത്തിന് ഹെലികോപ്റ്റർ വാടകയ്ക്ക് എടുക്കൽ, ഫോഴ്സ് കുറഞ്ഞെന്ന് പറഞ്ഞു പുതിയ വാട്ടർ ടാങ്ക് കെട്ടൽ. അങ്ങനെ പലതുള്ളി പെരുവെള്ളം കടലിലേക്ക്. ഒരു മന്ത്രി രണ്ടു വർഷത്തിനുള്ളിൽ എട്ടു തവണയാണ് കാറിന്റെ ടയർ മാറിയത്! എല്ലാം പൊതു ഖജനാവിൽ നിന്നാണ്. ആരുടെയും വീട്ടിൽ നിന്നോ പാർട്ടി ഫണ്ടിൽ നിന്നോ അല്ല. ഇതിൽ നിന്നൊക്കെ ശ്രദ്ധ തിരിക്കാൻ മാങ്കൂട്ടത്തിന്റെ അറസ്റ്റ് പോലെ ഓരോ വിവാദങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കും. അപ്പോൾ സഹകരണ ബാങ്കിലെ അഴിമതിയും മാസപ്പടിയും സ്വർണക്കള്ളക്കടത്തും ഗൺമാന്മാർ സമരക്കാരെ തലക്കടിച്ചു പൊട്ടിച്ച് രക്ഷാപ്രവർത്തനം നടത്തുന്നതും എല്ലാം മറക്കും. അങ്ങനെ നവകേരളം പിറക്കും!


കടക്കെണിയിൽ കുഴങ്ങുന്ന ലാറ്റിൻഅമേരിക്കൻ രാജ്യമായ ചിലിയിൽ യുവ പ്രസിഡണ്ട് ഗബ്രിയേൽ ബോറിക് ഇപ്പോൾ പുതിയ സാമ്പത്തിക പരീക്ഷണത്തിന് ഇറങ്ങിയിരിക്കുകയാണ്. സാമ്പത്തിക അസമത്വം കുറയ്ക്കാനും ദാരിദ്ര്യം ഇല്ലാതാക്കാനുമാണ് ബോറിക്കിന്റെ പടപ്പുറപ്പാട്. അതിന് അദ്ദേഹം കണ്ടെത്തിയിരിക്കുന്ന മാർഗം സാമ്പത്തിക ജാഗ്രതയും അച്ചടക്കവുമാണ്. നിർഭാഗ്യവശാൽ നമുക്കില്ലാത്തതും ഈ ജാഗ്രതയാണ്. ഗബ്രിയേൽ ബോറിക് നീണാൾ വാഴട്ടെ!


***അനുബന്ധം:*** കഴിഞ്ഞവർഷത്തെ ഓണാഘോഷത്തിന് സർക്കാർ ചെലവാക്കിയത് പത്തു കോടി എന്ന കണക്ക് പുറത്ത്. കാണം വിറ്റും ഓണം ഉണ്ണണമെന്ന പ്രവചനം അങ്ങനെ നിറവേറി. ശുഭം.






























## ‘കുരിശും കുഞ്ഞാടും’ കുരിശിന്റെ വഴി പ്രാർത്ഥന

**രചന:**
**റവ. ഫാ. ജോർജ് തേർമഠം**

തൃശൂർ: റവ. ഫാ. ജോർജ് തേർമഠം രചിച്ച ‘കുരിശും കുഞ്ഞാടും’ എന്ന കുരിശിന്റെ വഴി ഹൃദയസ്പർശിയായ ഗാനങ്ങൾകൊണ്ടും ആത്മീയ ചൈതന്യം പകർന്നു നൽകുന്ന പ്രാർത്ഥനകൾകൊണ്ടും സമ്പന്നമാണ്. പൗരോഹിത്യ ജീവിതത്തിന്റെ സുവർണജൂബിലിയോടനുബന്ധിച്ചാണ് ‘കുരിശും കുഞ്ഞാടും’ എന്ന പ്രാർത്ഥന പുസ്തകം എഴുത്തുകാരൻ കൂടിയായ ഫാ. ജോർജ് തേർമഠം ഒരുക്കിയിട്ടുള്ളത്. അമ്പതാണ്ട് ക്രൂശിതനായ ദൈവത്തിനു പിറകെ പോയപ്പോൾ സ്വയം നടന്നുതീർക്കേണ്ടി വന്ന കുരിശിന്റെ വഴിയുടെ ആവിഷ്കാരമാണ് ഈ വരികൾ. ഈ പുസ്തകത്തിൽ രക്ഷാകര ചരിത്രത്തിന്റെ ദൈവശാസ്ത്രം സമ്പന്നമാണ്. ഇതിന്റെ സംഗീതവും ആലാപനവും നിർവഹിച്ചിരിക്കുന്നത് കെ. എൽ. ആന്റണി പള്ളിക്കുന്നത്താണ്. ഡിബിസിഎൽസിയിലും പുത്തൻപള്ളി ബുക്ക് സ്റ്റാളിലും കോപ്പികൾ ലഭ്യമാണ്. ഗാനങ്ങളും കരോക്കെയും ലഭിക്കാൻ: 9526010456




## ‘കുരിശിന്റെ വഴി കൂദാശാ ജീവിതത്തിൽ’

**രചന:**
**റവ. ഡോ. ജോൺ മൂലൻ**

തൃശൂർ: റവ. ഡോ. ജോൺ മൂലൻ തയ്യാറാക്കിയ കുരിശിന്റെ വഴി കൂദാശ ജീവിതത്തിൽ എന്ന പ്രാർത്ഥന പുസ്തകം നോമ്പുകാല ധ്യാനത്തിന് ചൈതന്യം പകരും. 14 സ്ഥലങ്ങളിലെ വിചിന്തനങ്ങളും പ്രാർത്ഥനകളും പഴയ നിയമപ്രതീകങ്ങളും കുരിശിന്റെ വഴിയിൽ പുതിയ അനുഭവമാണ്. വലിയ നോമ്പുകാലത്ത് കുടുംബങ്ങളിലും ദൈവാലയങ്ങളിലും ഈശോയുടെ പീഡാനുഭവ മരണോത്ഥാനങ്ങളെക്കുറിച്ച് ധ്യാനിക്കാൻ ഈ പ്രാർത്ഥന ഉപകരിക്കും. പ്രവർത്തനങ്ങളോടൊപ്പം ഗാനങ്ങളും ധ്യാനസന്ദേശങ്ങളും ഈ പുസ്തകത്തിലുണ്ട്. മാമ്മോദീസാ മുതൽ രോഗിലേപനം വരെയുള്ള ഏഴ് കൂദാശകളെ കുരിശിന്റെ വഴിയിലുടനീളം ക്രമാനുഗതമായി ബന്ധിപ്പിച്ചാണ് ഈ സംഗീത ആൽബം തയ്യാറാക്കിയിരിക്കുന്നത്. ഔസേപ്പച്ചന്റെ ഈണത്തിൽ ഹൃദയസ്പർശിയായ 16 ഗാനങ്ങൾ ഇതിൽ ഒരുക്കിയിട്ടുണ്ട്. ഔസേപ്പച്ചനും അമൽ ആന്റണിയും ഗാനങ്ങൾ ആലപിച്ചിരിക്കുന്നു ഡിബിസിഎൽസിയിലും പുത്തൻപള്ളി ബുക്ക് സ്റ്റാളിലും കോപ്പികൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് റവ. ഡോ. ജോൺ മൂലൻ 9846023946




## 5 വിശുദ്ധരെക്കുറിച്ച് സംഗീത ആൽബം

**രചന: ജോയ് ചിറമേൽ**

തൃശൂർ: അഞ്ചു വിശുദ്ധരെ കുറിച്ചുള്ള ‘കാവൽ മാലാഖമാരെ’ എന്ന സംഗീത ആൽബത്തിന്റെ യൂട്യൂബ് റിലീസ് മേരി മാതാ മേജർ സെമിനാരിയിലെ തിയോളജി ഡീൻ റവ. ഡോ. പോൾ പുളിക്കൻ നിർവഹിച്ചു. സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ ജോയ് ചിറമ്മേലിന്റെ ‘അറനാട് അരനാട് ഒരുനാട്’ എന്ന പുസ്തകത്തിന്റെ പ്രകാശനത്തോടനുബന്ധിച്ചുള്ള സാഹിത്യ സംഗീത സമ്മേളനത്തിലായിരുന്നു നിർവഹണം. ഈ പ്രാർത്ഥനാഗീതം പാടിയിരിക്കുന്നത് അനുഗ്രഹ റാഫിയും ഫാ. ആൻജോ പുത്തൂർ സിഎംഐയും ചേർന്നാണ്. ജോൺ കൊക്കൻ സംഗീതവും പി. ഡി. തോമസ് പശ്ചാത്തല സംഗീതവും ഒരുക്കിയിരിക്കുന്നു. ‘ചിത്ര ഗാന സൗരഭം’ എന്ന യൂട്യൂബ് ചാനലിൽ വീഡിയോ കാണാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9446019657

## കാരുണ്യ പ്രവർത്തനങ്ങളുമായി സെർവന്റ്സ് ഓഫ് ഗോഡ്

തൃശൂർ: നിർധന രോഗികൾക്ക് അവശ്യവസ്തുക്കൾ നൽകി സെർവന്റ്സ് ഓഫ് ഗോഡ് സംഘടന പുതുവർഷം ആഘോഷിച്ചു. അതിരൂപത ഫിനാൻസ് ഓഫീസർ ഫാ. വർഗീസ് കൂത്തൂർ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി മേയർ എം.എൽ. റോസി അധ്യക്ഷത വഹിച്ചു. ഫാ. പോൾ ചാലിശേരി, കൗൺസിലർമാരായ ലീല വർഗീസ്, മേഴ്സി അജി, ഡോ. പ്രവീൺ, പ്രസിഡന്റ് ജോസ് നിലയാറ്റിങ്കൽ എന്നിവർ പ്രസംഗിച്ചു. കിടപ്പുരോഗികൾക്ക് കട്ടിൽ, കിടക്ക, വീൽചെയർ, വോക്കിങ് സ്റ്റിക്ക് എന്നിവയും 200 കുടുംബങ്ങൾക്ക് നിത്യോപയോഗ വസ്തുക്കൾ അടങ്ങിയ കിറ്റുകളും വിതരണം ചെയ്തു



*സെർവന്റ്സ് ഓഫ് ഗോഡ് സംഘടനയുടെ പുതുവർഷ ദിനാഘോഷം ഫാ. വർഗീസ് കൂത്തൂർ ഉദ്ഘാടനം ചെയ്യുന്നു*

## സമുദായ ജാഗ്രതാ സമ്മേളനം ഫെബ്രുവരി 25 ന്

തൃശൂർ: സമുദായ ജാഗ്രതാ സമ്മേളനം ഫെബ്രുവരി 25ന് ഞായറാഴ്ച ഉച്ചക്കഴിഞ്ഞ് 2ന് സെന്റ് തോമസ് കോളജിലെ മാർ കുണ്ടുകുളം നഗറിൽ ചേരും. സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാരും സമുദായ നേതാക്കളും ഇടവക പ്രതിനിധികളും പങ്കെടുക്കും.

## ന്യൂനപക്ഷ കമ്മീഷൻ ജില്ലാ സെമിനാർ

തൃശൂർ: സംസ്ഥാന ന്യൂനപക്ഷകമ്മീഷൻ ജില്ലാ സെമിനാർ തൃശൂർ സെന്റ് മേരീസ് കോളജിൽ നടത്തി. റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ സെമിനാർ ഉദ്ഘാടനം ചെയ്തു. മത ന്യൂനപക്ഷ വിഭാഗങ്ങളെ പരസ്യമായി ആക്രമിക്കാൻ പലരും ശ്രമിക്കുന്നുണ്ട്. എന്നാൽ, അതിനെ ചെറുത്തു നിൽക്കുന്ന സംസ്കാരമാണ് കേരളത്തിലുള്ളതെന്ന് മന്ത്രി പറഞ്ഞു. ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ എ. എ. റഷീദ് അദ്ധ്യക്ഷത വഹിച്ചു.

ഡെപ്യൂട്ടി കളക്ടർ എം. സി. റെജിൽ, ന്യൂനപക്ഷ കമ്മീഷൻ അംഗം എ. സൈഫുദ്ദീൻ, സംഘാടക സമിതി ചെയർമാൻ എ. എം. ഹാരിസ്, കൺവീനർ ഫാ. നൗജിൻ വിതയത്തിൽ, തൃശൂർ അതിരൂപതയെ പ്രതിനിധീകരിച്ച് ഫാ. വർഗീസ് കൂത്തൂർ, റവ. ഡോ. ഡെന്നി താണിക്കൽ, ജോഷി വടക്കൻ, റോണി അഗസ്റ്റിൻ, ജോമി ജോൺസൺ തുടങ്ങിയവർ പങ്കെടുത്തു.



*കോഴിക്കോട് നടന്ന ഭിന്നശേഷി സംസ്ഥാനതല അവാർഡ് വിതരണ ചടങ്ങിൽ ഏറ്റവും മികച്ച സ്ഥാപനത്തിനുള്ള സംസ്ഥാന അവാർഡ് പോപ്പ് പോൾ മേഴ്സി ഹോം ഡയറക്ടർ ഫാ. ജോൺസൻ അന്തിക്കാട്ടിനു മന്ത്രി മുഹമ്മദ് റിയാസ് നൽകുന്നു*



*തൃശൂർ അതിരൂപത സംഘടിപ്പിച്ച ‘ബോൺ നത്താലെ 2023’ ലെ രണ്ടാം കാറ്റഗറിയിൽ ഒന്നാം സ്ഥാനം നേടിയ കല്ലൂർ വെസ്റ്റ് ഹോളി മേരി റോസറി ഇടവക. 6 മുതൽ 80 വയസു വരെയുള്ള 274 പാപ്പമാരും ചലിക്കുന്ന പുൽക്കൂടും അടങ്ങുന്ന ടീമാണ് മത്സരത്തിനായി അണിഞ്ഞൊരുങ്ങിയത്. കൺവീനർമാരായ ആഷിക് തോമസ്, അജിൽ ഫ്രാൻസിസ് എന്നിവർ നേതൃത്വം നൽകി.*

# മണിപ്പൂരും തൊഴിലില്ലായ്മയും വിലക്കയറ്റവും മറന്നു ‘മോദി ഗ്യാരണ്ടി’

**സ്വന്തം ലേഖകൻ**

തൃശൂർ: ഒമ്പത് മാസമായി അക്രമം നടമാടുന്ന മണിപ്പൂരിന്റെ വേദനകൾക്ക് പരിഹാരം കാണാനാവാത്ത പ്രധാനമന്ത്രി നരേന്ദ്രമോദി തൃശൂരിൽ വന്ന് വികസനങ്ങളുടെ ഗ്യാരണ്ടി പ്രഘോഷിച്ചതിൽ വിമർശനം. കുക്കി വംശജരായ ക്രൈസ്തവരെ ഉന്മൂലനം ചെയ്തു കൊണ്ടിരിക്കുന്നതിനെ വിസ്മരിച്ചാണ് വലിയ ഉറപ്പുകളുമായി പ്രധാനമന്ത്രി തൃശൂരിൽ പ്രസംഗിച്ചതെന്നാണ് വിലയിരുത്തൽ. പ്രധാനമന്ത്രിപദം ഏറ്റെടുത്ത ശേഷം നൽകിയ നിരവധി വാഗ്ദാനങ്ങൾ ഇപ്പോഴും വെള്ളത്തിൽ വരച്ച വര പോലെയാണ്. ലോക്സഭാ തിരഞ്ഞെടുപ്പിൽ കേരളത്തിൽ അക്കൗണ്ട് തുറക്കാനുള്ള ഒരേയൊരു ലക്ഷ്യം വെച്ചാണ് പ്രധാനമന്ത്രി ഇടയ്ക്കിടെ കേരളത്തിൽ എത്തി രാഷ്ട്രീയ ഷോ കാണിക്കുന്നതെന്നാണ് നിരീക്ഷണം.

വിദേശത്ത് കള്ളപ്പണം നിക്ഷേപിച്ചതു പിടിച്ചെടുത്ത് ഓരോ ഇന്ത്യക്കാരുടെ അക്കൗണ്ടിലേക്കും 15 ലക്ഷം നിക്ഷേപിക്കുമെന്ന് മോദി നൽകിയ ഗ്യാരണ്ടിയെ കുറിച്ച് ഒരു ബിജെപി നേതാക്കളും ഇപ്പോൾ മിണ്ടുന്നില്ല. വിദേശത്തുള്ള കള്ളപ്പണം അന്വേഷിച്ച് ചെന്നപ്പോൾ കണ്ടുമുട്ടിയ പലരും തങ്ങൾക്ക് വേണ്ടപ്പെട്ടവരാണെന്ന് കണ്ടതോടെ ആ നടപടികൾ മന്ദഗതിയിലായി. 15 ലക്ഷം ഗ്യാരണ്ടി അതോടെ എങ്ങുമെത്താതായി. നോട്ട് നിരോധനത്തിന്റെ കാലത്തും മറ്റൊരു ഗ്യാരണ്ടി കേട്ടു. എല്ലാം ഉടനെ ശരിയാകുമെന്നും അല്ലെങ്കിൽ തന്നെ എന്തോ ചെയ്തുകൊള്ളാമെന്നുമായിരുന്നു ഗ്യാരണ്ടി. പെട്രോൾ വിലയ്ക്കെതിരെ പ്രതിപക്ഷത്തിരിക്കുമ്പോൾ ഘോരഘോരം പ്രസംഗിച്ചവരാണ് ബിജെപി നേതാക്കൾ. കോൺഗ്രസ് ഭരണം അവസാനിച്ചാൽ ലിറ്ററിന് 50 രൂപ നിരക്കിൽ പെട്രോൾ നൽകുമെന്നായിരുന്നു മറ്റൊരു ഗ്യാരണ്ടി. അസംസ്കൃത എണ്ണവില പകുതിയായി കുറഞ്ഞിട്ടും ഇന്ധന വില കൂട്ടി കോർപ്പറേറ്റുകളെ സന്തോഷിപ്പിച്ചതല്ലാതെ സാധാരണക്കാർക്ക് ആശ്വാസമേകാൻ കഴിഞ്ഞില്ല എന്നതാണ് യാഥാർത്ഥ്യം. അദാനി-അംബാനിമാരുമായുള്ള ചങ്ങാത്ത മുതലാളിത്തത്തിനപ്പുറം പാവപ്പെട്ടവന് ആശ്വാസമാകാതെ വിലക്കയറ്റം, തൊഴിലില്ലായ്മ എന്നിവയ്ക്ക് പുറം തിരിഞ്ഞു നിന്ന് ഉറപ്പുകൾ മാത്രം നൽകിക്കൊണ്ടിരിക്കുകയാണെന്ന് സ്വതന്ത്ര മാധ്യമങ്ങൾ കുറ്റപ്പെടുത്തുന്നുണ്ട്. കോർപറേറ്റ് മുതലാളിമാരുടെ നിരവധി മാധ്യമങ്ങൾ ഇന്നുണ്ട്. അവയെല്ലാം മോദിസ്തുതിയുടെ പാതയിലാണ്. സ്റ്റാർ ഇന്ത്യയ്ക്ക് കീഴിലുള്ള 77 ചാനലുകൾ, ഡിസ്നി പ്ലസ് ഹോട്ട് സ്റ്റാർ ഒടിടി പ്ലാറ്റ്ഫോം, വയകോം 18ൽ റിലയൻസിനുള്ള 38 ചാനലുകൾ. ജിയോ സിനിമ ഒടിടി പ്ലാറ്റ്ഫോം ഇതിനുപുറമേ അദാനിയുടെ എൻഡിടിവിപോലുള്ള ചാനലുകൾ എന്നിവയെല്ലാം മോദിയുടെ ഗ്യാരണ്ടി നിറയുന്നവയാണ്.

മണിപ്പൂർ ഇന്ത്യയുടെ ഭാഗമല്ല എന്ന തരത്തിലാണ് കേന്ദ്ര സർക്കാരിന്റെ നിലപാടുകൾ എന്ന രൂക്ഷ വിമർശനം ഉയർന്നു കഴിഞ്ഞു. ഇപ്പോഴും മണിപ്പൂരിൽ സംഘർഷം പുകയുകയാണ് അവിടെ സമാധാനം നഷ്ടപ്പെട്ടിട്ട് നാളുകൾ ഏറെയായി. സാധാരണ ജീവിതം കൊതിക്കുകയാണ് മണിപ്പൂർ ജനത. മെയ്തെയ് വിഭാഗക്കാരും തീവ്രവാദികളും മണിപ്പൂർ മലനിരകളിൽ നരനായാട്ട് തുടരുന്നു. ജനുവരി 27-ന് കുക്കി ഗ്രാമീണ വോളന്റിയറെ വെടിവച്ചു കൊന്ന മെയ്തെയ് തീവ്രവാദികൾ സേനാപതി ജില്ലയിലെ കാംങ്പോക്കിയിൽ കത്തോലിക്കാ പള്ളി ആക്രമിച്ച് അൾത്താര കത്തിക്കുകയും ബൈബിളും വിശുദ്ധ വസ്തുക്കളും എടുത്തുവച്ച് അവഹേളിക്കുകയും ചെയ്തു. ഈ മേഖലയിൽ നിന്ന് കുക്കി വിഭാഗക്കാരെ തുടച്ചുനീക്കി കോർപ്പറേറ്റുകൾക്ക് ഖനനത്തിന് അവസരം ഒരുക്കുക എന്ന ഹിഡൻ അജണ്ടയും മണിപ്പൂർ കലാപത്തിനു പിന്നിലുണ്ടെന്ന് ആരോപണമുണ്ട്. മണിപ്പൂരിനെ സ്വന്തം ജനതയായി കാണാനും അവിടെ സന്ദർശിച്ച് സമാധാനം ഉറപ്പുവരുത്താനും നടപടിയെടുക്കാതെ കേരളത്തിൽ ഇടയ്ക്കിടെ വന്നു ഗ്യാരണ്ടി പറയുന്നതിൽ എന്ത് ആത്മാർത്ഥതയാണ് ഉള്ളതെന്ന് ചോദ്യങ്ങൾ ഉയരുന്നുണ്ട്.

ആഗോള പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 111 ആണ്. 2014ൽ 55-ാം സ്ഥാനത്തായിരുന്നു ഇന്ത്യ. രാജ്യത്തെ ജനങ്ങളിൽ 15 ശതമാനം പേർ അതിദാരിദ്ര്യത്തിലാണെന്ന് നീതിആയോഗിന്റെ നാഷണൽ മൾട്ടി ഡയമെൻഷനൽ പോവർട്ടി ഇൻഡക്സ് പറയുന്നു. ഇന്ത്യയെ ലോകത്തിലെ മൂന്നാമത്തെ വൻ ശക്തിയാക്കുമെന്നാണ് ശ്രോതാക്കളെ വിസ്മയിപ്പിക്കുന്ന മോദിയുടെ മാസ്മരികമായ മറ്റൊരു ഗ്യാരണ്ടി. ദേശീയ സമ്പത്തിന്റെ 63% രാജ്യത്തെ 10% വരുന്ന സമ്പന്നരുടെ കയ്യിലാണെന്നാണ് ലോക സാമ്പത്തിക ഫോറത്തിൽ അവതരിപ്പിച്ച കണക്ക്. 2014നു ശേഷം ശതകോടീശ്വരന്മാരുടെ എണ്ണം വർദ്ധിച്ച് 166ആയി. സമ്പന്നരായ 10 ശതമാനത്തിനാണോ മോദിയുടെ യഥാർത്ഥ ഗ്യാരണ്ടി ലഭിക്കുന്നതെന്ന് വിമർശകർ ചോദിക്കുന്നുണ്ട്.

മോദി അധികാരത്തിൽ വന്നശേഷം 3.50 കോടി വീട് നിർമ്മിച്ചു നൽകി, 12 കോടി ആളുകൾക്ക് വാട്ടർ കണക്ഷൻ, 9.60 പേർക്ക് ഗ്യാസ് സിലിണ്ടറുകൾ, 11 കോടി കുടിവെള്ള കണക്ഷൻ, 11.72 കോടി ടോയ്ലറ്റുകൾ നിർമ്മിച്ചു എന്നിങ്ങനെയാണ് അവകാശവാദങ്ങൾ. പി.ആർ പരസ്യങ്ങളുടെ യാഥാർത്ഥ്യങ്ങൾ സാധാരണക്കാർ സംശയിക്കുന്നതിനു കാരണം ഇതൊക്കെ ഉണ്ടായിട്ടും പട്ടിണി സൂചികയിൽ നാം മുന്നോട്ട് പോകുന്നു, തൊഴിലില്ലായ്മയിൽ നാം കുഴങ്ങുന്നു എന്നതിന്റെ കാരണം മനസ്സിലാകാതെയാണ്. പാചകവാതക സബ്സിഡി എടുത്തു കളഞ്ഞ കാര്യമോ പാചകവാതകത്തിന്റെ വില ഇരട്ടയാക്കിയ കാര്യമോ ഈ അവകാശവാദങ്ങളിൽ പരാമർശിക്കുന്നില്ല.

ക്രൈസ്തവർക്കെതിരെ വിവിധ സംസ്ഥാനങ്ങളിൽ അക്രമം പെരുകുകയാണ്. ന്യൂനപക്ഷ വേട്ടയുടെ മറ്റൊരു രൂപമാണ് മതപരിവർത്തന നിയമവും ആൾക്കൂട്ടക്കൊലപാതകങ്ങളും. വൈദികർ വരെ ഇപ്പോൾ അറസ്റ്റിലാകുകയാണ്. ഫാ. സ്റ്റാൻ സ്വാമിയെ കള്ളക്കേസിൽ കുടുക്കി ജീവൻ തട്ടിയെടുത്തു. അദ്ദേഹത്തിന്റെ കമ്പ്യൂട്ടറിൽ ദേശദ്രോഹത്തിന്റെ കൃത്രിമ തെളിവുകൾ കുത്തിനിറച്ചു. പുറമെനിന്ന്കമ്പ്യൂട്ടർ നിയന്ത്രിക്കാവുന്ന സാങ്കേതികവിദ്യ ഉള്ളപ്പോൾ വോട്ടിംഗ് യന്ത്രങ്ങളുടെ വിശ്വാസ്യത തന്നെ വിദഗ്ധർ ചോദ്യം ചെയ്യുന്നുണ്ട്. ഇതിലൊക്കെ എന്ത് ഗ്യാരണ്ടിയാണുള്ളത് എന്ന് സാധാരണക്കാർ ചോദിക്കുന്നു.

രാജ്യത്തിന്റെ സുരക്ഷയ്ക്ക് വേണ്ടി കേന്ദ്രസർക്കാർ ശക്തമായ നടപടികൾ എടുക്കുന്നുണ്ട്. തീവ്രവാദികൾക്കെതിരായ പോരാട്ടവും ശാസ്ത്ര സാങ്കേതിക രംഗത്തും ഇന്ത്യക്ക് വലിയ നേട്ടങ്ങളുണ്ട്. ഇതൊക്കെ ശ്ലാഘനീയമാണ്. മതേതര രാജ്യമായ ഇന്ത്യയുടെ പ്രധാനമന്ത്രി ഒരു ക്ഷേത്രത്തിന്റെ കാര്യത്തിൽ കാണിക്കുന്ന അതീവ താൽപര്യവും ആഹ്വാനങ്ങളും ന്യൂനപക്ഷങ്ങളിൽ സംശയം ഉണർത്താനേ സഹായിക്കൂ. മതേതര ഇന്ത്യയെ ഹിന്ദു രാജ്യമാക്കാനുള്ള പ്രയാണത്തിലാണെന്നാണ് ഒരു വിമർശനം. ഇന്ത്യ എന്ന പേര് ബിജെപി ഉച്ചരിക്കാൻ പോലും മടിക്കുന്നതിൽ ഈ സംശയങ്ങൾ നിഴലിക്കുന്നുണ്ട്.

രാജപുരോഗതിയുടെ നേട്ടം സാധാരണക്കാരിലുമെത്താൻ ഉറപ്പുനൽകുകയാണ് പ്രധാനമന്ത്രിയുടെ പ്രസംഗത്തിൽ ഉണ്ടാകേണ്ടതെന്ന് രാഷ്ട്രീയ നിരീക്ഷകർ പറയുന്നു. അതിലാണ് യഥാർത്ഥ ഗ്യാരണ്ടിയെന്നും മറിച്ചുള്ളതെല്ലാം രാഷ്ട്രീയ തന്ത്രത്തിന്റെ ഗ്യാരണ്ടിയാണെന്നും ആണ് വിലയിരുത്തൽ.



*അതിരൂപതയിൽ നിന്നുള്ള വൈദികരുടെയും സമർപ്പിതരുടെയും മാതാപിതാക്കളുടെ സംഗമത്തിൽ നിന്ന്.*

## വൈദികരുടെയും സമർപ്പിതരുടെയും മാതാപിതാക്കളുടെ സംഗമം ‘അനുഗൃഹീതം - 2023’

തൃശൂർ: അതിരൂപതയിൽ 2023 ദൈവവിളി വർഷമായി ആചരിച്ചിന്റെ ഭാഗമായി അതിരൂപതയിൽ നിന്നുള്ള വൈദികർ, സന്യാസിനി സന്ന്യാസികൾ, മിഷനറിമാർ, സമർപ്പിതർ എന്നിവരുടെ മാതാപിതാക്കളുടെ സംഗമം ‘അനുഗൃഹീതം – 2023’ തൃശൂർ വ്യാകുലമാതാവിൻ ബസലിക്കയിൽ വച്ച് നടത്തി. തൃശൂർ അതിരൂപതയിലെ മാതൃവേദിയുടെയും പിതൃവേദിയുടെയും ആഭിമുഖ്യത്തിലാണ് സംഗമം നടന്നത്. ഫാ. ഡേവീസ് പട്ടത്ത് സിഎംഐ അനുഗ്രഹ പ്രഭാഷണം നടത്തി. ബിഷപ് മാർ ടോണി നീലങ്കാവിലിന്റെ കാർമികത്വത്തിൽ ദിവ്യബലി ഉണ്ടായിരുന്നു. പൊതുസമ്മേളനം ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. സ്നേഹവിരുന്നും പിതാക്കൻമാരോടൊപ്പമുള്ള ഫോട്ടോ സെഷനും ഉണ്ടായിരുന്നു.



*പറപ്പൂർ സെന്റ് ജോൺസ് സ്കൂളിന്റെ ജൂബിലി ആഘോഷം ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്നു*

## പറപ്പൂർ: ജൂബിലി ആഘോഷം

പറപ്പൂർ: സെന്റ് ജോൺസ് സ്കൂളിന്റെ എൽ.പി. വിഭാഗത്തിന്റെ 150-ാം വാർഷികവും ഹൈസ്കൂൾ വിഭാഗത്തിന്റെ 100-ാം വാർഷികവും ആഘോഷിച്ചു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. സെബി പുത്തൂർ അധ്യക്ഷത വഹിച്ചു. അധ്യാപക രക്ഷാകർത്തൃദിനവും, വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പും സമാപന സമ്മേളനത്തോടൊപ്പം സ്കൂൾ അങ്കണത്തിൽവച്ച് നടത്തി. സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ സ്മരണിക പ്രകാശനം നിർവഹിച്ചു. വിരമിക്കുന്ന അധ്യാപകരുടെ ഫോട്ടോ അനാച്ഛാദനം കോർപ്പറേറ്റ് മാനേജർ ഫാ. ജോയ് അടമ്പുകുളം നിർവഹിച്ചു.







Printed and Published by Fr. Davis Thekkekara on behalf of Catholicasabha Magazine Fund, Catholic Information Centre, Pastoral Centre, Thrissur- 680 005, and Printed at Rashtra Deepika Ltd, Vadavathoor, Kottayam for Cochin Printech, Eloor, Udyogamandal.P.O, 683501 and Published at Pastoral Centre, Thrissur - 680 005. Managing Editor- Fr. Raphael Akkamattathil.* Editor - Fr. Paul Peramangalath, Marketing Director: Fr.Antony Ammuthan * Responsible for selection of news under PRB Act.